# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 സെപ്റ്റംബർ 22 | ദീപം 55 | നാളം 28 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കടമെടുത്തു കാര്യം നടത്തി എത്രകാലം?



റ്റി.സി. മാത്യു

ആശ്വസിക്കാം, ട്രഷറി അടച്ചിട്ടില്ല. പക്ഷേ, അടച്ചതിനു സമമാകും കാര്യങ്ങൾ. വിഷയം കേരളത്തിന്റെ ധനനിലയാണ്. പ്രതീക്ഷിച്ച വരുമാനമില്ല. ചെലവ് നേരത്തേ കണക്കാക്കിയതിലും കൂടുതലായി. എങ്ങനെ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകും? ധനമന്ത്രി കെ.എൻ. ബാലഗോപാൽ ഉത്തരം കിട്ടാതെ വിഷമിക്കുന്നു. കുറ്റം മുഴുവൻ അദ്ദേഹത്തിന്റേതാണെന്നു പറയാനാവില്ല. ഈ സമയത്ത് ആരു ധനമന്ത്രിയായിരുന്നാലും ഇതുതന്നെ ഗതി.

### വലിയ വിടവ്

പ്രശ്നം അപഗ്രഥിച്ചുനോക്കുക. കേരളത്തിന്റെ ബജറ്റിൽ പ്രതീക്ഷിച്ചതിൽ 23,000 കോടി രൂപയുടെ കുറവുണ്ടാകും എന്നു ഗവൺമെന്റ് പറയുന്നു. കേന്ദ്രത്തിൽനിന്നു കിട്ടേണ്ടതും കേന്ദ്രാനുമതി ആവശ്യമുള്ളതുമായ തുകകൾ ചേർന്നാണിത്. മൊത്തം 1,73,582 കോടി രൂപ ചെലവു കണക്കാക്കുന്നതാണു ബജറ്റ്. ഇതിൽ 23,000 കോടി കുറയുമ്പോൾ പരിഹാരം എളുപ്പമല്ല. കുറവ് വരുന്നത് മൂന്നു കാര്യങ്ങളിലാണ് എന്നു മന്ത്രി പറയുന്നു. ഒന്ന്: റവന്യുക്കമ്മി നികത്താൻ പതിനഞ്ചാം ധനക്കമ്മീഷന്റെ അവാർഡുപ്രകാരം തന്നിരുന്ന തുകയിൽ 7000 കോടി രൂപ കേന്ദ്രം കുറച്ചു. രണ്ട്: ജിഎസ്ടി നഷ്ടപരിഹാരം ജൂലൈ മുതൽ നിർത്തി. ഇതുവഴി വരാവുന്ന നഷ്ടം 12,000-ൽപരം കോടി. മൂന്ന്: കേരളത്തിനു വായ്പ എടുക്കാവുന്ന തുകയിൽ 3578 കോടി രൂപ വെട്ടിക്കുറച്ചു. കഷ്ടം തന്നെ എന്നുതോന്നാം. പക്ഷേ, അങ്ങനെയാണോ?

### എന്താണു യാഥാർത്ഥ്യം?

റവന്യുക്കമ്മി ഗ്രാന്റിനത്തിൽ കേരള ബജറ്റ് ഇത്തവണ പ്രതീക്ഷിച്ചത് 15,932 കോടി രൂപ. ധനക്കമ്മീഷൻ കേരളത്തിന് അവാർഡ് ചെയ്തത് 13,174 കോടി രൂപ. സെപ്റ്റംബർവരെ റിലീസ് ചെയ്തത് 6587 കോടി. ബാക്കി ക്രമേണ കിട്ടും. 7000 കോടി നഷ്ടമില്ല. ബജറ്റ് പ്രതീക്ഷയിൽനിന്നു കുറവു വരുന്നത് 2758 കോടി രൂപ മാത്രം. ജിഎസ്ടി നഷ്ടപരിഹാരം ജൂൺ 30 വരെ എന്നതു മുമ്പേ പ്രഖ്യാപിച്ചിരുന്നതാണ്. നഷ്ടപരിഹാരം നിർത്തരുത്, നീട്ടിത്തരണം എന്നു കേരളമടക്കം പല സംസ്ഥാനങ്ങളും കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. അതു സമ്മതിച്ചില്ല. ഈയിനത്തിൽ കേരളം ബജറ്റിൽ പ്രതീക്ഷിച്ചത് 5273 കോടി മാത്രം. അതിനടുത്ത തുക കിട്ടിയിട്ടുണ്ട്. 12,000 കോടിയുടെ നഷ്ടക്കണക്ക് നമ്മൾ ആവശ്യപ്പെട്ട തുകയുടെ കണക്കാണ്. അതായത് നിയമസഭ പാസാക്കിയ ബജറ്റിലെ കണക്കിൽനിന്നുള്ള കുറവല്ല.



### രാഷ്ട്രീയക്കളിയും

പിന്നെയുള്ളതു കടമെടുപ്പ്. അതിൽ ബജറ്റ് പ്രതീക്ഷയും കണക്കും തെറ്റി. അതിനുകാരണം രാഷ്ട്രീയം. കേരളം കിഫ്ബി എന്ന സംവിധാനമുപയോഗിച്ചു വാങ്ങുന്ന വായ്പയെ ബജറ്റിലെ വായ്പപോലെ കണക്കാക്കാൻ കേന്ദ്രം തീരുമാനിച്ചു. കേന്ദ്രത്തിന്റെ നാഷണൽ ഹൈവേ അഥോറിറ്റിയും മറ്റും വാങ്ങുന്ന വലിയ വായ്പകൾ ബജറ്റിൽപ്പെടുത്താറില്ല. പക്ഷേ, അതേ സമീപനം കിഫ്ബിയോടു പറ്റില്ലെന്ന കേന്ദ്ര നിലപാടിൽ ഉള്ളതു രാഷ്ട്രീയംതന്നെ.

ഏതായാലും കിഫ്ബി വായ്പ ബജറ്റ് ബാധ്യതയിൽപ്പെടുത്തിയപ്പോൾ 14,000 കോടി രൂപ ആയിനത്തിൽ വന്നു. അത് ഒറ്റയടിക്കു സഹിക്കാൻ പറഞ്ഞില്ല. ഈ വർഷം കേരളത്തിന് എടുക്കാവുന്ന വായ്പയുടെ പരിധിയിൽ 3578 കോടി രൂപ കുറച്ചു. അത്രയും തുക ഇക്കൊല്ലം എടുക്കാവുന്ന വായ്പയിൽ കുറയും.

▶ 8

# മറക്കരുത്, കടലിന്റെ മക്കൾക്കു കാവലുണ്ട്!



ജോസ് വഴുതനപ്പിള്ളി

പരമ്പരാഗതമായി മീൻപിടിത്തത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ തെക്കൻതീരദേശവാസികൾ അവരുടെ ജീവിതവും തൊഴിലും പ്രതിസന്ധിയിലാക്കുന്ന ഒരു തീരാവ്യഥയിൽ എത്തിനിൽക്കുന്നു. അവർ ഇന്ന് സമരത്തിന്റെ പാതയിലാണ്. എന്തിനുവേണ്ടി? ഒന്നും വെട്ടിപ്പിടിക്കാനല്ല; പിന്നെയോ, സ്വന്തം നിലനില്പിനുവേണ്ടിമാത്രമാണവർ കേഴുന്നതും പോരാടുന്നതും. കടൽനികത്തലും കടലിന്റേതന്നെ അടിത്തറ ഇളക്കുന്നതുമായ യന്ത്രവത്കൃതഡ്രഡ്ജിങ് ഒരു കാളകൂടസർപ്പത്തെപ്പോലെ അവരുടെ ജീവിതങ്ങളെ വരിഞ്ഞുമുറുക്കുകയാണ്. വലിയവെളിവരെ വൻതോതിൽ തീരശോഷണം സംഭവിച്ചിരിക്കുന്നു, ധാരാളം വീടുകൾ നിലംപരിശായിരിക്കുന്നു, മത്സ്യബന്ധനം തടസ്സപ്പെടുന്നു. അങ്ങനെ ജീവിതമാർഗംതന്നെ വഴിയടഞ്ഞിരിക്കുന്നു. കൊല്ലംകോട് പരുത്തിയൂരിലെ ധാരാളം വീടുകൾ കടൽ സ്വന്തം മടിയിലേക്കെടുത്തു. തഴമ്പിള്ളി, പൂന്തുറ, അഞ്ചുതെങ്ങ്, മാമ്പള്ളി ഇവിടെയെല്ലാം വീടുകൾ കടലെടുത്തു.



ഇതെല്ലാം സംഭവിച്ചാലും എല്ലാം മൗനമായി നോക്കിനിൽക്കണം തീരദേശവാസികൾ എന്നു പറയുന്നതിൽ എന്തു ന്യായമാണുള്ളത്? അവിടത്തെ പള്ളികളിലുള്ള വൈദികർ അതുകൊണ്ടാണ് ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വാദിക്കാൻ മുമ്പോട്ടുവന്നിട്ടുള്ളത്.

### ഗോത്രനേതാക്കന്മാരുടെ ഇടപെടൽ

മണ്ണിന്റെ മക്കൾക്ക്, പരമ്പരാഗത തൊഴിൽ ചെയ്തു ജീവിക്കുന്ന പ്രദേശവാസികൾക്ക് എന്നും ജീവൽപ്രശ്നങ്ങളുണ്ട്. പ്രശ്നങ്ങളുടെ തീവ്രത ഏറിയും കുറഞ്ഞുമിരിക്കും എന്നു മാത്രം. ഉദാഹരണത്തിന്, ചൈനയിലെ സ്കിൻജിയാങ് പ്രദേശത്ത് ഒരു കോടിയോളം വരുന്ന ഉയിഗുർസ് ഗോത്രത്തിൽപ്പെട്ട പ്രത്യേക വംശജർ വസിക്കുന്നു. അവർ ചൈനാഗവൺമെന്റിന്റെ ഒട്ടേറെ സാമൂഹികവും മതപരവുമായ വിവേചനനയങ്ങൾക്ക് അടിമകളാണ്. രാഷ്ട്രീയ പുനർവിദ്യാഭ്യാസക്യാമ്പുകളിലേക്ക് അവരെ നിർബന്ധമായി തള്ളിവിടുന്നു എന്നാണ് യുഎൻ നിരീക്ഷകരുടെ അഭിപ്രായം. 71 വർഷമായി അവർ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കാൻ ശ്രമിക്കുകയാണ്. കഴിഞ്ഞ ഏഴു വർഷങ്ങളായി ഇവരിൽ പലരും കോൺസെൻട്രേഷൻ ക്യാമ്പുകളിലും ജയിലറകളിലും ലേബർ ക്യാമ്പുകളിലുമാണ്.

▶ 12



# ദീപനാളം
# സാഹിത്യോത്സവം

**ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ – ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കായി അഖിലകേരളാടിസ്ഥാനത്തിൽ സാഹിത്യരചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു.**

**ഉപന്യാസം, ചെറുകഥ, കവിത, ചിത്രരചന എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ.**

## പൊതുനിബന്ധനകൾ

- രണ്ടു ഘട്ടങ്ങളിലായാണ് മത്സരം. ആദ്യഘട്ടത്തിൽ കാലികപ്രാധാന്യമുള്ള ഏതു സാമൂഹികവിഷയവും തിരഞ്ഞെടുത്ത് എഴുതാവുന്നതാണ്. രചനാമികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്കു മാത്രമായിരിക്കും രണ്ടാം ഘട്ടത്തിൽ പ്രവേശനം.
- ഉപന്യാസം അഞ്ചു പേജിലും, കഥ മൂന്നു പേജിലും, കവിത ഇരുപതു വരിയിലും കവിയരുത്.
- ചിത്രരചനയ്ക്ക് വാട്ടർകളർ, പോസ്റ്റർ കളർ, ക്രയോൺസ് എന്നിവ മീഡിയമായി ഉപയോഗിക്കാവുന്നതാണ്.
- ഹൈസ്കൂൾ – ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കുന്നതല്ല.
- എൻട്രികൾ editordeepanalam@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്കോ 7306874714 എന്ന വാട്സാപ്പ് നമ്പരിലേക്കോ അയയ്ക്കേണ്ടതാണ്.
- എൻട്രികൾ **2022 സെപ്റ്റംബർ 30** നുമുമ്പ് ലഭിച്ചിരിക്കണം.
- രജിസ്ട്രേഷൻഫീസ് 100 രൂപ. Deepanalam A/C No: 435 922 000 334 59, IFSC : CNRB 001 43 59 (Canara Bank, Pala Branch) എന്ന നമ്പരിലേക്ക് രജി. ഫീസ് ഗൂഗിൾപേ ചെയ്യേണ്ടതാണ്.
- എൻട്രികളോടൊപ്പം E-mail ID യും ഫോൺ നമ്പരും ബാങ്ക് ട്രാൻസാക്ഷൻ രേഖയും നിർബന്ധമായും ചേർത്തിരിക്കണം.
- ഫൈനൽ മത്സരങ്ങൾ (രണ്ടാം റൗണ്ട്) **ഒക്ടോബർ 24 തിങ്കളാഴ്ച** രാവിലെ 10 മണി മുതൽ ദീപനാളം ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്.
- ഫൈനൽ റൗണ്ട് മത്സരങ്ങളിലേക്കു യോഗ്യരാകുന്നവർക്കുള്ള നിർദേശങ്ങൾ ഫോൺ മുഖേന അറിയിക്കുന്നതാണ്.
- ഫൈനൽ റൗണ്ടിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും ഉണ്ടായിരിക്കും.

**കാഷ് അവാർഡുകളും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിജയികളെ കാത്തിരിക്കുന്നു.**

ഓരോ വിഭാഗത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക്

**1-ാം സമ്മാനം ₹ 3001**
**2-ാം സമ്മാനം ₹ 2001**
**3-ാം സമ്മാനം ₹ 1001**

മികച്ച രചനകൾ ദീപനാളത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

575+ PLACEMENT OFFERS FOR 2022 BATCH
NBA NATIONAL BOARD of ACCREDITATION
Core branches accredited by NBA
ISO 9001:2015 Certified College
₹55 LAKHS HIGHEST ANNUAL SALARY PACKAGE, 2018-22 BATCH Goldman Sachs
ST. JOSEPH'S COLLEGE OF ENGINEERING AND TECHNOLOGY - PALAI -
SJC
Managed by the Catholic Diocese of Palai
Admission Enquiries B.Tech & M.Tech: 8078 700 700, 8078 700 701 NRI Seats: 8078 701 701 • MBA: 7034 73 73 99
MCA: 7034 76 76 99 • Hotel Management & Catering Technology (BHM): 8593 96 76 76
BTech . MTech . PhD . MBA . MCA
Approved by AICTE Affiliated to APJ Abdul Kalam Technological University, Thiruvananthapuram

# ഈ ദുരന്ത-ഹാസ്യ-ചരിത്രനാടകം ഇനിയെത്രനാൾ?



ഡോ. തോമസ് മൂലയിൽ

Romans, Country men and Lovers! ഷെക്സ്പിയറിന്റെ ജൂലിയസ് സീസർ നാടകത്തിലെ ബ്രൂട്ടസിന്റെ അഭിസംബോധനയാണു മേലുദ്ധരിച്ചത്. ബ്രൂട്ടസ് പ്രസംഗം തുടർന്നു... Not that I loved Caeser less, but that I loved Rome more..” അതുകൊണ്ടാണ് സീസറിനെ വധിച്ചത് എന്നു പറഞ്ഞു നിറുത്തി. ജനം ഇളകിവശായി....! സീസറിനെ പണ്ടേ തട്ടേണ്ടതായിരുന്നുവെന്ന് അവർക്കു തോന്നിപ്പോയി...! അപ്പോഴിതാ മാർക്ക് ആന്റണി കടന്നുവരുന്നു.... “I came not to praise Caesar but to bury him.” ആന്റണി പ്രസംഗം അവസാനിപ്പിച്ചതും കോപാകുലരായ ജനങ്ങൾ ബ്രൂട്ടസിന്റെയും കൂട്ടരുടെയും പിറകേ പായുന്നതുമാണു നാടകം...!

ഷെക്സ്സ്പിയർ നാടകങ്ങളെ പ്രധാനമായും ട്രാജഡി, കോമഡി, ചരിത്രം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ, ഈ നാടകത്തിൽ ഇവ മൂന്നുമുണ്ട്: സീസറിന്റെ ജീവിതം ചരിത്രമാണ്, അദ്ദേഹത്തിന്റെ വധം ട്രാജഡിയും, മരണാനന്തരസംഭവങ്ങൾ കോമഡിയും; ജനങ്ങളെ വിഡ്ഢികളാക്കുന്ന കോമഡി!

വാസ്തവത്തിൽ, നമ്മുടെ നിയമസഭാസമ്മേളനവും ഒരു നാടകമല്ലേ? അവിടെ ട്രാജഡിയും കോമഡിയും ചരിത്രവുമുണ്ട്. ചിലപ്പോഴെങ്കിലും ഇവ ഇടകലർന്നും കൂടിക്കലർന്നും വരാറുണ്ട്. നിത്യേന നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് ഈ നാടകമായതിനാൽ വിശകലനത്തിലേക്കു കടക്കുന്നില്ല. ഇക്കഴിഞ്ഞ അസംബ്ലി സമ്മേളനത്തിലും ഈ ട്രാജഡി-കോമഡി-ചരിത്ര ദൃശ്യങ്ങൾ പ്രകടമായി കാണാം. തീരദേശവാസികളുടെ ദുരിതവും വിഴിഞ്ഞം സമരവും, ദേശീയപാതയും സിൽവർലൈൻപദ്ധതിയും, ബഫർസോണും മലയോരമേഖലയും, തെരുവുനായ്ക്കളും പേവിഷബാധയും, ബന്ധുനിയമനവും സർക്കാർ - ഗവർണർ ഏറ്റുമുട്ടലുമെല്ലാം ഒരുവിധത്തിൽ പറഞ്ഞാൽ ചരിത്രവും ഒപ്പം ട്രാജഡിയുമാണ്; അനുബന്ധമായി നടന്ന നിയമസഭാസമ്മേളനം കോമഡിയും! ഇതെല്ലാംചേർന്ന് ഇത്തവണത്തെ അസംബ്ലിസമ്മേളനത്തിൽ സർവകലാശാലാബിൽ അവതരണത്തോടെ ഒരു ആന്റി ക്ലൈമാക്സുണ്ടായി. സഭാബഹിഷ്കരണത്തോടെ അതു പൂർത്തിയായി.

ഈ ആന്റിക്ലൈമാക്സ് പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ‘ഒരു വെടിക്കു രണ്ടുപക്ഷി’ എന്ന പോലായി. പ്രശ്നകലുഷിതമായ ചരിത്രപശ്ചാത്തലത്തിൽ ഏറെ പിരിമുറുക്കമുള്ള വിഷയമായിരുന്നല്ലോ ഉന്നതവിദ്യാഭ്യാസ മേഖലയിലെ ക്രമക്കേടുകൾ. അതു മുതലാക്കാൻ പ്രതിപക്ഷം തക്കം നോക്കിയിരിക്കുമ്പോഴാണല്ലോ സർവകലാശാലകളിൽ വി.സി.മാരെ നിയമിക്കുന്നതിൽ ചാൻസലറായ ഗവർണറുടെ അധികാരം വെട്ടിക്കുറച്ചു നിയമഭേദഗതിവരുത്തുന്ന ബില്ലവതരണം. ഈ ബിൽ പാസാകുന്നതോടെ സർവകലാശാലകളുടെ സ്വയംഭരണാവകാശം ഇല്ലാതാകുമെന്നും അത് ഉന്നതവിദ്യാഭ്യാസ മേഖലയെ തകർക്കുമെന്നും അതിനു പ്രതിപക്ഷം കൂട്ടുനില്ക്കുകയില്ലായെന്നും പ്രഖ്യാപിച്ചുകൊണ്ടാണ് ബഹിഷ്കരണം നടത്തിയത്. ഇതിനു കൈയടി കിട്ടുക സ്വാഭാവികംമാത്രം. അങ്ങനെ, പ്രതിപക്ഷം ഒരു പ്ലസ് പോയിന്റ് നേടി. എന്നാൽ, ഉള്ളിന്റെയുള്ളിൽ അവർ ഈ ബില്ലിന് അനുകൂലമാണെന്നതാണു സത്യം. കാരണം, പ്രതിപക്ഷം ഒരിക്കൽ ഭരണപക്ഷമാകുമല്ലോ. അപ്പോൾ, സൊളുവിൽ ഈ നിയമത്തിന്റെ ആനുകൂല്യം അനുഭവിക്കാം. അതാണ്, ‘ഒരു വെടിക്കു രണ്ടു പക്ഷി’ എന്നു പറഞ്ഞതിന്റെ പൊരുൾ. പാസാക്കിയ ബില്ലിൽ ഗവർണർ ഒപ്പിട്ടാൽ, ഓട്ടോമാറ്റിക്കായി ഭരണപക്ഷത്തിനു പ്ലസ്പോയിന്റാകും. അപ്പോൾ, ഇരുകൂട്ടർക്കും കിട്ടുന്നതിൽ പാതി...!

ഇനി, ക്ലൈമാക്സിലേക്കു കടക്കാം. ആന്റിക്ലൈമാക്സിന്റെ മികവ് ക്ലൈമാക്സിന്റെ ‘ശോഭ’ വർധിപ്പിച്ചു. പ്രതിപക്ഷത്തുനിന്നു ശ്രീ. പി.സി. വിഷ്ണുനാഥ് മയക്കുമരുന്നുവിഷയം അവതരിപ്പിച്ചതോടെയാണ് അതിന്റെ തുടക്കം. സ്ഥിതിവിവരണക്കണക്കുകൾ ഉദ്ധരിച്ചു സമർത്ഥമായിത്തന്നെ അദ്ദേഹം വിഷയം അവതരിപ്പിച്ചു. ലഹരിമോചനകേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ 21 വയസുതികയാത്തവരുടെ എണ്ണം 3,933 ആണെന്നും 40 ശതമാനം പേർ 18 വയസ്സുതികയാത്തവരാണെന്നും അദ്ദേഹം എടുത്തുപറയുകയുണ്ടായി. പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ തന്റെ പ്രിയപ്പെട്ട സുഹൃത്തിന്റെ അതിസമർത്ഥനായ പുത്രനുമായുള്ള അദ്ദേഹത്തിന്റെ അടുപ്പവും ബന്ധവുമെല്ലാം ആർദ്രതയോടെയും അവന്റെ കദനകഥ വികാരാവേശപരവേശവിവശതയോടെയുമാണ് അവതരിപ്പിച്ചത്. ആ ഓമനമകൻ പി.ടി. തോമസിന്റെ പുത്രനാണെന്ന ആരോപണവും അവന്റെ അമ്മയായ ഉമാ തോമസിന്റെ വിലാപവും വൈറലായ വിവരമൊന്നും ഞാൻ വിശകലനം ചെയ്യുന്നില്ല. പ്രതിപക്ഷത്തിന്റെ അഭിനയപാടവമികവിനെ ഒറ്റവാക്കിൽ അഭിനന്ദിച്ചുകൊണ്ട്, മുഖ്യമന്ത്രിയുടെ പ്രസംഗത്തിലേക്കു കടക്കാം. അദ്ദേഹവും കണക്കുകൾ അക്കമിട്ടു നിരത്തി. കഴിഞ്ഞ വർഷം 5,334 കേസുകളും 2020-ൽ 4650 കേസുകളുമാണു രജിസ്റ്റർ ചെയ്തതെങ്കിൽ, ഈ വർഷം ഇതുവരെ 16,128 കേസുകളാണു രജിസ്റ്റർ ചെയ്തിരിക്കുന്നത്! 2020 ൽ 5674 പേരെയും 2021 ൽ 6704 പേരെയും അറസ്റ്റു ചെയ്തിടത്ത് ഈ വർഷം 17,834 പേരെയാണ് അറസ്റ്റു ചെയ്തിട്ടുള്ളത്. ഓഗസ്റ്റ് 29 വരെ 1340 കിലോഗ്രാം കഞ്ചാവും 6.7 കിലോഗ്രാം എം.ഡി.എം.എ.യും 23.4 കിലോഗ്രാം ഹഷീഷ് ഓയിലും പിടിച്ചെടുത്തിട്ടുണ്ട്. കുട്ടികളുടെ ഇടയിൽ ഇതിന്റെ ഉപയോഗവും വ്യാപനവും ഭീതിപ്പെടുത്തുന്നതരത്തിൽ വർദ്ധിച്ചുവരുന്നതായും അദ്ദേഹം പറഞ്ഞു.

ഇതിനോടു ചേർത്തുവായിക്കേണ്ട ഒരു സ്ഥിതിവിവരക്കണക്കുകൂടിയുണ്ട്. സംസ്ഥാനപോലീസിലെ 60,129 ഉദ്യോഗസ്ഥരും



എക്സൈസ്വകുപ്പിലെ 5,427 പേരും മോട്ടോർ വാഹനവകുപ്പിലെ 2,618 പേരും അടങ്ങുന്ന 68,174 അംഗസംവിധാനവും കേരളത്തിലുണ്ട്. ഈ സംവിധാനത്തിന്റെയെല്ലാം കണ്ണുവെട്ടിച്ചാണ് ലഹരിമാഫിയ ഇത്രമാത്രം ശക്തിയാർജ്ജിച്ചിട്ടുള്ളത് എന്നോർക്കണം! ഭരണസംവിധാനവിശ്വാസ്യത എന്താണ് എന്ന ചോദ്യത്തിന് ഉത്തരം പറയാൻ സർക്കാർ ബാധ്യസ്ഥമല്ലേ?

2020 മുതലുള്ള സ്ഥിതിവിവരക്കണക്കുകൾ അക്കമിട്ടു നിരത്തിയ മുഖ്യമന്ത്രിയോടും നിജസ്ഥിതി അവതരിപ്പിച്ച പ്രതിപക്ഷത്തോടും ഒരു ചോദ്യം: നിങ്ങൾ ഇപ്പോഴാണോ ഈ വിവരങ്ങൾ അറിയുന്നത്? അസംബ്ലിയിൽ പൊടുന്നനേ ഉണ്ടായ ഭൂതോദയമാണോ ഇത്?

ക്ലൈമാക്സ് അവസാനിപ്പിക്കുന്നതിനുമുമ്പ് ഒരു ‘ഫ്ളാഷ് ബാക്ക്’ ആവശ്യമായി വരുന്നു. സുമാർ ഒരുവർഷംമുമ്പ് പാലാമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് കുറവിലങ്ങാടു പള്ളിയിൽ തിരുക്കർമമധ്യേ തന്റെ അജഗണങ്ങളോട് തന്റെ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ “സൂക്ഷിക്കണേ മക്കളേ” എന്നു പറഞ്ഞതിന്റെ പേരിൽ (നാർക്കോട്ടിക് ജിഹാദ്, ലൗ ജിഹാദ് പരാമർശം) ഉണ്ടായ വാദവിവാദകോലാഹലങ്ങൾ നിങ്ങൾ മറന്നുപോയോ? ‘ഉത്തരവാദിത്വപ്പെട്ടവർ സൂക്ഷിച്ചു സംസാരിക്കണം’ എന്നായിരുന്നു ബഹു. മുഖ്യമന്ത്രി ബിഷപ്പിനു കൊടുത്ത ഉപദേശം! ഭരണ - പ്രതിപക്ഷങ്ങൾ ഒന്നിച്ചൊന്നായൊറ്റക്കെട്ടായി മയക്കുമരുന്നുമാഫിയയ്ക്കെതിരേ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുമെന്നു പ്രഖ്യാപിച്ചപ്പോൾ, ‘മാപ്പ്’ എന്നു പറഞ്ഞില്ലെങ്കിലും അന്നു പാലാമെത്രാൻ പറഞ്ഞതായിരുന്നു ശരി എന്ന് ഒരു വാക്കു പറയുകയെങ്കിലും ചെയ്തിരുന്നെങ്കിൽ...! ഭരണ-പ്രതിപക്ഷങ്ങൾ യോജിച്ച് തൊണ്ണതൊടാതെ എല്ലാം വിഴുങ്ങിക്കളഞ്ഞല്ലോ...! പ്രഖ്യാപനം അനുസരിച്ചു പ്രവർത്തിക്കുകയുംകൂടി ചെയ്തിരുന്നെങ്കിൽ...!

ഈ ദുരന്ത-ഹാസ്യ-ചരിത്ര നാടകം കണ്ട് അന്തം വിട്ടുനില്ക്കുന്ന പൊതുജനത്തോടു പറയട്ടെ: കള്ളൻ കപ്പലിൽത്തന്നെയുണ്ട്. രാഷ്ട്രീയമാഫിയ, ചാനൽ മാഫിയ, ഉദ്യോഗസ്ഥമാഫിയ എല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ മയക്കുമരുന്നു മാഫിയയുടെ കണ്ണികളാണ്. ഇവരൊക്കെ ചേർന്നുള്ള ഒരു അധോലോകമാഫിയാ ടീമായി ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്ന് ജനം തിരിച്ചറിയണം. അസംബ്ലിയിൽ നിരത്തിയ സ്ഥിതിവിവരക്കണക്കുകൾക്കൊക്കെ അപ്പുറമാണു യഥാർത്ഥ അവസ്ഥ! ടൺ കണക്കിനാണ് വിവിധരൂപത്തിലും പേരിലും മയക്കുമരുന്നുകൾ കേരളത്തിൽ ഇറക്കുമതി ചെയ്യുന്നത്. പിടിക്കപ്പെട്ടു എന്ന് ഇവർ പറയുന്നത് ‘വെറും ചില്ലറ’! പിടിക്കപ്പെട്ടവർ കേവലം ഞാഞ്ഞൂലുകൾ! അണലിയും മൂർഖനുമൊക്കെ കാണാമറയത്ത് മാളത്തിനുള്ളിലാണ്. അതുകൊണ്ട്, ഇക്കാര്യത്തിലുള്ള ഭരണ-പ്രതിപക്ഷ ഐക്യം ഒരു കോമഡി എന്നല്ലാതെ എന്തുപറയേണ്ടു...!

പ്രിയപ്പെട്ട മാതാപിതാക്കളേ, മക്കൾ നിങ്ങളുടേതാണ്. അവരെ സൂക്ഷിക്കാനും രക്ഷിക്കാനും നിങ്ങൾക്കേ കഴിയൂ. കതിരേൽ വളം വച്ചിട്ടു കാര്യമില്ല. “അടയ്ക്കമടിയിൽ വയ്ക്കാം; കമുക് പറ്റില്ല.” “ചൊട്ടയിലെ ശീലം ചുടലവരെ.” “സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടാ.” “മൂത്തവർ ചൊല്ലും മുതുനെല്ലിക്ക, മുമ്പേ കയിക്കും പിന്നെ മധുരിക്കും.” അതുകൊണ്ട്, നല്ലതു പറഞ്ഞുകൊടുക്കുക; നല്ലതു കാണിച്ചുകൊടുക്കുക; നല്ലതു ജീവിച്ചു കാണിക്കുക. അതിരുകളും അരുതുകളും, ചിട്ടയും നിഷ്ഠയുമൊക്കെ വീട്ടിലുണ്ടാവണം. ഈശ്വരചിന്ത കൈവിടാതെ നോക്കുക. ആദരണീയരായ അധ്യാപകരേ, “മാതാപിതാ ഗുരുദൈവം.” മാതാപിതാക്കൾ കഴിഞ്ഞാൽ പിന്നെ നിങ്ങളാണു ഇളംതലമുറയുടെ കാവൽക്കാർ. അവർക്കു താങ്ങും തണലുമാകേണ്ടതു നിങ്ങളാണ്. അവസാനമായി, കുട്ടികളുടെ പരിരക്ഷയിൽ സമൂഹത്തിനും നിർണായകമായ പങ്കുണ്ട്. സമൂഹത്തിലെ ഓരോ വ്യക്തിയും തന്റെ നന്മയിലൂടെ അയൽക്കാരനെ സഹായിക്കണം. കുഞ്ഞുങ്ങളേ, നല്ലതുമാത്രം കാണാനും കേൾക്കാനും പറയാനും പ്രവർത്തിക്കാനും നിഷ്ഠവയ്ക്കുക. കൂട്ടുകാരെ സൂക്ഷിക്കുക. നല്ലവരെ മാത്രം ചേർത്തുനിർത്തുക. അല്ലാത്തവരെ അകറ്റി നിർത്തുക. പൊടിയും പുകയും മിഠായിയും ഗുളികയും സ്റ്റാമ്പുമൊക്കെയായി കൂട്ടുകാർ അടുക്കുമ്പോൾ ‘നോ’ പറയാൻ നിങ്ങൾക്കു കഴിയണം. ഈശ്വരചിന്ത സദാ ഉണ്ടായിരിക്കട്ടെ!

■

# മനുഷ്യൻ നന്നായാൽ ലോകം നന്നാവും



സി.എൽ. ജോസ്

**ഒ**രിക്കൽ ഒരാൾ തന്റെ നാലു വയസ്സുള്ള കുട്ടിക്ക് ഭംഗിയേറിയ ഒരു ചിത്രം സമ്മാനിച്ചു. ഒരു ചിത്രം എന്നു പറഞ്ഞാൽ ശരിയല്ല. ഒരു കടലാസിന്റെ ഇരുവശത്തും ഓരോ ചിത്രം. ഒരു വശത്തു മന്ദസ്മിതം തൂകുന്ന ഒരു മനുഷ്യന്റെ മനോഹരമുഖം. മറുവശത്തു വൈവിധ്യമാർന്ന വർണങ്ങളോടുകൂടിയ ഭൂലോകത്തിന്റെ ആകർഷകമായ ചിത്രം.

കുട്ടി കൗതുകപൂർവം ചിത്രം മറിച്ചും തിരിച്ചും നോക്കി. കുറച്ചുകഴിഞ്ഞപ്പോൾ അതു നോക്കിയിരിക്കാനുള്ള രസംപോയി. അല്പം കഴിഞ്ഞ് അവൻ ആ ചിത്രം ചീന്തിക്കളഞ്ഞു. നമുക്കറിയാം. കൊച്ചുകുട്ടികളുടെ കൈയിൽകിട്ടുന്ന ചിത്രങ്ങളുടെ അനുഭവം. ഇവിടെയും അതുതന്നെ സംഭവിച്ചു. ചിത്രം ഏതാനും കഷണങ്ങളായി മാറി.

ഇതുകണ്ട പിതാവ് കുപിതനായില്ല. ചിത്രം ചീന്തിയതിന്റെ കാരണമന്വേഷിച്ചു. കുട്ടി കുറ്റബോധത്തോടെ മിഴിച്ചുനിന്നു. അയാൾ കുഞ്ഞിനെ അരികെവിളിച്ച് ശാന്തമായ സ്വരത്തിൽ പറഞ്ഞു:

"എന്തിനാ മോനേ, അതു ചീന്തിക്കളഞ്ഞത്. അങ്ങനെ ചെയ്യാൻ പാടുണ്ടോ? നല്ലൊരു പടമായിരുന്നല്ലോ. ഒരു കാര്യം ചെയ്യൂ. ആ കഷണങ്ങളെല്ലാം ചേർത്തുവച്ച് ചിത്രം ശരിയാക്കാൻ നോക്കൂ."

കുട്ടി ഭൂപടത്തിന്റെ ഭാഗങ്ങൾ ഓരോന്നെടുത്തു നിരത്തിവച്ചു. ശരിപ്പെടുന്നില്ല. വിവിധ വർണങ്ങളുള്ള ആ തുണ്ടുകൾ എത്ര ശ്രമിച്ചിട്ടും യഥാസ്ഥാനങ്ങളിൽ വയ്ക്കാൻ കുട്ടിക്കു കഴിഞ്ഞില്ല. ക്ഷമ കെട്ടു, നിരാശനായി, നിസ്സഹായതയോടെ പിതാവിനെ നോക്കി. അപ്പോൾ പിതാവിന്റെ നിർദേശം: "അതു ശരിയാക്കാൻ നിനക്കു കഴിയുന്നില്ലെങ്കിൽ അതിന്റെ മറുവശത്തുള്ള മനുഷ്യന്റെ മുഖം ശരിയാക്കാൻ നോക്കൂ!"

അതിനായി കുട്ടിയുടെ ശ്രമം. കഷണങ്ങളെല്ലാം മറിച്ചുവച്ചു. കണ്ണും മൂക്കും ചെവിയും തലയുമെല്ലാം കൃത്യസ്ഥാനങ്ങളിൽ നിരത്താൻ പ്രയാസമുണ്ടായില്ല. അങ്ങനെ ചുരുങ്ങിയ സമയംകൊണ്ടു മനുഷ്യന്റെ മുഖം അവൻ ശരിയാക്കി. ഒരു വിജയിയെപ്പോലെ കുട്ടി സന്തോഷിച്ചു. ഒപ്പം പിതാവും സന്തോഷിച്ചു. തുടർന്നു പിതാവ് കുട്ടിയോടു പറഞ്ഞു: "ഇനി ആ കഷണങ്ങൾ ഓരോന്നും തെറ്റാതെ അതേപടി മറിച്ചുവച്ചു നോക്കൂ!"

കുട്ടി അനുസരിച്ചു. അപ്രകാരം ചെയ്തു. അപ്പോൾ ഭൂലോകത്തിന്റെ ചിത്രവും ശരിയായിക്കണ്ടു. അവൻ കൂടുതൽ സന്തോഷിച്ചു.

ഇതിൽനിന്നു ഒരുപാടു മാനങ്ങളുള്ള വലിയൊരു സത്യം വെളിപ്പെടുന്നു. മനുഷ്യന്റെ മുഖം ശരിയായപ്പോൾ ഭൂലോകത്തിന്റെ മുഖവും ശരിയായി.

പരസ്പരവിദ്വേഷവും അക്രമവും അനീതിയും അത്യാഗ്രഹവും അധികാരമോഹവും കൊണ്ടു താറുമാറായിരിക്കുന്ന, ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ഭൂമുഖത്തെ വീണ്ടും യോജിപ്പിക്കാൻ, വീണ്ടും ആകർഷകമാക്കാൻ, കൂടുതൽ സന്തോഷസമൃദ്ധമാക്കാൻ, സമാധാനസുന്ദരമാക്കാൻ ആ ഭൂമുഖത്തിനടിയിലുള്ള മനുഷ്യന്റെ മുഖത്തെ, ഇപ്പോൾ വികൃതമായി തകർന്നിരിക്കുന്ന മനുഷ്യന്റെ മുഖത്തെ ശരിയാക്കിയാൽ മതി. സത്യത്തിൽ




അതു മാത്രമാണ് എളുപ്പവും പ്രായോഗികവും.

ലോകം നന്നാവണം, എന്നു മുറവിളി കൂട്ടുന്നവർ മനുഷ്യൻ നന്നാവാൻ വേണ്ട തീവ്രയത്നങ്ങളാണു നടത്തേണ്ടത്. ചുരുക്കത്തിൽ, മനുഷ്യൻ നന്നായാൽ ലോകം നന്നാവും.

■

---



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# ഇസ്പേഡ് ഏഴാംകൂലികൾ

**ഏ**താണ്ട് അരനൂറ്റാണ്ടുമുമ്പ് പി. ഭാസ്കരൻ ഒരു ഗാനത്തിൽ ഔഷധസസ്യമായ ശതാവരിയെപ്പറ്റി പരാമർശിച്ചത് അക്കാലത്തു വലിയ ചർച്ചയ്ക്കു വഴിയൊരുക്കി. ആ ഗാനഭാഗമിതാണ്:

"ശാരദപുഷ്പവനത്തിൽ വിരിഞ്ഞൊരു
ശതാവരിമലർപോലെ
വിശുദ്ധയായ് വിടർന്നു നീയെന്റെ
വികാരരാജാങ്കണത്തിൽ" ('തെക്കൻകാറ്റ്' എന്ന ചിത്രത്തിലെ 'പ്രിയമുള്ളവളേ പ്രിയമുള്ളവളേ നിനക്കുവേണ്ടി' എന്ന ഗാനം). ആയുർവേദത്തിലെ ജീവനപഞ്ചമൂലകത്തിൽ (ദശമൂലംപോലെയുള്ള ഔഷധക്കൂട്ട് - ശതാവരിക്കിഴങ്ങ്, വീര, അടപതിയൻകിഴങ്ങ്, ജീവകം, ഇടവകം എന്നിവ) പറയുന്ന ശതാവരിയുടെ മലരിന്റെ മനോഹാരിതയിൽ (വിശുദ്ധിയിലും) ആകൃഷ്ടനായിട്ടാണ് പി. ഭാസ്കരൻ ഈ വരികൾ കുറിച്ചത്. അന്ന് അതു പുതുമയായിരുന്നുതാനും.

എന്നാൽ, ഈയിടെ പ്രദർശനത്തിനുവരുകയും പരസ്യത്തിന്റെ പിൻബലംകൊണ്ട് ജനശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത 'ന്നാ താൻ കേസ് കൊട്' എന്ന ചിത്രത്തിലെ ഒരു ഗാനത്തിൽ യാതൊരാവശ്യവുമില്ലാതെ മറ്റൊരു ഔഷധസസ്യത്തെ പറിച്ചുനട്ടിരിക്കുന്നു അതിന്റെ രചയിതാവ്. ഗാനം തുടങ്ങുന്നതുപോലും ആ ഔഷധസസ്യത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. കാണുക:

"ആടലോടകം ആടി നിക്കണ്
ആടലോടൊരാൾ വന്നു നിക്കണ്
ഉള്ളിലുള്ളത് കണ്ണിലുള്ളത്
ചില്ലുപോലെ വന്നു നിക്കണ്" (ഗാനരചന - വൈശാഖ് സുഗുണൻ; സംഗീതം - ഡോൺ വിൻസന്റ്; ആലാപനം-ഷഹബാസ് അമൻ, സൗമ്യ രാമകൃഷ്ണൻ, രമേശ് മുരളി, ഒ. യു. ബഷീർ, ഗാഗുൽ ജോസഫ്, സെബി തുരുത്തിപ്പുറം, അനൂപ് കൃഷ്ണൻ, നിക്സൻ ചേരാനല്ലൂർ, അഭിജിത്ത്, വരുൺ ശ്രീധർ, മണികണ്ഠൻ ശ്രീനാഥൻ, സിജി ഡേവിഡ്, മേബിൾ പ്രിൻസ്, മെലിൻ ലിവരോ, റിൻസി മാർട്ടിൻ).

ചുമയ്ക്കും കാസത്തിനും ഔഷധമായി ഉപയോഗിക്കുന്നതാണ് ആടലോടകം. അത് ആടിനില്ക്കുന്നതിന് കാവ്യപരമായ ഒരു മേന്മയും അവകാശപ്പെടാനില്ല. ആടലോടെ ഒരാൾ വന്നു നില്ക്കുന്ന കാര്യം രണ്ടാമത്തെ വരിയിൽ പറയണമെന്നുണ്ട് പാട്ടെഴുത്തുകാരന്.



അപ്പോൾ പ്രാസഭംഗിക്കുവേണ്ടി എടുത്തുകാച്ചിയതാണ് ആടലോടകത്തിന്റെ 'കഥ'. വന്നുവന്ന് പാട്ടുകളിൽ എന്തെല്ലാം കോപ്രായങ്ങളാണ് കാണേണ്ടിയും കേൾക്കേണ്ടിയും വരുക!

ഇവിടെ നാലുവരികൾ ഇപ്രകാരം ഉദ്ധരിച്ചെങ്കിലും നാലാമത്തെ വരി ഇങ്ങനെയല്ല. ഗായിക പാടുമ്പോൾ കേൾക്കുന്ന വരിയാണിത്. ഗായകന്റെ ശബ്ദത്തിൽ 'ദേവിയാണുള്ളിലാളല്' എന്നാണ് അവ്യക്തമായി കേൾക്കുന്നതെന്നു തോന്നുന്നു.

"ജീവദായകാ രാജീവലോചനാ
കൂട്ടിനായ് പാട്ടുപാടല്
അമ്പുകൊള്ളണ് ഉള്ളുകുത്തല്
കണ്ഠനാളമാകെ വിങ്ങല്..." ഇങ്ങനെ തുടരുന്നു ഗാനത്തിന്റെ വരികൾ. ഒന്നു പറയാം, കേൾക്കുമ്പോൾത്തന്നെ എവിടെയൊക്കെയോ ന്യൂനതകൾ ആസ്വാദകർക്ക് അനുഭവപ്പെടുന്നുണ്ട്. എന്തിനാണ് ഇത്രയേറെ പാട്ടുകാർ (പതിനഞ്ചു പേർ) എന്നും മനസ്സിലാകുന്നില്ല. പാടല്, കുത്തല്, വിങ്ങല് തുടങ്ങിയ പ്രയോഗങ്ങൾ അരോചകമായിത്തീരുന്നു.

'മേലെ അമ്പിളി താഴെ നിൻ ചിരി
സ്നാനസീമയാകെ വന്നു നിർത്ധരി
നിന്നിലുള്ളത് എന്നിലുള്ളത്
ആരു കണ്ട തോന്നലാമത്' എന്ന വരികളോടെയാണ് ഗാനം പൂർണമാകുന്നത്. താഴ്ന്ന ക്ലാസുകളിൽ ഔട്ട്‌ലൈൻ സ്റ്റോറി എന്നൊരു ഏർപ്പാടുണ്ടല്ലോ. അതായത്, സുപരിചിതമായ ഒരു കഥയുടെ ഇടയ്ക്കുള്ള വാക്കുകളും മറ്റും വിട്ടുവിട്ട് ചോദ്യക്കടലാസിൽ അച്ചടിച്ചിരിക്കും. ആ സൂചനകൾ വായിച്ചിട്ട് യഥാർത്ഥ കഥ ശീർഷകമുൾപ്പെടെ നാം എഴുതണം. അതിനെ അനുസ്മരിപ്പിക്കുന്നു (പ്രത്യേകിച്ച് ഗാനത്തിന്റെ ചരണം) ഈ വരികൾ. പ്രതിഭയുള്ള പാട്ടെഴുത്തുകാരൊക്കെ മാളത്തിലൊളിച്ചോ? പകരം ഇസ്പേഡ് ഏഴാംകൂലികളാണ് ഇന്നു ഗാനരചനാരംഗത്തെ മുടിചൂടാമന്നന്മാർ. അവരുടെ വികൃതികൾ കണ്ടുകണ്ട് മനസ്സു മടുക്കാത്തവരായി ഈ കൊച്ചുകേരളത്തിൽ ആരെങ്കിലുമുണ്ടോ? ■

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




കർത്താവിന്റെ വചനം സത്യമാണ്; അവിടുത്തെ പ്രവൃത്തി വിശ്വസനീയമാണ്.

സങ്കീർത്തനങ്ങൾ 33:4

**എഡിറ്റോറിയൽ**

## കുട്ടികളുടെ മാനസികാരോഗ്യം ജാഗ്രത വെടിയരുത്

കുട്ടികളുടെ മാനസികാരോഗ്യം ഗൗരവമായ ഒരു ചർച്ചാവിഷയമാണിന്ന്. കുട്ടികളിൽ പെരുമാറ്റവൈകല്യങ്ങളും കുറ്റകൃത്യങ്ങളും പെരുകുന്നത് ഭയാശങ്കകളോടെ നോക്കിനില്ക്കാനല്ലാതെ ഫലപ്രദമായി ഇടപെടാൻ അധ്യാപകർക്കോ മാതാപിതാക്കന്മാർക്കോ ആവുന്നില്ല. മെച്ചപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നു മാനസികാരോഗ്യവിദഗ്ധരടക്കം പറഞ്ഞുതുടങ്ങിയിട്ടു നാളുകളേറെയായിട്ടും അവധാനതയോടെ പരിഹാരമാർഗങ്ങൾ അവലംബിക്കാൻ വിദ്യാഭ്യാസവകുപ്പും മടിച്ചുനില്ക്കുന്നതായി കാണുന്നു.

സ്കൂളുകളിൽ മാനസികാരോഗ്യ ഉപദേശകസമിതി രൂപവത്കരിക്കണമെന്നും മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള പദ്ധതികളും പരിപാടികളും നടപ്പാക്കണമെന്നും കേന്ദ്രവിദ്യാഭ്യാസമന്ത്രാലയം ഇപ്പോൾ നിർദേശിച്ചിരിക്കുന്നത് ശുഭോദർക്കമാണ്. ആറു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ എൻ.സി.ഇ.ആർ.ടി. നടത്തിയ സർവേറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ നിർദേശം.

കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനും അധ്യാപകർക്ക് സൈക്കോ സോഷ്യൽ ട്രെയ്നിങ് നല്കേണ്ടതാണ്. സ്കൂൾ മാനേജുമെന്റ്, അധ്യാപകർ, അനധ്യാപകർ എന്നിവർ തങ്ങളുടെ ദിവസത്തിന്റെ മൂന്നിലൊരു ഭാഗം സ്കൂളിൽ കുട്ടികൾക്കൊപ്പമാണ്. ഒരാണ്ടുവട്ടത്തിൽ 220 ദിവസത്തോളം ഇവർ സ്കൂളുകളിലായിരിക്കേ, അവിടെ പഠിക്കുന്ന കുട്ടികളെ നിരീക്ഷിക്കാനും മനസ്സിലാക്കാനും കഴിയാതെപോകുന്നത് ഒരു പോരായ്മതന്നെയാണ്. അധ്യാപകർ കുട്ടികളെ 'വായിക്കുന്ന' ഇക്കാലത്ത് അവരിലെ ഉത്കണ്ഠകളും മാനസികപിരിമുറുക്കങ്ങളും വിഷാദരോഗങ്ങളും തിരിച്ചറിയാനുള്ള അധ്യാപകട്രെയിനിങ്ങുകളും കോഴ്സുകളും കൂടുതലായുണ്ടാവേണ്ടതാണ്. കുട്ടികളിലെ ആശയവിനിമയപ്രശ്നങ്ങൾ, പെരുമാറ്റവൈകല്യങ്ങൾ, അമിതമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ അടിമത്തം, ഹൈപ്പർ ആക്ടിവിറ്റി, പഠനവൈകല്യങ്ങൾ, അലസമനോഭാവം, ഉത്തരവാദിത്വമില്ലായ്മ, അച്ചടക്കരാഹിത്യം എന്നിവയുടെ ആദ്യലക്ഷണങ്ങൾ തിരിച്ചറിയാനുള്ള പരിശീലനം അധ്യാപകർക്കുണ്ടായേ തീരൂ.

കുട്ടികളുടെ ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുന്നതിൽ അധ്യാപകർ ദത്തശ്രദ്ധരായിരിക്കുന്നതോടൊപ്പം, പ്രഥമാധ്യാപകരായ മാതാപിതാക്കന്മാരും അതിജാഗ്രത പുലർത്തേണ്ട കാലമാണിത്. വീട്ടിൽനിന്നിറങ്ങുന്നതുമുതൽ തിരിച്ചു വീട്ടിലെത്തുന്നതുവരെയുള്ള സമയം ഉത്തരവാദിത്വപ്പെട്ടവർ ജാഗ്രതക്കണ്ണുകളുമായി കുട്ടികളെ പിന്തുടർന്നില്ലെങ്കിൽ, പ്രണയത്തട്ടിപ്പുകളിലും ലഹരിക്കേസുകളിലും കുടുങ്ങി നമ്മുടെ പൊന്നോമനമക്കൾ നഷ്ടപ്പെട്ടുപോകുന്ന സ്ഥിതിവിശേഷമാണ് സമീപകാലത്തു കണ്ടുവരുന്നത്!

മയക്കുമരുന്നുകേസുകളിൽ ആൺ-പെൺ വ്യത്യാസമില്ലാതെ കുട്ടികൾ പ്രതിയാക്കപ്പെടുന്ന സംഭവങ്ങൾ നിത്യേനയെന്നോണം കേൾക്കേണ്ടിവരുന്നു. ലഹരിമരുന്നുത്പാദകരും വില്പനക്കാരും സ്കൂൾ പരിസരങ്ങളിൽ ഇരകളെത്തേടി ചുറ്റിക്കറങ്ങുന്നത് പുതിയൊരു വാർത്തയല്ല. ലഹരിമരുന്നുകളും പാനീയങ്ങളും സ്കൂളുകളിൽ ഇന്റർവെൽ സമയങ്ങളിൽ മാത്രമല്ല, ക്ലാസ്മുറികളിൽവരെ അധ്യാപകരറിയാതെ രസംപകരുന്ന വിരുന്നുകാരായെത്തുന്നുവെന്നത് നിസ്സാരമായി കാണാനാവില്ല.

ലഹരിക്കടിമകളായ കുട്ടികൾക്ക് പ്രഫഷണൽ കൗൺസലിങ്ങിനുള്ള സൗകര്യം സ്കൂളുകളിൽ ഏർപ്പെടുത്തിക്കൊടുക്കണം. സ്കൂൾ സിലബസ് പ്രകാരമുള്ള പാഠങ്ങൾ തീർക്കുന്നതിന്റെ വ്യഗ്രതകൾക്കിടയിൽ കുട്ടികളുടെ മാനസികാരോഗ്യപ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ അധ്യാപകർക്കു പരിമിതിയുണ്ട്. അതിനാൽ, അധ്യാപകരെപ്പോലെതന്നെ, വിദഗ്ധരായ കൗൺസിലർമാരെ സ്കൂളുകളിൽ നിയമിക്കാൻ സർക്കാരും വിദ്യാഭ്യാസവകുപ്പും അടിയന്തരമായി ശ്രദ്ധിക്കുകയാണു വേണ്ടത്. ഗുരുതരമായ വൈകൃതങ്ങളും കുറ്റകൃത്യങ്ങളുമൊന്നുമില്ലെങ്കിലും, വളരുന്ന പ്രായത്തിൽ കുട്ടികൾക്കു കിട്ടേണ്ട മാനസികപക്വതയും സ്വയംമതിപ്പും ശുഭാപ്തിവിശ്വാസവും പകർന്നുകൊടുക്കുന്നതിൽ ശാസ്ത്രീയവും സമഗ്രവുമായ കൗൺസലിങ്ങിന് വലിയ പങ്കുണ്ട് എന്നതു തർക്കമറ്റ കാര്യമാണ്. ഏതായാലും, സ്വഭാവമഹിമയും അച്ചടക്കവും ദീക്ഷിക്കുന്ന, സേവനതത്പരരും സൽക്രിയാസമ്പന്നരുമായ പുതുതലമുറ നമ്മുടെ വിദ്യാലയാങ്കണങ്ങളിൽ പിറവികൊള്ളട്ടെ എന്നാഗ്രഹിക്കാം. ■

## പത്രവ്യവസായം ഗുരുതരപ്രതിസന്ധിയിൽ

തിരുവനന്തപുരം: അച്ചടിക്കടലാസിന്റെ വിലവർദ്ധനകാരണം രാജ്യത്തെ പത്രവ്യവസായം ഗുരുതരപ്രതിസന്ധിയിലായിട്ടു മാസങ്ങളായി. ന്യൂസ്പ്രിന്റ്, അച്ചടിമഷി, മറ്റ് അസംസ്കൃതവസ്തുക്കൾ എന്നിവയ്ക്കു വലിയ വിലക്കയറ്റമാണ് മൂന്നുവർഷത്തിനിടെ ഉണ്ടായത്. കൊവിഡും, റഷ്യ-യുക്രെയ്ൻ യുദ്ധവും സൃഷ്ടിച്ച വൻ പ്രതിസന്ധിയിൽപ്പെട്ട് വിദേശരാജ്യങ്ങളിലെ ന്യൂസ്പ്രിന്റ് ഫാക്ടറികൾ പലതും അടച്ചുപൂട്ടി. ഇന്ത്യയിലെ പത്രങ്ങൾ നിലനില്പിനായി പോരാടുകയാണ്. ചെറുകിട, ഇടത്തരം പത്രമാധ്യമങ്ങൾ പലതും അടച്ചുപൂട്ടലിന്റെ വക്കിലാണ്. കുറഞ്ഞ കാലംകൊണ്ട് അച്ചടിക്കടലാസിന്റെ വില ഇരട്ടിയിലധികമാണ് ഉയർന്നതെന്ന് നിയമസഭയിൽ മന്ത്രി പി. രാജീവ് നടത്തിയ പ്രസ്താവന മറക്കാറായിട്ടില്ല.

ഇന്ത്യയിലേക്കുള്ള ന്യൂസ്പ്രിന്റ് ഇറക്കുമതി അഞ്ചു വർഷത്തിനിടെ 55 ശതമാനം ഇടിഞ്ഞു. ഇതു വൻവിലക്കയറ്റത്തിനു കാരണമായി. കേന്ദ്രം ചുമത്തുന്ന അഞ്ചു ശതമാനം ഇറക്കുമതിച്ചുങ്കം പ്രതിസന്ധിക്കാക്കം കൂട്ടുകയും ചെയ്തു. പത്രവ്യവസായത്തിന്റെ ചെലവിന്റെ 50 ശതമാനം ന്യൂസ്പിന്റിനുവേണ്ടിയാണ്. കേന്ദ്രത്തിൽനിന്നു സംസ്ഥാനം ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് പുനരുദ്ധരിച്ച് കേരള പേപ്പർ പ്രോഡക്ട്സ് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പൂർണതോതിലായാൽ കേരളത്തിലെ പത്രസ്ഥാപനങ്ങൾക്ക് ആവശ്യത്തിന് അച്ചടിക്കടലാസ് നൽകാൻ കഴിഞ്ഞേക്കുമെന്ന് വിലയിരുത്തപ്പെടുന്നു.

## ഓർമകളിൽ മധുരിക്കുന്നൂ, ഓണം!

ദീപനാളം ഓണപ്പതിപ്പ് കെട്ടിലും മട്ടിലും ഉന്നതനിലവാരം പുലർത്തി. പ്രഫ. എം.കെ. സാനുവിന്റെ ലേഖനം 'ഒരുമയുടെ ഓണം ഓർമകളാകുമ്പോൾ' പലതും ഓർമിപ്പിക്കുന്ന ഒന്നായി. പഴയതലമുറയിലെ ആളുകൾ അതിലെ സാരാംശം ഉൾക്കൊള്ളാതിരിക്കില്ല. അവരിലാണല്ലോ അല്പമെങ്കിലും പഴയ ഓർമകൾ അവശേഷിച്ചിരിക്കുന്നത്.

പുതിയ തലമുറയ്ക്ക് ഓർമകളില്ലെന്നല്ല. അതുപക്ഷേ മറ്റൊന്നാവാനേ വഴിയുള്ളൂ. പഴയ വീടും തൊടിയും പൂക്കളും മരങ്ങളും ഊഞ്ഞാൽപ്പാട്ടും തിരുവാതിരയും ഓണക്കളികളുമൊന്നും അതിന്റെ യഥാർത്ഥ വിശുദ്ധിയിൽ അവർ കണ്ടിട്ടില്ല. തീർച്ച! ടി.വി. പെട്ടിക്കുള്ളിലെ 'ചാനലോണ'ത്തിനു മുന്നിലാണ് അവരൊക്കെ പെറ്റുവീണത്. അതവരുടെ കുറ്റമല്ല. കാലം മാറി, കോലവും മാറി.

ഇന്നു ഗ്രാമങ്ങൾതന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്നു; അഥവാ ചുരുങ്ങിക്കൊണ്ടിരിക്കുന്നു. വാപിളർന്നടുക്കുന്നതു നഗരങ്ങളാണ്. പലയിടങ്ങളിലും ഗ്രാമമേത്, നഗരമേത് എന്നു വ്യവച്ഛേദിക്കാനാവാത്തവിധം എല്ലാം സമ്മിശ്രമായിരിക്കുന്നു. വലുതും ചെറുതുമായ കോൺക്രീറ്റുകെട്ടിടങ്ങൾക്കിടയിൽ നട്ടുവളർത്തിയ, ഒറ്റപ്പെട്ട ചില പൂമരങ്ങൾ, ഫലവൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, തീർന്നു! ഗ്രാമവഴി എന്നൊന്നില്ല ഇന്ന്. എല്ലാം വലിയ റോഡുകളും വിശാലമായ ഹൈവേകളുമാണ്. വഴികൾക്കു വീതിയും നീളവുമേറുന്നത് ഒരു മോശം കാര്യമാണോ? ഒരിക്കലുമല്ല. മനുഷ്യനു സൗകര്യമാണത്. ഒരു വലിയ രക്ഷയാണത്. ആർക്കും എതിലെയും രക്ഷപ്പെടാം. ഒരു വഴിയല്ലെങ്കിൽ മറ്റൊരു വഴി ഇന്നുണ്ട്. നഗരകേന്ദ്രിതമായി വഴികളിങ്ങനെ വിശാലമാകുമ്പോഴും, വഴിയറിയാതെ ഉഴലുന്ന സാധുക്കൾ കേരളത്തിന്റെ ഉൾനാടുകളിൽ ഇപ്പോഴുമുണ്ട് എന്നതു നാം മറന്നുകൂടാ.



**പ്രതികരണം**

എത്രയോ പേർക്ക് ഇപ്പോഴും വഴി നിഷേധിക്കപ്പെട്ടിരിക്കുന്നു. നടപ്പുവഴിപോലുമില്ലാത്തവർ!

നാട്ടിൻപുറത്ത് ജാതിമതഭേദമെന്യേ ഓണമാഘോഷിച്ചതിനെക്കുറിച്ച് സാനുമാഷ് ഓർമിക്കുന്നുണ്ട്. തെങ്ങിന്റെ ഉയരങ്ങളിൽനിന്നാരംഭിക്കുന്ന ആലാത്ത് എന്ന വലിയ ഊഞ്ഞാലിനെക്കുറിച്ച് അദ്ദേഹം എഴുതുന്നു. കാലങ്ങൾക്കുമുമ്പ് നാട്ടിലങ്ങോളമിങ്ങോളം ഇതൊരു കാഴ്ചയായിരുന്നു. തെങ്ങിലല്ലെങ്കിൽ നാട്ടുമാവിൽ അമ്മമാരും കുഞ്ഞുങ്ങളും വരെ ഉല്ലാസപൂർവം ഊഞ്ഞാലാടി. വെയിലും തണലും കൈകോർത്തുകിടന്ന ആ പറമ്പുകൾക്ക് ഒരു പ്രത്യേക ശീതളിമയുണ്ടായിരുന്നു. തെങ്ങുകൾ, കവുങ്ങുകൾ, കുടപ്പനകൾ, ചെത്തുപനകൾ, പ്ലാവുകൾ, മാവുകൾ, ആഞ്ഞിലികൾ തുടങ്ങി എന്തെന്തു വൃക്ഷങ്ങൾ! കൂടാതെ, അത്തി, ഇത്തി, പേരാൽ, അരയാൽ തുടങ്ങിയ ഔഷധവൃക്ഷങ്ങൾ! പിന്നെയുമുണ്ട്-നെല്ലി, ചാമ്പ, മരുത്, പച്ചോനി, പേര, പാതിരി, മുഞ്ഞ, മുരിക്ക്, കുടംപുളി, വാളംപുളി, ഇലുമ്പി, ഇടന... എങ്ങനെ ഓർക്കാതിരിക്കും? അന്നത്തെ പറമ്പുകളുടെ ഹരിതഭംഗി ഇന്നുണ്ടോ? എവിടെയും റബർമരങ്ങൾ മാത്രം.

ഇന്നു പൂപറിക്കാൻ ആർക്കും എങ്ങോട്ടും ഓടേണ്ടതില്ല. വിളിച്ചുപറഞ്ഞാൽ മതി, ഇൻസ്റ്റന്റ് പൂക്കൾ നിമിഷങ്ങൾക്കകം തിണ്ണയിലെത്തും. അവ വാരി നിരത്തേണ്ട താമസം മാത്രം. ഊഞ്ഞാലാട്ടക്കാരെ അധികം കാണാനില്ലിന്ന്. ഉള്ളവർതന്നെ വീട്ടിനുള്ളിലും സിറ്റൗട്ടിലും പോർച്ചിലുമായി ഒതുങ്ങിയിരിക്കുന്നു. ഇനി ഓണസദ്യയുടെ കാര്യം. കൈയിൽ കാശുണ്ടോ, ഓണസദ്യ പായസമുൾപ്പെടെ വിളമ്പിത്തരാൻ തരാതരം ആൾക്കാർ റെഡി. വിശപ്പുണ്ടായാൽ മതി. അല്പം വിയർക്കാത്തവർക്കു വിശപ്പുണ്ടോ ആവോ?

ഇതൊക്കെ ഒരു പഴയ മനസ്സിന്റെ ചിന്തകളാണു കേട്ടോ. പുതുകാലത്തെ കുറ്റപ്പെടുത്തുകയല്ല. ഒരു കാര്യം പറയാം. ചൂടേറിയ അടപ്രഥമൻ കൈയിലിരിക്കുമ്പോഴും ഓണം മധുരിക്കണമെങ്കിൽ പോയ കാലത്തിലേക്ക് ഒന്നൂളിയിടണം. സത്യമല്ലെന്നുണ്ടോ?

**ജയശ്രീ പി.കെ.**
**പള്ളിക്കത്തോട്**

# പ്രതിസന്ധികളിലെ ധീരത



ഫാ. ജോസഫ് നെച്ചിക്കാട്ട്

1841-1992 വരെ ഇംഗ്ലണ്ടിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന വാരികയാണ് Punch. വില്യം താക്കറേ, ജോൺ ടെന്നിയേൽ തുടങ്ങിയ പ്രഗല്ഭരായിരുന്നു അതിന്റെ പ്രസാധകർ. (1996 മുതൽ അതിന്റെ രൂപഭാവങ്ങളിൽ ഭേദഗതി വന്നു). ഒന്നാം ലോകമഹായുദ്ധ കാലത്ത് അതിൽ പ്രത്യക്ഷപ്പെട്ട ഒരു കാർട്ടൂണാണ് നമ്മുടെ പരിചിന്തന വിഷയം.

വില്യം കൈസർ II തികഞ്ഞ സൈനികശക്തിയോടും പ്രതാപത്തോടുംകൂടി ജർമനി ഭരിച്ചിരുന്ന കാലം! ഫ്രാൻസ് ആക്രമിച്ചു കീഴടക്കാനായിരുന്നു അദ്ദേഹത്തിന്റെ ആദ്യപദ്ധതി. അതിനുള്ള കുറുക്കുവഴി ചെറുരാജ്യമായ ബെൽജിയത്തിലൂടെ കടന്നു

**മടിച്ചുമടിച്ചു നില്ക്കുന്നിടത്തു വിജയമില്ല. മുഴുമനസ്സോടും അതിലുപരി നിശ്ചയദാർഢ്യത്തോടും കൂടെ മുന്നോട്ടിറങ്ങിയെങ്കിൽമാത്രമേ വിജയം കരഗതമാവുകയുള്ളൂ.**

പോവുകയായിരുന്നു. തികച്ചും നിഷ്പക്ഷത പുലർത്തിയ ബൽജിയൻ രാജാവ് ആൽബർട്ട് ഒന്നാമൻ അതിനെ ധൈര്യപൂർവം നിരസിച്ചു. അതുകൊണ്ട്, 1914 ഓഗസ്റ്റ് 2-ാം തീയതി ആൽബർട്ടിന് വില്യം അന്ത്യശാസനം നല്കുകയാണ്:

“ആൽബർട്ട്, ഇതു നിരസിക്കുന്ന പക്ഷം, നിങ്ങൾക്ക് എല്ലാം നഷ്ടമാവുകയാണ്.”

അതിന് ആൽബർട്ട് കൊടുത്ത ഉത്തരമാണ് ചരിത്രത്തിന്റെ സുവർണത്താളുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്:

”നിങ്ങൾക്ക് എന്റെ ആത്മാവിനെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല - എനിക്കതു മതി.”

യാതൊരു കൂസലും കൂടാതെ, ജർമൻസൈന്യം ബൽജിയത്തിലൂടെ ഫ്രാൻസിലേക്കു കടന്നുപോയി - ഒരു ചെറുരാജ്യമായ ബൽജിയത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. എങ്കിലും, യൂറോപ്പിനെ വിറപ്പിച്ചുകൊണ്ടിരുന്ന വില്യം എന്ന അതികായന് ആൽബർട്ട് എന്ന കൊച്ചുരാജാവു കൊടുത്ത മറുപടിക്കാണു മാർക്ക്.



കരുത്തനെങ്കിലും ദൈവത്തിനെതിരായി പാപം ചെയ്ത ആഹാബുരാജാവിനെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ പറയുന്നുണ്ട്. അയാളുടെ മൂക്കത്തു വിരൽ ചൂണ്ടിക്കൊണ്ട് സംസാരിക്കുന്ന ഏലിയാ ഇതിലും വലിയ ധീരതയാണ് പ്രകടമാക്കുക. “ഞാൻ സേവിക്കുന്ന കർത്താവാണേ സത്യം, ഞാൻ പറഞ്ഞാലല്ലാതെ ഇനി നിന്റെ രാജ്യത്തു മഞ്ഞോ മഴയോ പെയ്യുകയില്ല.’’ എന്തൊരു ചങ്കൂറ്റം? ആഹാബ് കരമുയർത്തിയാൽ ഏലിയായുടെ പൊടിപോലും കാണുകയില്ല..! പുതിയ നിയമത്തിലും ഇതുപോലൊരു വ്യക്തിയെ നാം കണ്ടുമുട്ടുന്നുണ്ട് - യോഹന്നാൻ. വാളും പരിചയും കുന്തവുമുള്ള ഹേറോദേസ് രാജാവിന്റെ മുമ്പിൽ നിന്നുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്: “നിന്റെ സഹോദരന്റെ ഭാര്യയെ സ്വീകരിക്കുന്നതു ശരിയല്ല.” ആ നിർഭയത്വത്തിന്റെ മുമ്പിലാണ് നാം ശിരസ്സു നമിക്കേണ്ടത്.

സ്കോട്ടിഷ് എഴുത്തുകാരനായ തോമസ് കാർലൈൽ നമുക്കൊക്കെ സുപരിചിതനാണല്ലോ. അദ്ദേഹത്തിന്റെ സുപ്രസിദ്ധമായൊരു ഗ്രന്ഥമാണ് "On Heroes, Hero worship and the Heroic in History." അതിൽ അദ്ദേഹം ഇങ്ങനെ എഴുതി: "The courage we desire and price is not the courage to die decently but to live manfully."

ജീവിതം അവസാനിപ്പിക്കുക അത്ര പ്രയാസമുള്ള കാര്യമല്ല. അതിന് ഒരു നിമിഷം മതി. പക്ഷേ, മനുഷ്യോചിതമായി ജീവിച്ചു വിജയിക്കുക ഒരു വെല്ലുവിളിതന്നെയാണ്. അതിനുള്ള ധൈര്യമാണ് നമുക്കു വേണ്ടത്.

ആത്മഹത്യ നിത്യേന പെരുകിവരുന്ന കാലമാണല്ലോ. പ്രത്യേകിച്ച് ദൈവത്തിന്റെ സ്വന്തം നാട്ടിൽ. എന്താണു കാര്യം? ജീവിക്കാനുള്ള ധൈര്യം പലർക്കുമില്ല. പ്രതിസന്ധികളിൽ പിടിച്ചുനില്ക്കാൻ കഴിയുന്നില്ല. താത്കാലികമായ ഉപശാന്തിയാണ് പെട്ടെന്നു തോന്നുന്ന പോംവഴി. പക്ഷേ, അതെന്തുമാത്രം വിദൂരമായ പ്രത്യാഘാതങ്ങളുളവാക്കുമെന്ന്, സ്വന്തപ്പെട്ടവരെയും ബന്ധപ്പെട്ടവരെയും എന്തുമാത്രം ദുരിതത്തിലാഴ്ത്തുമെന്ന് അധികമാരും ചിന്തിക്കുന്നില്ല. അതൊരു പരിഹാരമാർഗമല്ല - തീരാത്ത പ്രശ്നങ്ങളുടെ തുടക്കമാണ്.

അജയ്യനായ നെപ്പോളിയൻ അവസാനം വാട്ടർലൂവിൽവച്ച് പരാജയപ്പെട്ടു, സെന്റ് ഹെലീനാ ദ്വീപിലേക്കു നാടുകടത്തപ്പെടുകയും ചെയ്തു. അന്ന് ഒരു ഇംഗ്ലീഷ് പത്രം ഇംഗ്ലണ്ടിൽനിന്ന് ഇങ്ങനെ റിപ്പോർട്ടു ചെയ്തു: “നെപ്പോളിയൻ ഇനി ജീവിച്ചിരിക്കാനിടയില്ല, മിക്കവാറും ആത്മഹത്യ ചെയ്തേക്കും.’’ അതിനു നെപ്പോളിയൻ പ്രതികരിച്ചതിങ്ങനെയാണ്: "Suicide is a coward's crime." അതൊരു ഭീരുവിന്റെ കുറ്റകൃത്യമാണ്. പാതകളിലൊക്കെ അതിധീരതയോടെ പട നയിച്ച നെപ്പോളിയൻ അവസാനത്തെ പ്രതിസന്ധിയെയും അങ്ങനെതന്നെ നേരിട്ടു.

മടിച്ചുമടിച്ചു നില്ക്കുന്നിടത്തു വിജയമില്ല. മുഴുമനസ്സോടും അതിലുപരി നിശ്ചയദാർഢ്യത്തോടുംകൂടെ മുന്നോട്ടിറങ്ങിയെങ്കിൽമാത്രമേ വിജയം കരഗതമാവുകയുള്ളൂ. 1918 വരെ ഇംഗ്ലണ്ടിനെ നയിച്ച, പാരീസ് പീസ് ട്രീറ്റിയിലും നിർണായകപങ്കുവഹിച്ച സർ ഡേവിഡ് ലോയിഡ് ജോർജിന് (Sir David Llyod George 1863-1945) പറയാനുണ്ടായിരുന്നത് ഒരേയൊരു കാര്യമാണ്: "Don't be afraid to take a big step if one is indicated. You can not cross a chasm in two small jumbs." സാഹസികമായ ഒരു സ്റ്റെപ്പെടുക്കേണ്ട സാഹചര്യം വരുമ്പോൾ മിഴിച്ചുനില്ക്കരുത്. രണ്ട് അരച്ചാട്ടത്തിന് ആർക്കും ഒരു കിടങ്ങു കടക്കാൻ സാധ്യമല്ലല്ലോ. ഒറ്റച്ചാട്ടത്തിനേ അതു നേടാനാവൂ. മുഴുവൻ ശക്തിയും സംഭരിച്ചുതന്നെ അതു സാധിക്കണം.

■

# തരിശുനിലത്ത് കനകം വിളയിച്ച് കർഷകപുത്രൻ

കടനാട്ടിൽനിന്ന് ഏകദേശം 53 വർഷംമുമ്പ് നീലൂർ-എള്ളുംപുറം ഭാഗത്തു കുടിയേറിയ മഠത്തിപ്പറമ്പിൽ ജോസഫ് കഠിനാധ്വാനിയായ ഒരു കർഷകനായിരുന്നു. സ്വന്തം പുരയിടം പൊന്നുവിളയുന്ന ഒരു കൃഷിഭൂമിയാക്കാൻ ഇദ്ദേഹം നടത്തിയ പരിശ്രമം അത്ര ചെറുതൊന്നുമല്ല. തരിശായിക്കിടന്നിരുന്ന പാറയുള്ള ഭൂപ്രദേശം, കയ്യാലവച്ച്, തട്ടുകളായി തിരിച്ച് മണ്ണുനിറച്ച്, ഒന്നാന്തരം കൃഷിഭൂമിയാക്കി മാറ്റി അദ്ദേഹം!



ജോസഫിന് മക്കൾ ഒൻപതുപേർ. നാലാണും അഞ്ചു പെണ്ണും. അതിൽ ഒരു മകൾ സി. ഹെൻട്രിറ്റ്, വിശുദ്ധ മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റി സന്ന്യാസസമൂഹത്തിൽചേർന്ന് സൗത്താഫ്രിക്കയിൽ സേവനമനുഷ്ഠിക്കുന്നു.

ജോസഫ് മൺമറഞ്ഞെങ്കിലും മകൻ ടോമി മഠത്തിപ്പറമ്പിലും അപ്പനെപ്പോലെതന്നെ കൃഷിക്കാര്യങ്ങളിൽ അതീവതത്പരനാണ്. പച്ചക്കറിയിനങ്ങളായ പയർ, പാവൽ, വഴുതന, വെണ്ട, തക്കാളി, ചീനി, കുമ്പളങ്ങ, മത്തൻ, ചീര, വാഴ, ചേന, മധുരക്കിഴങ്ങ് എന്നിവ ഇദ്ദേഹത്തിന്റെ കൃഷിയിടത്തിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ഇവയ്ക്കെല്ലാം ജൈവവളങ്ങളാണ് ഉപയോഗിക്കുന്നത്.

3500 ഓളം മരച്ചീനിമൂടുകൾ കൃഷി ചെയ്തിരിക്കുന്നു. ആയിരത്തോളം മത്സ്യക്കുഞ്ഞുങ്ങൾ അടങ്ങിയ മീൻകുളം വേറെ. തിലോപ്പിയ, കർട്ടർ എന്നീയിനങ്ങളാണു വളർത്തുന്നത്. ജലസേചനാവശ്യത്തിനായി പാറ പൊട്ടിച്ചു നീക്കി രൂപപ്പെട്ട കുഴിയാണ് മത്സ്യക്കുളമായി മാറിയത്. കൂട്ടത്തിൽ കൃഷിയിടത്തിൽ കയ്യാല വയ്ക്കുന്നതിനും കല്ലുപയോഗിച്ചു. വില കൊടുത്തു കല്ലു വാങ്ങേണ്ട ആവശ്യമുണ്ടായില്ല. അതും ഒരു നേട്ടംതന്നെ.

നീലൂർ സർവീസ് സഹകരണബാങ്കിന്റെ നേതൃത്വത്തിലുള്ള ഫാർമേഴ്സ് ക്ലബിൽ അംഗമാണ് ടോമി. ഇദ്ദേഹത്തിന് മൂന്ന് ആൺകുട്ടികൾ. ജോബിൻ വൈദികവിദ്യാർത്ഥി. ജിബിൻ മൂലമറ്റം സെന്റ് ജോസഫ് കോളജിലും ജിതിൻ പാലാ സെന്റ് തോമസ് കോളജിലും പഠിക്കുന്നു. ഭാര്യ സെലിനും, അവധിയുള്ളപ്പോൾ കുട്ടികളും ടോമിനെ സഹായിക്കുന്നു.

കൃഷിയിടത്തിലെ പണികൾ ഒത്തൊരുമയോടെ ഇവരെല്ലാവരുംകൂടി ചെയ്യുന്നു. ആട്, കോഴി, താറാവ് എന്നിവയുടെ വളർത്തലുമുണ്ട്. മഴമറ പച്ചക്കറികളും ചെറുതേനീച്ച വളർത്തലുമുണ്ട്. പച്ചക്കറിയിനത്തിൽ മാർക്കറ്റിൽ നല്ല വിലയുള്ളപ്പോൾ ഒരാഴ്ച ശരാശരി 1500 രൂപ ലഭിക്കുന്നു.

കടനാട് കൃഷിഭവൻ, നീലൂർ ഫാർമേഴ്സ് ക്ലബ് എന്നിവയുടെ കർഷക അവാർഡുകൾ ലഭിച്ചിട്ടുണ്ട്. പാലാ രൂപതയിലെ മികച്ച കർഷകനുള്ള കത്തോലിക്കാ കോൺഗ്രസ് പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

കടനാട് കൃഷിഭവൻ അധികൃതർ ഇടയ്ക്കിടയ്ക്ക് കൃഷിയിടം സന്ദർശിക്കുകയും വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

- ജോസഫ് കുമ്പുക്കൻ

# ലണ്ടൻ ബ്രിഡ്ജ് ഈസ് ഡൗൺ



പ്ലാത്തോട്ടം മാത്യു

എഴുപതിലേറെ വർഷങ്ങൾ ലോകത്തെ കരുതലോടെ സേവിച്ച തൂവൽസ്പർശമാണ് രണ്ടാം എലിസബത്ത് രാജ്ഞിയുടെ വിയോഗത്തോടെ നഷ്ടമാകുന്നത്. രാജ്ഞിയുടെ മരണം സ്ഥിരീകരിച്ചാൽ പ്രധാനമന്ത്രിയെ ഔദ്യോഗികമായി അറിയിക്കുന്നതിനും ബക്കിങ്ങാം കൊട്ടാരത്തിലും ഭരണസംവിധാനത്തിലും വിവരക്കൈമാറ്റത്തിനും മുൻകൂട്ടി തയ്യാറാക്കിയ കോഡുവാക്കുകളായിരുന്നു ലണ്ടൻ ബ്രിഡ്ജ് ഈസ് ഡൗൺ എന്നത്. ഇത്തരം കോഡുവാക്കുകൾ ഓരോ വർഷവും മാറ്റിക്കൊണ്ടിരിക്കും. ഡി.ഡി./ഡി 0 എന്ന കോഡിലായിരിക്കും മരണദിവസം അറിയപ്പെടുക. പുതിയ പ്രധാനമന്ത്രിയായി ചുമതലയേറ്റ ലിസ് ട്രസ്, രാജ്ഞിയുടെ മരണാനന്തരച്ചടങ്ങുകൾ സംബന്ധിച്ച ഭരണപരമായ ചുമതലകൾ വഹിക്കും. 56 രാജ്യങ്ങളടങ്ങിയ കോമൺവെൽത്ത് സംഘടനയുടെ അധ്യക്ഷയും പതിന്നാലു രാജ്യങ്ങളിലെ രാജ്ഞിയുമായിരുന്നു അവർ. എഴുപതു വർഷവും 214 ദിവസങ്ങളും അവർ അധികാരത്തിലിരുന്നു. ബ്രിട്ടീഷ് ചരിത്രത്തിൽ ഏറ്റവും നീണ്ട കാലം അധികാരം വഹിച്ച റിക്കാർഡാണ് രാജ്ഞിയുടേത്.

അധികമാരും അറിയാത്ത ഒരു പട്ടാളസേവനചരിത്രവും അവർക്കുണ്ട്. ചെറുപ്പകാലത്ത് സൈന്യത്തിൽ ചേർന്ന് രാജ്യത്തിനുവേണ്ടി പ്രവർത്തിക്കണമെന്ന് എലിസബത്ത് തീരുമാനിച്ചു. മകളുടെ നിർബന്ധത്തിനു വഴങ്ങി മാതാപിതാക്കൾ സൈനികസേവനത്തിന് അനുമതി നൽകി. ഗതാഗതവിഭാഗത്തിൽ (ടെറിട്ടോറിയൽ ഓക്സിലറി) ഓഫീസറായിട്ടായിരുന്നു തുടക്കം.

1926 ഏപ്രിൽ 21 ന് പുലർച്ചെ 2.40 ജനിച്ച രാജ്ഞിയുടെ പൂർണനാമം എലിസബത്ത് അലക്സാൻഡ്രിയ മേരി വിൽസൺ എന്നായിരുന്നു. പിന്നീട് ബ്രിട്ടീഷ് രാജാവായിത്തീർന്ന ആൽബർട്ട് രാജകുമാരൻ – എലിസബത്ത് രാജകുമാരി ദമ്പതികളുടെ ആദ്യജാതയായിട്ടായിരുന്നു ലിലിബൈറ്റ് എന്ന രാജകുമാരിയുടെ ജനനം. പത്താംവയസ്സിൽ കിരീടാവകാശിയായി. രണ്ടാംലോകയുദ്ധകാലത്ത് ടെലിവിഷനിലൂടെ പ്രഭാഷണം നടത്താൻ അവസരം ലഭിച്ചു. യുദ്ധത്തിന്റെ ഭീകരതകൾ അനുഭവിക്കുന്ന കുട്ടികൾക്കുവേണ്ടിയായിരുന്നു പ്രഭാഷണം. സൂര്യനസ്തമിക്കാത്ത വലിയ സാമ്രാജ്യത്തിന്റെ രാജ്ഞിയായിരുന്നപ്പോഴും പാരമ്പര്യങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും ചങ്ങലക്കെട്ടുകളിൽ അവർ ബന്ധിതയായിരുന്നു എന്നതു വിസ്മരിക്കാനാവില്ല.

1936 ജനുവരിയിൽ ജോർജ് അഞ്ചാമന്റെ മരണത്തിനുശേഷം മൂത്ത മകൻ എഡ്വേർഡ് ആറാമൻ അധികാരത്തിലെത്തി. എന്നാൽ, അമേരിക്കൻ പൗരത്വമുള്ള വാലിസ് സിംപ്സണുമായി വിവാഹത്തിനുള്ള തീരുമാനത്തോടെ കോമൺവെൽത്ത് രാജ്യകൂട്ടായ്മയും ബ്രിട്ടീഷ് സർക്കാരും എഡ്വേർഡിന്റെ തീരുമാനത്തിനെതിരായി. ചർച്ച് ഓഫ് ഇംഗ്ലണ്ട് തലവൻകൂടിയായ എഡ്വേർഡ് രാജാവിനെതിരേ എതിർപ്പുകൾ ശക്തമായി. മതപരമായും നിയമപരമായും അധികാരത്തിൽ തുടരാൻ തടസ്സമുണ്ടായതോടെ അദ്ദേഹം സ്ഥാനത്യാഗം ചെയ്തു. അധികാരത്തിലെത്തി പതിനൊന്നാം മാസം 1936 ഡിസംബർ 10 ന് എഡ്വേർഡ് ആറാമൻ സ്ഥാനമൊഴിഞ്ഞതോടെ അദ്ദേഹത്തിന്റെ സഹോദരൻ ജോർജ് ആറാമൻ രാജാവായി. അതോടെ എലിസബത്ത് രാജകുമാരി കിരീടാവകാശിയായി.

അധികാരത്തിൽ മാത്രമല്ല, ഫിലിപ്പ് രാജകുമാരനുമായുള്ള നീണ്ടകാല ദാമ്പത്യവും റിക്കാർഡാണ്. 1947 നവംബർ 20 ന് ഫിലിപ്പ് രാജകുമാരനെ വിവാഹം ചെയ്തു. വിവാഹത്തിനുശേഷം വൈകാതെ ബ്രിട്ടീഷ് രാജ്ഞിയായി എലിസബത്ത് അവരോധിക്കപ്പെട്ടു. വെസ്റ്റ് മിനിസ്റ്റർ ആബേയിലായിരുന്നു സ്ഥാനാരോഹണച്ചടങ്ങ്. കെനിയയിൽ ഭർത്താവ് ഫിലിപ്പ് രാജകുമാരനുമായി സന്ദർശനം നടത്തുന്നതിനിടയിലായിരുന്നു പിതാവു മരണമടയുന്നതും എലിസബത്ത് രാജ്ഞിയായി മാറുന്നതും. ഇതിനെക്കുറിച്ചു രസകരമായ ഒരു കഥയുണ്ട്. എലിസബത്തിന്റെ ആഗ്രഹപ്രകാരം ദമ്പതികൾ ഒരു ഏറുമാടത്തിൽ രാത്രി താമസിക്കാൻ തീരുമാനിച്ചു. നൂലേണിവഴി രണ്ടുപേരും മരത്തിനുമുകളിൽ ഏറുമാടത്തിലേക്കു കയറി. അന്നു രാത്രിയാണ് എലിസബത്തിന്റെ പിതാവ് ജോർജ് ആറാമൻ അന്തരിക്കുന്നത്. അതോടെ കിരീടാവകാശിയായ എലിസബത്ത് നൂലേണിവഴി താഴേക്കിറങ്ങിയത് ബ്രിട്ടന്റെ അധികാരകേന്ദ്രമായ രാജ്ഞിയായിട്ടായിരുന്നു. ബാല്യ-കൗമാരകാലഘട്ടത്തിൽ എലിസബത്ത് വളരെ ചിട്ടയായ പഠനവും പരിശീലനവും നേടിയിരുന്നു. കൗമാരത്തിൽത്തന്നെ ബൈബിൾ



കാണാപ്പാഠം പഠിക്കാൻ അമ്മ പ്രേരിപ്പിച്ചു. അതുവഴി, ക്രിസ്തുവിലും ക്രൈസ്തവവിശ്വാസത്തിലും ആഴമായ അറിവും ദൃഢതയും ലഭിക്കാൻ കാരണമായി. ജീവിതകാലം മുഴുവൻ വിശ്വാസം കാത്തുസൂക്ഷിക്കാൻ ബൈബിൾപഠനം സഹായിച്ചു.

ലോകത്തെ ഏറ്റവും ശക്തയായ ഭരണാധികാരിയായിരിക്കേ, ബൈബിൾപാരായണവും പ്രാർത്ഥനയുമുള്ള കടുത്ത ദിനചര്യയായിരുന്നു അവരുടേത്. 28-ാം വയസ്സിൽ സ്ഥാനമേറ്റ രാജ്ഞി വൈകാതെ ഒട്ടുമിക്ക കോമൺവെൽത്ത് രാജ്യങ്ങളും സന്ദർശിച്ചു. കിരീടധാരണത്തിന്റെ 70-ാം വാർഷികമാകുമ്പോഴേക്ക് നൂറിലധികം വിദേശരാജ്യങ്ങൾ സന്ദർശിച്ചിരുന്നു. നാലായിരത്തോളം നിയമങ്ങളിൽ രാജ്ഞി ഒപ്പുവച്ചു. 28 രാജ്യങ്ങളിൽ രാജ്ഞിയുടെ മുഖമുള്ള നാണയങ്ങളുണ്ട്.

പ്രധാനമന്ത്രിമാർ രണ്ടാഴ്ചയിലൊരിക്കൽ രാജ്ഞിയുടെ മുമ്പിലെത്തി ഭരണകാര്യങ്ങൾ വിശദീകരിക്കണം, ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകണം. ഈ കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി രാജ്ഞിക്കുമുമ്പിൽ നിന്നുകൊണ്ടു വേണം സംസാരിക്കാൻ. ഇതിനു മാറ്റം വരുത്തിയ സംഭവമായി ചൂണ്ടിക്കാട്ടുന്നത് വിൻസ്റ്റൺ ചർച്ചിൽ പ്രധാനമന്ത്രിയായിരിക്കേ, നടത്തിയ ഒരു സന്ദർശനത്തിൽ അദ്ദേഹം രോഗിയും ക്ഷീണിതനുമാണെന്നു മനസ്സിലാക്കി തന്റെയടുത്ത് ഇരിക്കാൻ രാജ്ഞി ക്ഷണിക്കുകയും അദ്ദേഹം ഇരുന്നുകൊണ്ട് സംസാരിച്ചതുമാണ്. പുതിയ പ്രധാനമന്ത്രിക്ക് ഇത്തരത്തിൽ കൂടിക്കാഴ്ചയ്ക്ക് അവസരം ലഭിച്ചില്ല. പ്രധാനമന്ത്രിയായി അവർ സ്ഥാനമേറ്റ് വൈകാതെയാണ് രാജ്ഞിയുടെ വിയോഗം.

ഔദ്യോഗികഫയലുകൾ, വിദേശബന്ധങ്ങൾ, കോമൺവെൽത്ത് ഓഫീസ് കാര്യങ്ങൾ, താൻ രാജ്ഞിയായി അധികാരം വഹിക്കുന്ന 14 വിദേശരാജ്യങ്ങൾ സംബന്ധിച്ച കാര്യങ്ങൾ തുടങ്ങി എല്ലാ വിവരങ്ങളുമടങ്ങിയ ഫയലുകളും പരിശോധനയ്ക്കും അംഗീകാരത്തിനുമായി എത്തിച്ചിരുന്നു. സുപ്രധാന ഫയലുകൾ വിശദമായി പഠിച്ച് വിദഗ്ധരുടെ അനുമതിയോടെയായിരുന്നു രാജ്ഞി ഒപ്പിട്ടു നൽകിയിരുന്നത്. ഇത്തരം ദിനചര്യയ്ക്കു മാറ്റമുള്ളത് വർഷത്തിൽ രണ്ടു ദിവസങ്ങളിൽ മാത്രമായിരുന്നു, ക്രിസ്മസ് ദിനത്തിലും ഈസ്റ്റർ ഞായറാഴ്ചയും. രാജ്ഞി ഒപ്പിടുന്നതിലൂടെ നിയമമായും കല്പനയായും മാറുന്നവയായിരുന്നു ഫയലുകളിലേറെയും എന്നതിനാൽ ഓരോ കാര്യത്തിലും സൂക്ഷ്മമായ പരിശോധന വേണ്ടിയിരുന്നു.

രാജ്ഞിയുടെ മരണം ഔദ്യോഗികമായി പ്രഖ്യാപിച്ചതോടെ മൂത്ത മകൻ ചാൾസ് രാജാവായി ചുമതലയേറ്റു. ചാൾസ് മൂന്നാമൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുക. രാജ്ഞിയുടെ മരണശേഷം 24 മണിക്കൂറിനകം പിന്തുടർച്ചക്കാരനെ പ്രഖ്യാപിക്കുകയാണു പതിവ്. മക്കളായ വില്യമും ഹാരിയും സമ്മാനിച്ച വെള്ളിമഷിക്കുപ്പിയിൽനിന്നു നിറച്ച പേനകൊണ്ട് ആദ്യത്തെ ഒപ്പ് ചാൾസ് രാജാവ് രേഖപ്പെടുത്തി. സ്ഥാനാരോഹണ കൗൺസിലിന്റെ ഔദ്യോഗികപ്രഖ്യാപനരേഖയുടെ രണ്ടു പകർപ്പുകളിൽ കറുത്ത മഷിയുപയോഗിച്ച് ചാൾസ് ഒപ്പിട്ടു. ഭാര്യ കാമിലയും വെയിൽസ് രാജകുമാരനായ മകൻ വില്യമും രേഖകളിൽ ഇതേ മഷിയുപയോഗിച്ചാണ് ഒപ്പുവച്ചത്. ആർഭാടപൂർണമായ ഔദ്യോഗികസ്ഥാനാരോഹണം പിന്നീടു നടക്കും.

ചാൾസ് മൂന്നാമൻ രാജാവായി അധികാരമേറ്റതിനുശേഷം പ്രധാനമന്ത്രി ലിസ് ട്രസും മുതിർന്ന അംഗങ്ങളും പാർലമെന്റിന്റെ അധോസഭയായ ഹൗസ് ഓഫ് കോമൺസിൽ സത്യപ്രതിജ്ഞ പുതുക്കി. സ്പീക്കർ ലിൻഡ്സെ ഹോയിൽ ആദ്യം രാജാവിനുമുമ്പിൽ കൂറുപ്രഖ്യാപിച്ചു സത്യപ്രതിജ്ഞ നടത്തി. നിലവിലെ ജനപ്രതിനിധികൾ രാജ്ഞിയുടെ പേരിൽ സത്യപ്രതിജ്ഞ നടത്തി അധികാരത്തിലെത്തിയവരാണ്. രാജാവു മരിച്ചാൽ സത്യപ്രതിജ്ഞ പുതുക്കണമെന്നു നിയമപരമായ നിഷ്കർഷയില്ല. എങ്കിലും, താത്പര്യമുണ്ടെങ്കിൽ 650 പാർലമെന്റംഗങ്ങൾക്കും സത്യപ്രതിജ്ഞ പുതുക്കാം.

# കടമെടുത്തു കാര്യം നടത്തി എത്രകാലം?

(1-ാം പേജ് തുടർച്ച)

ഇതാണു സംഭവിച്ചത്. കേന്ദ്രം 23,000 കോടി രൂപ നിഷേധിച്ചെന്നോ തടഞ്ഞുവച്ചെന്നോ ഒക്കെ തോന്നുന്നവിധം സംസ്ഥാനം പ്രചാരണം നടത്തി. പക്ഷേ, നിയമസഭ പാസാക്കിയ ബജറ്റിൽനിന്നു കേന്ദ്രനിലപാടുമൂലം വന്ന കുറവ് 2578 + 3578 = 6156 കോടി രൂപ മാത്രം എന്നതാണു വസ്തുത. ധനകാര്യപ്രതിസന്ധിക്കു ഭാഗിക ഉത്തരവാദിത്വം മാത്രമുള്ള കേന്ദ്രത്തിനു മുഴുവൻ ഉത്തരവാദിത്വവും ചാർത്തിക്കൊടുത്തതും രാഷ്ട്രീയം എന്നു കണക്കാക്കാം.

**പ്രതിസന്ധി യാഥാർഥ്യം**

പക്ഷേ, കേരളം ധനകാര്യപ്രതിസന്ധിയിലാണ്. ഓണച്ചെലവു കഴിഞ്ഞപ്പോൾ കൈയിലും ഖജനാവിലും കാൽക്കാശില്ല. ഒന്നോർക്കുക: ഇത്തവണ ഓണത്തിന് ഒരു മാസത്തെ ശമ്പളം മാത്രമേ നൽകേണ്ടിവന്നുള്ളൂ. ചില കൊല്ലങ്ങളിൽ രണ്ടു മാസത്തെ ശമ്പളം ഒരേ മാസം നൽകി ട്രഷറി ദാരിദ്ര്യത്തിലാകാറുണ്ട്. ഇത്തവണ അങ്ങനെ



ബുദ്ധിമുട്ടു വന്നില്ല. എന്നിട്ടും കാശില്ലാതായി. ചെലവു വർധിക്കുന്നു, വരുമാനം അതനുസരിച്ചു കൂടുന്നില്ല. വരുമാനം ഉണ്ടാക്കാൻ പറ്റുമായിരുന്ന വില്പനനികുതിയെ ജിഎസ്ടി എന്നാക്കി കേന്ദ്രം കൊണ്ടുപോയി. ഇപ്പോൾ മൊട്ടുസൂചിക്കു നികുതി കൂട്ടണമെങ്കിലും മറ്റെല്ലാ സംസ്ഥാനങ്ങളും കേന്ദ്രവും സമ്മതിക്കണം. ധനകാര്യസ്വാതന്ത്ര്യം നഷ്ടമായി എന്നു ചുരുക്കം. അത് ഒരു പ്രധാന വസ്തുത.

**വരവും ചെലവും അകലുമ്പോൾ**

പ്രതിസന്ധിയിലേക്കു നയിച്ചത് ഇവയൊന്നുമല്ല. നമ്മുടെ വരുമാനവർധനയുടെ തോതിനെക്കാൾ കൂടിയ തോതിലാണു ചെലവ് വർധിക്കുന്നത്. അതിന്റെ ഉത്തരവാദിത്വം ഭരിക്കുന്നവർക്കുതന്നെയാണ്. വരവു കണക്കാക്കി ചെലവു ക്രമീകരിക്കണം. അതിനാണല്ലോ ബജറ്റും മറ്റു സംവിധാനങ്ങളും. പക്ഷേ, നടക്കുന്നത് വോട്ട് ബജറ്റിങ് മാത്രമാണ്. വോട്ടിനുവേണ്ടി ചെലവുകൾ ക്രമീകരിക്കുന്നു. സംസ്ഥാനത്തിന്റെ ധനനിലയോ അതിന്റെ ഭദ്രതയോ ചിന്തിക്കാതെ ചെലവ് ഉണ്ടാക്കുന്നു.

സംസ്ഥാനത്തിന്റെ റവന്യുചെലവിൽ സിംഹഭാഗവും മൂന്നു കാര്യങ്ങൾക്കാണ്. ശമ്പളം, പെൻഷൻ, പലിശ എന്നിവ. ഈ വർഷം 1,73,582 കോടി രൂപയാണു സർക്കാർ പ്രതീക്ഷിക്കുന്ന ചെലവ്. ഇതിൽ 1,57,066 കോടി റവന്യുചെലവ്. അതിൽ 94,781 കോടി രൂപ മുൻപറഞ്ഞ മൂന്ന് ഇനങ്ങളിലായി ചെലവാകുന്നു. ശമ്പളം 41,981 കോടി, പെൻഷൻ 26,834 കോടി, പലിശ 25,966 കോടി. മൊത്തം റവന്യുചെലവിന്റെ 60.34 ശതമാനം ഈ മൂന്നിനങ്ങളിലാണ്. റവന്യു വരുമാനത്തിന്റെ 70.68 ശതമാനം ഈ മൂന്നു കാര്യങ്ങൾക്കായി ചെലവാക്കുന്നു.

ഇതിൽ മറ്റൊന്നുകൂടി കാണേണ്ടതുണ്ട്. രണ്ടു വർഷംമുമ്പ് 2020-21-ൽ ശമ്പളച്ചെലവ് 27,728 കോടി രൂപ മാത്രമായിരുന്നു. പെൻഷൻചെലവ് അക്കൊല്ലം 18,943 കോടി രൂപ. ഈ വർഷം അവ യഥാക്രമം 41,981 കോടിയും 26,834 കോടിയുമായാണു ബജറ്റിൽ കണക്കാക്കുന്നത്. (ചെലവിനങ്ങൾ വർഷാവസാനം ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടുന്നതാണു പതിവ്.) ഇവയുടെ വർധന യഥാക്രമം 51.4 ശതമാനവും 41.66 ശതമാനവും. രണ്ടു വർഷത്തെ വർധനയാണിത്. കഴിഞ്ഞ വർഷം ഈയിനങ്ങളിൽ കുടിശ്ശികയുടെ അധികച്ചെലവുകൂടി ഉണ്ടായിരുന്നതുകൊണ്ടാണു ഈ വർഷത്തെ കണക്കുമായി താരതമ്യം നടത്തുന്നത്. ഇതേസമയം, സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വരവ് 97,617 കോടിയിൽനിന്ന് 1,34,098 ആയി. വർധന 37.37 ശതമാനം. ചുരുക്കം ഇതാണ്: റവന്യു വരുമാനത്തിലെ വർധനയെക്കാൾ കൂടുതലാകുന്നു മുഖ്യ ചെലവിനങ്ങളിലെ വർധന. ഇതു തുടർന്നുകൊണ്ടുപോകാൻ പറ്റുന്ന കാര്യമല്ല. അധികച്ചെലവ് ഇല്ലാത്തപ്പോൾപോലും രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പറ്റുകയില്ല.

ശമ്പള, പെൻഷൻ ചെലവുകൾ ഇത്രയും വർധിച്ചത് ശമ്പളപരിഷ്കാരം നടപ്പാക്കിയതുകൊണ്ടാണ്. കേന്ദ്രത്തിലും മിക്ക സംസ്ഥാനങ്ങളിലും പത്തു വർഷം കൂടുമ്പോഴാണു ശമ്പളപരിഷ്കരണം. കേരളത്തിൽ അഞ്ചു വർഷം കൂടുമ്പോഴും. ഇതു കേന്ദ്രത്തിലേതുപോലെയാക്കണമെന്നു നിരവധി സമിതികളും വിദഗ്ധരും ശിപാർശ ചെയ്തിട്ടുള്ളതാണ്. പക്ഷേ, ആരും ആ തീരുമാനത്തിന് തന്റേടം കാണിച്ചിട്ടില്ല.

**കടമെടുത്തു സദ്യ നടത്തുന്നു**

റവന്യു ചെലവ് വർധിക്കുമ്പോൾ റവന്യുക്കമ്മി കൂടുന്നു. അതു നികത്താൻ കടമെടുക്കും. മുൻകാലത്തു മൂലധനനിക്ഷേപമാണു കടമെടുത്തു നടത്തിയിരുന്നത്. ഇപ്പോൾ കടത്തിൽ ഭൂരിഭാഗവും റവന്യുക്കമ്മി നികത്താൻ ഉപയോഗിക്കുന്നു. കഴിഞ്ഞ വർഷം 37,656 കോടി കടമെടുത്തതിൽ 23,176 കോടിയും റവന്യുക്കമ്മി നികത്താനായിരുന്നു. അതായത്, നിത്യനിദാനച്ചെലവുകൾക്ക്. ലോൺ എടുത്ത് സദ്യ നടത്തുന്നതുപോലുള്ള കാര്യം. ഈ പ്രവണത അവസാനിക്കാതെ സർക്കാരിന്റെ ധനകാര്യപ്രതിസന്ധി ഇല്ലാതാകില്ല. കമ്മി കൂടുമ്പോൾ കടം കൂടും. അതു പലിശച്ചെലവ് കൂട്ടും. തൽക്കാലം കടം എടുത്തു കാര്യം നടത്തി മിടുക്കുകാണിക്കുന്നവർ ഭാവിക്കു ഭാരം കരുതി വയ്ക്കുകയാണ്. അതൊഴിവാക്കാനും സർക്കാർ ചെലവു ചുരുക്കണം. അഥവാ ചെലവ് വരുമാനത്തിൽ ഒതുക്കാൻ തയ്യാറാകണം.

**വോട്ടിനു തസ്തിക**

തസ്തികകൾ കുറയ്ക്കുന്നതടക്കം സർക്കാരിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കാനും മറ്റും ധാരാളം ശിപാർശകൾ ഉണ്ട്. പക്ഷേ, ജീവനക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിൽ മത്സരം നടക്കുന്നതേ കണ്ടിട്ടുള്ളൂ. താത്കാലികമായി നിയമിച്ചു കുറേക്കാലം കഴിഞ്ഞു മാനുഷിക പരിഗണന പറഞ്ഞു സ്ഥിരപ്പെടുത്തുന്നു. പിന്നീടു തസ്തിക റെഗുലറാക്കുന്നു. ഇത് വർഷങ്ങളായി തുടരുന്നു. നഷ്ടത്തിലോടുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുമെന്നു നിരന്തരം പറയാറുണ്ട്. സ്ഥാപനങ്ങൾ ഇല്ലാതാക്കുകയല്ല, ലാഭകരമായി മാറ്റുകയാണു നയമെന്നു പറയുന്ന ഗവൺമെന്റാണുള്ളത്. പക്ഷേ, കെഎസ്ആർടിസി അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിനും അതുവഴി ജനങ്ങൾക്കും ബാധ്യതയായിത്തുടരുന്നു.

ശമ്പളംപോലും കൊടുക്കാനുള്ള വരുമാനം കെഎസ്ആർടിസിക്ക് ഇല്ല. പുറമേ, വിരമിച്ചവർക്കു പെൻഷനും നൽകണം. ഇങ്ങനെയൊരു കോർപ്പറേഷൻ വേണമോ എന്ന ചോദ്യം ആരും ഉന്നയിക്കാത്തത് എന്തുകൊണ്ട് എന്നതാണ് ഞെട്ടിപ്പിക്കുന്ന കാര്യം. ബസ് സർവീസ് നടത്താൻ വേണ്ട ശേഷി സ്വകാര്യമേഖലയ്ക്ക് ഇല്ലാതിരുന്നപ്പോൾ സർക്കാർ അതു തുടങ്ങിവച്ചു. ഇപ്പോൾ മാറിച്ചിന്തിക്കാവുന്ന കാലമാണ്. പക്ഷേ, അങ്ങനെ ചിന്തിക്കുന്നതുതന്നെ വിലക്കപ്പെട്ടിരിക്കുന്നു. കെഎസ്ആർടിസി തന്നെ വേണമെന്നില്ല പൊതുഗതാഗതം നടക്കാൻ എന്നു സമ്മതിച്ചാലേ പരിഹാരമാർഗങ്ങൾ തെളിയൂ. സ്വയം വിരമിക്കൽ (വിആർഎസ്), പുനർവിന്യാസം (ജീവനക്കാരെ യോഗ്യത നോക്കി ഏതാനും വർഷംകൊണ്ടു മറ്റിടങ്ങളിൽ നിയമിക്കൽ) തുടങ്ങിയവവഴി ജീവനക്കാരുടെ ആശങ്കകൾക്കു പരിഹാരം കാണുന്ന പാക്കേജ് ഉണ്ടാകണം. നിലവിലെ പെൻഷൻകാരുടെ കാര്യം സർക്കാർ ഏറ്റെടുക്കേണ്ടിവരും. ആസ്തികൾ വിറ്റുകിട്ടുന്ന പണത്തിൽ കുറേഭാഗം നീക്കിവച്ചു പെൻഷനു നിധി ഉണ്ടാക്കാനാകും. അങ്ങനെ വിപ്ലവകരമായി ചിന്തിച്ചാൽ മാത്രമേ എന്നും നികുതിദായകർക്കു ഭാരമായ ഒരു കോർപ്പറേഷനെ ഇല്ലാതാക്കാനാകൂ. ഇങ്ങനെ ഭരണത്തിലെ ദുർമേദസുകൾ ഓരോന്നായി ഇല്ലായ്മചെയ്യാൻ പറ്റുന്നവർക്കേ കേരളത്തെ രക്ഷിക്കാനാവൂ.

■

---

## ഈശോ 26

FROM THE BIBLE



ഫാ. തോമസ്
പാട്ടത്തിൽചിറ CMF



# തിരുവത്താഴം

അന്ത്യം അടുത്തപ്പോഴും അത്താഴമൊരുക്കാൻ അവൻ മറന്നില്ല. അപ്പമായി അവതരിച്ച് അനേകായിരങ്ങളെ തീറ്റി തൃപ്തനാക്കിയവൻ വാഴ്വിൽ വിളമ്പിക്കൊടുത്ത അവസാന അത്താഴം. മണിക്കൂറുകൾക്കുള്ളിൽ മാരകമായി മുറിയപ്പെടാനുള്ള തന്റെ മേനിയും, ചൊരിയപ്പെടാനുള്ള ചോരയും തീൻമേശമേൽ അവൻ കുർബാനവിഭവങ്ങളായി വീതിച്ചുവിളമ്പി. പറിച്ചുകീറപ്പെടാൻ പോകുന്നതിനുമുമ്പും അവനു പറയാനുള്ളതു പകുത്തുകൊടുക്കുന്നതിനെക്കുറിച്ചു മാത്രം. വിശ്വസ്തനും വഞ്ചകനും കള്ളനും കപടനും സന്ദേഹിക്കും സ്ഥാനമോഹിക്കുമൊക്കെ ഒരുപോലെ അവൻ ആ വിരുന്നുശാലയിൽ തനിക്കൊപ്പം ഇരിപ്പിടമൊരുക്കി. തന്നെ ഒറ്റിക്കൊടുക്കാനിരുന്നവന്റെ മുത്തത്തിനും, തള്ളിപ്പറയാനിരുന്നവന്റെ മൊഴികൾക്കും, തിരസ്കരിക്കാനിരുന്നവരുടെ ഭീരുത്വത്തിനുമൊക്കെ മുൻകൂർ നന്ദിയായി തന്റെ തിരുശ്ശരീരരക്തങ്ങളുടെ പങ്ക് അവൻ മുറിച്ചുകൊടുത്തു. അന്ത്യഭോജനത്തെ അവൻ ആദ്യകുർബാനയാക്കിമാറ്റി. ആത്മീയയാത്രയിൽ നമുക്കു ഭുജിക്കാനുള്ള വഴിച്ചോറ്. അന്ത്യത്താഴത്തിന്റെ അനുസ്മരണവും ആത്മാവിന്റെ ആഹാരവുമാണ് അനുദിനം അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാന. ഈ കൂദാശയിലുള്ള നമ്മുടെ പങ്കാളിത്തം, നിഷ്ഠക്രമം, ആഭിമുഖ്യം തുടങ്ങിയവയെ മനനവിഷയമാക്കാം. കുർബാന നമുക്ക് എങ്ങനെയെങ്കിലും നിറവേറ്റേണ്ട ഒരു ബാധ്യതയോ അതോ, ആത്മരക്ഷയ്ക്കുള്ള ഒരു സാധ്യതയോ? അതിന്റെ സമയദൈർഘ്യം വിരസതയും പിറുപിറുപ്പും ഉളവാക്കുന്നുണ്ടോ? ദിവ്യബലിക്ക് വൈകിയുള്ള വരവും വെളിയിലും വാതിൽപ്പടികളിലുമുള്ള ഇരിപ്പും, കളിതമാശകളുമൊക്കെ നമ്മുടെ ഞായറാഴ്ചയാചരണത്തിന്റെ ഭാഗമാണോ? കശാപ്പുശാലയിലേക്കു പോകുംവഴി കയറിക്കാണാനുള്ളതല്ല ഞായറാഴ്ചക്കുർബാന. ദിവ്യബലി വെറുമൊരു ചടങ്ങാകരുത്. മറിച്ച്, നമ്മുടെ ആത്മാവിനെ പൈശാചികശക്തികളുടെ ആക്രമണത്തിൽനിന്നു സംരക്ഷിക്കാൻ ചുറ്റിലും കുഴിക്കപ്പെട്ടിരിക്കുന്ന ഒരു കിടങ്ങായിരിക്കണം. ആത്മാവിന്റെ ആഗ്രഹത്തോടും ആർത്തിയോടുംകൂടെ ദിവ്യബലിക്കണയാം. ഓരോ ബലിയിലും ഒടുവിലത്തേതിലെന്നപോലെ പങ്കുകൊള്ളാം. കുർബാനവിഭവങ്ങൾ കഴിക്കുകയും കുടിക്കുകയും ചെയ്യുമ്പോഴേ വിരുന്ന് പൂർണമാകുന്നുള്ളൂ. അതിനു ഹൃദയം നിർമലമായിരിക്കണം. ഒറ്റുകാരൻ സ്വീകരിച്ചത് തിരുശ്ശരീരമായിരുന്നെങ്കിലും അവനിൽ സന്നിവേശിച്ചത് സാത്താനായിരുന്നു. അയോഗ്യതയോടെ കുർബാന ഉൾക്കൊള്ളുമ്പോൾ നാം ശരിക്കും പേടിക്കണം. ക്രൈസ്തവരായ നമ്മുടെ കുടുംബങ്ങൾ സെഹിയോൻമാളികകളായി പുനർപണിയപ്പെടണം. സ്നേഹം, സേവനം, ആദരവ്, കരുണ, കരുതൽ ആദിയായവ ഭക്ഷണമേശയിലെ രുചിക്കൂട്ടുകളാകണം. അങ്ങനെ നമ്മുടെ ഊട്ടുമുറികൾ വിശുദ്ധീകരിക്കപ്പെടട്ടെ. നമ്മുടെ ഭവനം ഭൂവിലെ ഭുവനമാകട്ടെ. ഒപ്പം, നമ്മുടെ ജീവിതസാഹചര്യങ്ങളിൽ ബലിയായും, നമ്മുടെ ആശ്രിതർക്ക് അപ്പമായും തീരാം.

■

# കേരളത്തിൽ വളർന്നുവരുന്ന വിവാഹവിരുദ്ധ സംസ്കാരം



ഡോ. ഡൊമിനിക് വെച്ചൂർ

**കു**ടുംബബന്ധങ്ങളുടെ കെട്ടുറപ്പ് ശക്തമായിരുന്ന കേരളത്തിൽപ്പോലും ജീവിതസാഹചര്യങ്ങൾ വളരെ വേഗത്തിൽ മാറുകയാണ്. നിസ്സാരകാരണങ്ങളുടെ പേരിലുള്ള വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നു. കലഹിക്കുന്ന ദമ്പതികളും ഉപേക്ഷിക്കപ്പെട്ട കുട്ടികളും ആശ്രയമില്ലാതെയാകുന്ന വിവാഹമോചിതരും വർധിക്കുന്നതോടെ സമൂഹത്തിന്റെ ശാന്തത നഷ്ടമാകുകയും വളർച്ച മുരടിക്കുകയും ചെയ്യുന്നു. മദ്യപാനവും മയക്കുമരുന്നും തകർക്കുന്ന കുടുംബബന്ധങ്ങളും നിരവധിയാണ്. പുതുതലമുറ വിവാഹത്തെ തള്ളിപ്പറയാൻ തുടങ്ങിയിരിക്കുന്നു. കേവലകൂടിത്താമസങ്ങളുടെ എണ്ണം കൂടിവരുന്നു. വിവാഹപൂർവബന്ധങ്ങളും വിവാഹേതരബന്ധങ്ങളും ലൈംഗികാതിക്രമങ്ങളും വിവാഹഭയവും ഇന്ന് സാമാന്യമാകുകയാണ്. മാനവസംസ്കാരത്തിന്റെ അടിസ്ഥാനമായ കുടുംബങ്ങളെ ഇല്ലാതാക്കുന്ന വിവാഹവിരുദ്ധത ഇന്ന് കേരളത്തിൽ വർദ്ധിച്ചുവരുന്നു. ഇക്കാര്യത്തിൽ വാട്സാപ്പ് ഗ്രൂപ്പുകൾപോലുള്ള സാമൂഹികസമ്പർക്കമാധ്യമങ്ങൾക്കു വലിയ പങ്കുണ്ട് എന്നു പറയാതെവയ്യ. പ്രത്യേകിച്ച്, പൂർവവിദ്യാർത്ഥി ഗ്രൂപ്പുകൾ, പോൺസൈറ്റുകൾ, ന്യൂജെൻസിനിമകൾ, പ്രൈം ടൈം സീരിയലുകൾ, ബിഗ്ബോസ്പോലുള്ള മെഗാ പ്രോഗ്രാമുകൾ, കൂടിത്താമസത്തെ മഹത്ത്വവത്കരിക്കുന്ന സിനിമാതാരങ്ങൾ എന്നിവയൊക്കെ മേൽപ്പറഞ്ഞ സ്വതന്ത്രസംസ്കാരത്തെയും ലിബറൽ ചിന്തകളെയും പ്രോത്സാഹിപ്പിക്കുന്നു.

'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിളിക്കപ്പെടുന്ന കേരളത്തിലെ സമകാലികകുടുംബസംസ്കാരം ഇപ്പോൾ എത്തിനില്ക്കുന്ന അടിയന്തരാവസ്ഥയെക്കുറിച്ചു ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈയടുത്തനാളിൽ നടത്തിയ പരാമർശങ്ങൾ മുഖ്യാധാരാമാധ്യമങ്ങളെല്ലാം റിപ്പോർട്ടു ചെയ്തിരുന്നു. ഉപയോഗിച്ചശേഷം വലിച്ചെറിയുന്ന ഉപഭോഗസംസ്കാരം വിവാഹത്തെയും കുടുംബത്തെയും ഗൗരവമായി ബാധിച്ചുതുടങ്ങിയിരിക്കുന്നുവെന്നുള്ള കോടതിയുടെ നിരീക്ഷണം ഒരു മുന്നറിയിപ്പാണ്.

**കണ്ണുതുറപ്പിക്കേണ്ട കോടതി പരാമർശങ്ങൾ**

ജഡ്ജിമാരായ എ. മുഹമ്മദ് മുഷ്താഖ്, സോഫി തോമസ് എന്നിവരുൾപ്പെട്ട ഡിവിഷൻ ബഞ്ചാണ് നിരീക്ഷണങ്ങൾ നടത്തിയിരിക്കുന്നത്. ഭാര്യ ക്രൂരമായി പെരുമാറുന്നുവെന്നാരോപിച്ച് മൂന്നു കുട്ടികളുടെ പിതാവായ ആലപ്പുഴ സ്വദേശിയായ യുവാവ് വിവാഹമോചനം ആവശ്യപ്പെട്ടു നല്കിയ ഹർജി തള്ളിയാണ് ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായം. യുവാവിനു മറ്റൊരു സ്ത്രീയുമായി ബന്ധമുണ്ടെന്ന ഭാര്യയുടെ വാദം അംഗീകരിച്ച ആലപ്പുഴ കുടുംബക്കോടതി ഈ വിവാഹമോചനഹർജി നേരത്തേ തള്ളിയിരുന്നു.

ഏതുനേരവും വേർപിരിയാവുന്ന തരത്തിലുള്ള കൂടിത്താമസങ്ങൾ (ലിവിങ് ടുഗെതർ) കേരളത്തിൽ വർധിച്ചുവരുന്നുവെന്നും സ്വതന്ത്രജീവിതം ആസ്വദിക്കാൻ തടസ്സമാകുന്ന ഒരു തിന്മയും ദുരാചാരവുമായിട്ടാണ് യുവതലമുറ വ്യവസ്ഥാപിതവിവാഹത്തെ കാണുന്നതെന്നും കോടതി വ്യക്തമാക്കി. ഭാര്യയെന്നാൽ "എന്നേക്കുമുള്ള ബുദ്ധിപരമായ മുതൽക്കൂട്ട്' (WIFE = Wise Investment For Ever) എന്ന പഴയസങ്കല്പത്തിനുപകരം 'അന്തമില്ലാത്ത ആശങ്ക' (WIFE = Worry Invested For Ever) എന്ന പുതിയ നിർവചനം വ്യാപകമാകുന്നു. വഴിവിട്ട ബന്ധത്തിനുവേണ്ടി ഭാര്യയെയും മക്കളെയും ഉപേക്ഷിക്കാൻ കോടതിയുടെ സഹായം തേടാനാവില്ല എന്നുപറഞ്ഞാണ് ഹൈക്കോടതി വിവാഹബന്ധങ്ങൾ ശിഥിലമാകുന്നതിലുള്ള ആശങ്ക പങ്കുവച്ചത്. ചെറിയ വഴക്കുകളും വൈകാരിക പ്രതികരണങ്ങളും വിവാഹമോചനം അനുവദിക്കാൻ മതിയായ കാരണമല്ലെന്നു കോടതി വ്യക്തമാക്കി. സ്ത്രീ - പുരുഷബന്ധത്തെ ശാരീരിക - ലൈംഗികതയുടെ തലത്തിൽ മാത്രം തളച്ചിടുന്ന പുത്തൻ ചിന്തയും കോടതി തള്ളിപ്പറയുന്നു. ലൈംഗിക പ്രേരണകൾക്കു സ്വാതന്ത്ര്യം നല്കുന്ന വെറും ആചാരമോ ശൂന്യമായ ആഘോഷമോ അല്ല വിവാഹമെന്നും കോടതി നിരീക്ഷിച്ചു.




**കുടുംബം സംസ്കാരങ്ങളുടെ പിള്ളത്തൊട്ടിൽ**

കുടുംബമാണ് ഏതൊരു സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും എക്കാലത്തെയും ഉറപ്പുള്ള അടിത്തറ. കുടുംബത്തിന്റെ ധാർമികച്യുതിയും അപജയങ്ങളും സമൂഹങ്ങളെയും സംസ്കാരങ്ങളെയും ഗൗരവമായി ബാധിക്കുന്നുവെന്നു ചരിത്രപഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുടുംബജീവിതം ശിഥിലമായ സംസ്കാരങ്ങളൊന്നും ലോകത്തിൽ നിലനിന്നിട്ടില്ല. ശിഥിലമായ ബന്ധങ്ങളുള്ള കുടുംബങ്ങളിൽനിന്നാണ് സാമൂഹികവിരുദ്ധരും കുറ്റവാളികളുമൊക്കെ ഉണ്ടാകുന്നത്. കുടുംബങ്ങൾ സുരക്ഷിതമായി നിലനില്ക്കേണ്ടത് രാഷ്ട്രത്തിന്റെയും സംസ്കാരത്തിന്റെയും ഭാവിക്ക് അത്യന്താപേക്ഷിതമാണ്.

കുടുംബം തിരുസ്സഭയുടെയും അടിത്തറയാണ്. 'ഗാർഹികസഭ' എന്നാണ് കുടുംബത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിക്കുന്നത്. ''കുടുംബത്തിന്റെ സന്തോഷം സഭയുടെ സന്തോഷമാണ്'' എന്ന് ഫ്രാൻസിസ് മാർപാപ്പായും ഓർമിപ്പിക്കുന്നു.

**വിവാഹവും കുടുംബവും ദൈവസ്ഥാപിതം**

എല്ലാ വിശ്വാസസങ്കല്പങ്ങളിലും കുടുംബം ദൈവികമായ ഒരു യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യം കൂടുതൽ വ്യക്തമാക്കുന്നു ക്രൈസ്തവപൈതൃകത്തിൽ. ആദ്യപുരുഷനെയും ആദ്യസ്ത്രീയെയും അനുഗ്രഹിച്ചുകൊണ്ട് ദൈവം പറഞ്ഞു: "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ. 1:28). അങ്ങനെ ദൈവം കുടുംബം സ്ഥാപിക്കുകയും അതിനു മൗലികമായ ഒരു ഘടന നല്കുകയും ചെയ്തു. ദൈവംതന്നെ ആദ്യവിവാഹവും ആദ്യകുടുംബവും ആശീർവദിച്ചനുഗ്രഹിക്കുകയായിരുന്നു ഇവിടെ. ദൈവമായ കർത്താവ് ഏകനായിരുന്ന പുരുഷനു ചേർന്ന ഇണയെ അവന്റെ വാരിയെല്ലിൽനിന്നു രൂപപ്പെടുത്തി അവന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ അവൻ പറഞ്ഞു: "ഒടുവിൽ ഇതാ, എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും. നരനിൽനിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരി എന്ന് അവൾ വിളിക്കപ്പെടും. അതിനാൽ, പുരുഷൻ മാതാപിതാക്കന്മാരെ വിട്ടു ഭാര്യയോടു ചേരും. പിന്നീട് അവർ ഒറ്റ ശരീരമായിത്തീരും'' (ഉത്പ. 2: 23,24). പിന്നീട് പുതിയനിയമത്തിൽ ഈശോമിശിഹാ ഇതേ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടു വിവാഹത്തിന്റെ ദൈവികപദ്ധതിയും അഭേദ്യതയും വിശദീകരിക്കുന്നുണ്ട് (മത്താ. 19:1-11). വി. പൗലോസ് ശ്ലീഹായും വിവാഹത്തിന്റെയും കുടുംബത്തിന്റെയും ദൈവികസ്ഥാപനവും കൗദാശികസ്വഭാവവും പരസ്പരസമർപ്പണവും വ്യക്തമാക്കുന്നു (എഫേ. 5:22-33).

വിവാഹത്തിന്റെ ദൈവികാടിത്തറയെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു: ''സ്രഷ്ടാവ് സ്ഥാപിച്ചതും അവിടുത്തെ നിയമങ്ങളിൽ അധിഷ്ഠിതവുമായ വൈവാഹികജീവിതത്തിന്റെയും സ്നേഹത്തിന്റെയും ബലവത്തായ ആ പരസ്പരൈക്യം അലംഘനീയവും വ്യക്തിപരവുമായ സമ്മതത്താൽ അഥവാ ദാമ്പത്യ ഉടമ്പടിയാൽ സ്ഥിരീകൃതവുമാണ്. ഈ പരിശുദ്ധബന്ധം മാനുഷികനിശ്ചയങ്ങളെ മാത്രം ആശ്രയിച്ചുനില്ക്കുന്ന ഒന്നല്ല. കാരണം, ദൈവംതന്നെയാണ് വൈവാഹികബന്ധത്തിന്റെ സ്ഥാപകൻ (സഭ ആധുനികലോകത്തിൽ, 48).

**ധാർമികാടിത്തറയിൽ പണിയപ്പെടുന്ന വിവാഹവും കുടുംബവും**

വിവാഹവും കുടുംബവും പണിതുയർത്തേണ്ട ഉറച്ച അടിത്തറ അവയുടെ ധാർമികാടിത്തറതന്നെയാണ്. ഇങ്ങനെയുള്ള കുടുംബജീവിതങ്ങളാണ് പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുന്നത്. ഓരോ ദിവസവും ദമ്പതികൾ ദാമ്പത്യവിശ്വസ്തതയിലും പരസ്പരസമർപ്പണത്തിലും വളരണം. ചാരിത്ര്യശുദ്ധിയും പാതിവ്രത്യവും വിവാഹബന്ധങ്ങളിൽ പത്തരമാറ്റു തിളക്കം നഷ്ടപ്പെടാത്ത സനാതനമൂല്യങ്ങളായിരിക്കട്ടെ. സമ്പൂർണവും സമഗ്രവുമായ ആത്മദാനമാണ് ഭാര്യാഭർത്താക്കന്മാരിൽ ഓരോ ദിവസവും വളരേണ്ടത്.

സ്ത്രീ - പുരുഷ ലൈംഗികതയും അതിന്റെ പരസ്പരപൂരകത്വവും ദൈവത്തിന്റെ അനന്തമായ പരിപാലനയുടെ ഭാഗവും ദൈവദാനവുമാണെന്നുള്ള ചിന്ത ആഴപ്പെടണം. മനുഷ്യലൈംഗികതയുടെ ദൈവസ്ഥാപിതമായ നിയോഗങ്ങൾ സ്നേഹം പങ്കുവയ്ക്കുക, ജീവൻ പകരുക എന്നിവയാണ്. ഇവ രണ്ടും അതിന്റെ പൂർണമായ അർത്ഥത്തിൽ യാഥാർത്ഥ്യവത്കരിക്കപ്പെടുന്നത് വിവാഹത്തിലും ദാമ്പത്യജീവിതത്തിലും കുടുംബജീവിതത്തിലുമാണ്. ദാമ്പത്യസ്നേഹം നിരന്തരം വളരുന്ന ഒരു യാഥാർത്ഥ്യമാണ്. പരസ്പരമുള്ള സ്നേഹവും പ്രണയവും കരുതലും ബഹുമാനവും സമർപ്പണവും തുല്യതയും പൂരകത്വവും ആത്മീയതയും നന്ദിയും അദ്ഭുതവുമെല്ലാം കൂടിച്ചേരുന്ന, അനേക ദളങ്ങളുള്ള ഒരു പുഷ്പംപോലെയാണ് ദാമ്പത്യസ്നേഹം. ഫ്രാൻസിസ് പാപ്പാ ഓർമിപ്പിക്കുന്നു: ഒരു കുടുംബവും എല്ലാം തികഞ്ഞതായി ആകാശത്തുനിന്നു പൊട്ടിവീഴുന്നില്ല. ഓരോ കുടുംബവും സ്നേഹിക്കാനുള്ള അവരുടെ കഴിവിൽ ഓരോ ദിവസവും നിരന്തരമായി വളരണം.

ആത്മീയതയും ദൈവാരാധനയും കുടുംബജീവിതത്തെ കൂടുതൽ പ്രശോഭിതമാക്കുന്നു. ദൈവസാന്നിധ്യമുള്ള കുടുംബങ്ങൾ പ്രതിസന്ധികളെ അതിജീവിക്കുന്നു. ദൈവാലയംപോലെ പവിത്രമാണ് വിവാഹവും ദാമ്പത്യവും കുടുംബജീവിതവും.

വിവാഹത്തെ തള്ളിപ്പറയുന്ന പുതുസംസ്കാരത്തിന്റെ മുമ്പിലും വിവാഹത്തെയും കുടുംബത്തെയും പ്രോത്സാഹിപ്പിക്കുന്ന ഇതുപോലെയുള്ള കോടതിവിധികൾ സ്വാഗതാർഹങ്ങളാണ്. നീതിന്യായസംവിധാനങ്ങൾ വിവാഹത്തെ പരിരക്ഷിക്കാൻ നടത്തുന്ന ഇതുപോലത്തെ ശ്രമങ്ങൾ ശുഭോദർക്കവുമാണ്. ഈ മുന്നേറ്റത്തെ രാഷ്ട്രീയ-സാമൂഹിക - ആത്മീയ നേതൃത്വങ്ങളും ഏറ്റെടുക്കണം. നവമാധ്യമങ്ങളും സോഷ്യൽ മീഡിയായും വിവാഹസംസ്കാരത്തെ പിന്തുണയ്ക്കണം. യുവതയും കൗമാരപ്രായക്കാരും വിവാഹത്തെയും കുടുംബത്തെയും നെഞ്ചിലേറ്റുന്നവരാകണം. വിവാഹത്തിന്റെ പവിത്രമായ വേദിയിൽ സമ്പൂർണമായ പരസ്പരസമർപ്പണത്തിലൂടെ കുടുംബത്തെയും സമൂഹത്തെയും സഭയെയും എന്നും വളർത്തുന്ന നല്ലവരും വിശുദ്ധരുമായ മാതാപിതാക്കൾക്കും ഭാര്യാഭർത്താക്കന്മാർക്കും പ്രണാമം! ഒരു ബിഗ് സല്യൂട്ട്.

■




ഗിരീഷ് കെ. ശാന്തിപുരം

ആരാച്ചാരുടെ തൊടിയിൽ കെട്ടിയ ഓലപ്പുരയിലുള്ള വാസം ദേവസഹായത്തിന് ഒട്ടൊക്കെ ശാന്തിയും സമാധാനവും നല്കി. പീഡനങ്ങളധികമുണ്ടായില്ല. അങ്ങനെയുണ്ടാകാതിരിക്കാൻ ആരാച്ചാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എങ്കിലും ആരാച്ചാർക്കും പരിമിതികളുണ്ടായിരുന്നു. ദേവസഹായത്തിന്റെ പീഡനപർവങ്ങൾക്കു പിന്നിൽ രാജകല്പനയാണ്. രാജകല്പന കല്ലേപിളർക്കും...

എന്നാലും ആരാച്ചാർ തന്റെ അനുയായികളോടു പറഞ്ഞു: “അദ്ദേഹം തീർച്ചയായും ഒരു പുണ്യാത്മാവുതന്നെ. അദ്ദേഹം പ്രവർത്തിക്കുന്ന അദ്ഭുതങ്ങൾ നിങ്ങളും ഞാനും കാണുന്നതാണല്ലോ. ഇത്ര നാളുകളായി അദ്ദേഹത്തിൽ ഒരു കുറ്റവും കുറവും നമുക്കു കണ്ടെത്താനായില്ല. പക്ഷേ, നന്മകളോ അനേകം. അദ്ദേഹത്തെ പീഡിപ്പിക്കുകവഴി നമ്മുടെ പിൻതലമുറയും ശാപഗ്രസ്തരാകേണ്ടതില്ല.”

ആരാച്ചാരുടെ വാക്കുകൾ ശരിയാണെന്ന് അനുചരന്മാർക്കും തോന്നി. “നിരപരാധിയായ ഒരു മനുഷ്യനെയാണ് നമ്മൾ പീഡിപ്പിക്കുന്നതെങ്കിൽ അതിന്റെ പാപം ഏതു ഗംഗയിലാണ് കഴുകിക്കളയുക...”

ദേവസഹായത്തെ പീഡിപ്പിക്കുന്നതിൽനിന്ന് ആരാച്ചാരുടെ അനുചരന്മാർ പിന്നാക്കം വലിഞ്ഞു.

ദേവസഹായത്തിനുമുമ്പിൽ ശാന്തതയും സമാധാനവും തിരയടങ്ങിയ കടൽപോലെ പരന്നുകിടന്നു.

പ്രാർത്ഥിക്കാനും ധ്യാനത്തിലേർപ്പെടാനുമുള്ള സമയം. ഉണ്ണാനും ഉറങ്ങാനുമുള്ള സമയം. തന്നെ കാണുവാനെത്തുന്നവരോടു സംസാരിക്കാനും അവരുടെ പരിദേവനങ്ങൾ കേൾക്കാനുമുള്ള സമയം. അവരെ ഉപദേശിക്കാനും പാപരഹിതമായ ജീവിതത്തിന്റെയും സത്യധർമവിശ്വാസത്തിന്റെയും വഴികളെക്കുറിച്ചു സംസാരിക്കാനുമുള്ള സമയം. അങ്ങനെ സമയം ഒരു മഹാനദിപോലെ ദേവസഹാത്തിനുമുമ്പിൽ നിവർന്നുകിടന്നു.

എങ്കിലും ഒരുമാത്രനേരംപോലും അദ്ദേഹം പാഴാക്കിയില്ല. സന്ദർശകരൊഴിയുമ്പോൾ അദ്ദേഹം പ്രാർത്ഥനയുടെ ഏകാഗ്രമുനമ്പുകളിലേക്കു യാത്രപോകും. വിശുദ്ധിയുടെ ആത്മഹർഷങ്ങളുണർത്തുന്ന തീർത്ഥയാത്ര.

അദ്ദേഹം ഉണർന്നിരിക്കുമ്പോൾ മാത്രമല്ല പ്രാർത്ഥിച്ചിരുന്നത്. ഉറക്കത്തിലും അദ്ദേഹത്തിന്റെ അന്തരാത്മാവ് പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അങ്ങനെയുള്ള ഒരു പ്രാർത്ഥനയുടെ രാത്രിയിലാണ് അതു സംഭവിച്ചത്. തിരുക്കുടുംബം ദേവസഹായത്തിനു പ്രത്യക്ഷപ്പെടുന്നു. ഉണ്ണിയേശുവിനെ കൈകളിലേന്തിയ കന്യാമറിയം. തൊട്ടടുത്ത് അവരോടു ചേർന്ന് യൗസേപ്പിതാവ്.

ഒരു ഞെട്ടൽ. ദേഹമാസകലം ഒരു വിറയൽ. ഭ്രമാത്മകമായ ഒരു നിമിഷം.

ദേവസഹായം പിടഞ്ഞെഴുന്നേറ്റു. തൊട്ടടുത്തു കിടന്നുറങ്ങുകയായിരുന്ന ശെൽവത്തിനെ തട്ടിയുണർത്തി. ശെൽവം മയക്കം ഞെട്ടി. ഉറക്കത്തിന്റെ ക്ഷീരപഥങ്ങൾ മുറിഞ്ഞു. അവൻ കണ്ണുമിഴിച്ചു നോക്കുമ്പോൾ അല്പമകലത്തായി ഒരു പ്രകാശവലയം. ആയിരം സൂര്യചന്ദ്രന്മാർ ഒന്നിച്ചുദിച്ച മാതിരി. അവൻ ഭയന്നുപോയി.

ആ സ്വപ്നം ദേവസഹായത്തെ തരളിതനാക്കി. ചിന്താമഗ്നനാക്കി. ഇങ്ങനെയൊരു സ്വപ്നദർശനത്തിന്റെ പൊരുളെന്ത്? അതു വ്യാഖ്യാനിച്ചെടുക്കാൻ ദേവസഹായത്തിനു കഴിയുന്നില്ല.

അദ്ദേഹം താൻ കണ്ട സ്വപ്നത്തെപ്പറ്റി വിശദമായ രീതിയിൽ ഒരു ഓല കുറിച്ച് ശെൽവനെ വടക്കുംകുളം തിരുക്കുടുംബദേവാലയത്തിലേക്കയച്ചു.

ദേവസഹായത്തിന്റെ കത്തു വായിച്ച വടക്കുംകുളം ദേവാലയത്തിലെ വൈദികൻ ഏറെ നേരം ധ്യാനിച്ചിരുന്നു. ശേഷം, ഒരു മറുകുറി കുറിച്ച് ദേവസഹായത്തിനായി ശെൽവനെ ഏല്പിച്ചു.



ശെൽവൻ കത്തുമായി ദേവസഹായത്തിന്റെ പക്കലെത്തി. അടക്കാനാവാത്ത ആകാംക്ഷയോടെയാണ് ദേവസഹായം ആ ഓലക്കുറിപ്പു വായിച്ചത്. അതിൽ വടക്കുംകുളത്തെ വൈദികൻ ഇങ്ങനെ കുറിച്ചിരുന്നു:

“നിങ്ങളുടെ ദുരിതങ്ങളെല്ലാം വടക്കുംകുളം ദേവാലയം ഹേതുവായിട്ടുള്ളതാണ്. എന്തെന്നാൽ, തിരുക്കുടുംബത്തിന്റെ നാമധേയത്തിലുള്ള ദേവാലയത്തിൽവച്ചാണല്ലോ നിങ്ങൾ ജ്ഞാനസ്നാനം സ്വീകരിച്ചത്. ആയതുകൊണ്ട് ഈ വിധം കഷ്ടാനുഭവങ്ങൾ നിങ്ങൾ അനുഭവിക്കുന്നതുകണ്ട് നിങ്ങൾക്ക് മനഃശാന്തിക്കും, മരണാവസരത്തിൽ വിശ്വാസചാഞ്ചല്യം ഉണ്ടാകാതിരിക്കുന്നതിനുംവേണ്ടി അവിടെ വന്നു കാണപ്പെട്ടതാണ്.”

കത്തു വായിച്ച് ദേവസഹായം കണ്ണീരണിഞ്ഞു. താൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. വാനമേഘങ്ങളിൽനിന്ന് തനിക്കുമേൽ അനുഗ്രഹവർഷം ചൊരിയപ്പെടുന്നു. കർത്താവേ, ഈ പാപിയായവൻ അങ്ങയുടെ ഈ കരുണാവർഷത്തിനു യോഗ്യനോ?

ഈ സംഭവവും നാടാകെ പരന്നു. ആളുകൾ കൂട്ടംകൂട്ടമായി ദേവസഹായത്തിനെ കാണാനെത്തിക്കൊണ്ടിരുന്നു.

ദേവസഹായത്തിൽനിന്ന് അദ്ഭുതങ്ങളുടെ പെരുമഴ. നാട്ടുകാരുടെ അകമഴിഞ്ഞ പിൻതുണ. ദേവസഹായത്തെ ഒരു ദേവപരിവേഷം വന്നുചേരുന്നു.

അവൻ അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നു. മാറാരോഗങ്ങൾ സുഖപ്പെടുത്തുന്നു. മനോരോഗികളിൽനിന്ന് രോഗലക്ഷണങ്ങൾ നുള്ളിക്കളയുന്നു. വന്ധ്യകൾ ഗർഭം ധരിക്കുന്നു.

ലോകത്തിലൊരിടത്തും കേൾക്കാത്ത കേൾവി. മരിച്ചയാളെപ്പോലും അവൻ ഉയിർപ്പിച്ചത്രേ.

ബ്രാഹ്മണർ എങ്ങനെ സഹിക്കും? തങ്ങൾക്കു നാട്ടിലുണ്ടായിരുന്ന മതിപ്പും ബഹുമാനവും കുറയുന്നു. ദേവീദേവന്മാർക്കും അവരുടെ സിദ്ധിവിശേഷങ്ങൾക്കും അപചയം സംഭവിക്കുന്നു. ബ്രാഹ്മണർ ഗത്യന്തരമില്ലാതെ മഹാരാജാവിനെ സമീപിച്ചു:

“അല്ലയോ മഹാരാജൻ, നീലകണ്ഠനെ ഈ വിധം തുടരാനനുവദിക്കരുത്. അവൻ നമ്മുടെ ആളുകളെയാകമാനം ആ നീചമതത്തിൽ ചേർക്കുകയാണ്. നമ്മെയും നമ്മുടെ മതത്തെയും അപമാനിക്കുന്നു. അതിന് ക്രിസ്ത്യാനികളിൽനിന്ന് എല്ലാ സഹായങ്ങളും അവനു കിട്ടുന്നുണ്ട്.”

ബ്രാഹ്മണർ പറഞ്ഞത് രാജാവിനു തീർത്തും ബോധ്യമായി. ഇനി അവനെ ഭൂമിക്കുമീതെ അനുവദിച്ചുകൂടാ. മഹാരാജാവ് പറഞ്ഞു.

“സംപൂജ്യരായ വൈദികശ്രേഷ്ഠരേ, അവനെ അവിടെനിന്ന് മറ്റെവിടെയെങ്കിലും കൊണ്ടുപോയി ആരുമറിയാതെ കൊന്നുകളയുക. അതിനുള്ള അനുവാദം നാം നിങ്ങൾക്കു കല്പിച്ചു നല്കുന്നു.”

ബ്രാഹ്മണർക്കു സന്തോഷമായി. “നീലകണ്ഠാ, നിന്റെ അഹങ്കാരം ഞങ്ങൾ തീർത്തു തരുന്നുണ്ട്. നിന്റെ മരണമണി മുഴങ്ങുന്നത് നീ കേൾക്കുന്നുവോ?”

ബ്രാഹ്മണർ മനസ്സിൽ പറഞ്ഞു. പക്ഷേ, നീലകണ്ഠനെ എങ്ങനെ കൊല്ലും....? ആരുമറിയാതെ വേണം വധം. അത് മഹാരാജാവിന്റെ കല്പനയാണ്.

അതിനുള്ള ഉപായങ്ങളെക്കുറിച്ചാലോചിച്ചുകൊണ്ടിരുന്നപ്പോഴാണ് രാജഭടനെത്തുന്നത്. അവന്റെ കൈയിൽ മഹാരാജാവിന്റെ കല്പനയുണ്ടായിരുന്നു. രാജമുദ്ര പതിച്ച ഓലക്കുറിപ്പിൽ ഇങ്ങനെ എഴുതിയിരുന്നു:

“നീലകണ്ഠനെ ഇപ്പോൾ വധിക്കേണ്ടതില്ല. പീഡനങ്ങൾ തുടർന്നാൽ മതിയാകും.”

ബ്രാഹ്മണർ ഹതാശരായി. മഹാരാജാവ് തിരുമനസ്സുകൊണ്ട് തങ്ങളെ പരിഹസിക്കുകയാണോ എന്നുപോലും അവർ സംശയിച്ചു. അല്ലെങ്കിൽപ്പിന്നെ ഇങ്ങനെ സംഭവിക്കുമോ? എത്രാമത്തെ വട്ടമാണ് അവൻ മരണത്തിൽനിന്നു രക്ഷപ്പെടുന്നത്? ഒരുപക്ഷേ, അവന്റെ ദൈവം ശക്തിയുള്ളവനായിരിക്കുമോ? ബ്രാഹ്മണർ അങ്ങനെയും സംശയിക്കാതിരുന്നില്ല.

ആയിടയ്ക്ക് അകലെ ദേശത്തുനിന്നു വന്ന ഒരു സന്ന്യാസി മഹാരാജാവിന്റെ അതിഥിയായി കൊട്ടാരത്തിൽ താമസിച്ചിരുന്നു. അദ്ദേഹം നീലകണ്ഠന്റെ വൃത്താന്തമറിഞ്ഞ് മഹാരാജാവിനോടു പറഞ്ഞു:

“മഹാരാജൻ, അങ്ങ് തെറ്റു ചെയ്യുകയാണെന്ന് എനിക്കു തോന്നുന്നു. നിർദോഷിയായ ഒരു മനുഷ്യനെ മതപരിവർത്തനം ഹേതുവാക്കി വധിക്കുന്നത് മഹാപാതകംതന്നെ.”

സന്ന്യാസിയുടെ വാക്കുകൾ തള്ളാനും കൊള്ളാനുമാകാതെ മഹാരാജാവ് വിഷമിച്ചു. ഒരു കണക്കിന് അദ്ദേഹം പറയുന്നതു വാസ്തവംതന്നെ. പക്ഷേ, നാം വന്ദ്യബ്രാഹ്മണർക്ക് കല്പനകൊടുത്തുപോയി. ഇനി എന്തു ചെയ്യും... അദ്ദേഹം ചോദിച്ചു:

“ബഹുമാന്യനും ജ്ഞാനിയുമായ യോഗിശ്രേഷ്ഠാ, നാമിപ്പോൾ എന്തു ചെയ്യണം?”

“ആ മനുഷ്യന് മരണത്തിനുള്ള സമയമായിട്ടില്ലെന്ന് എന്റെ മനസ്സുപറയുന്നു.” സന്ന്യാസി പറഞ്ഞു.

മഹാരാജാവ് കല്പന പിൻവലിച്ചു. അതോടൊപ്പം മുമ്പ് കാവൽനിന്നിരുന്ന, അധികാരികളുടെയും ആരാച്ചാരുടെയും സേവകന്മാരെ മാറ്റി ബ്രാഹ്മണരെത്തന്നെ കാവലേല്പിച്ചു. ബ്രാഹ്മണരും അവരുടെ ആളുകളുമല്ലാതെ മറ്റാരും നീലകണ്ഠന്റെ സമീപത്തു ചെന്നുപോകരുതെന്നും കല്പനയുണ്ടായിരുന്നു.

രാജകല്പനപ്രകാരം ബ്രാഹ്മണരും അവരുടെ പിണിയാളുകളുമായി ദേവസഹായത്തിന്റെ കാവൽ. അവർ സന്ദർശകരെ ദേവസഹായത്തിന്റെ പക്കലേക്കു വരാൻ അനുവദിക്കാതെ ആട്ടിപ്പായിച്ചു.

കുടിക്കാൻ വെള്ളമോ ഭക്ഷണമോ കൊടുത്തില്ല. കാവൽക്കാരുടെ കണ്ണുമറയുമ്പോൾ ആരാച്ചാർ കൊടുത്തിരുന്ന അല്പഭക്ഷണമാണ് ദേവസഹായത്തിന്റെ ജീവൻ പിടിച്ചു നിറുത്തിയിരുന്നത്. ബ്രാഹ്മണരിൽനിന്ന് അസഹ്യമായ പീഡനങ്ങളുമുണ്ടായില്ല.

ബ്രാഹ്മണന്മാരുടെ കാവൽവലയത്തിനു പുറത്ത് ഒരു കല്ലേറുദൂരത്തിനപ്പുറം ശെൽവൻ നില്ക്കുന്നത് ദേവസഹായം മിക്കപ്പോഴും കാണാറുണ്ട്. ബ്രാഹ്മണർ ശെൽവത്തെ ദേവസഹായത്തിന്റെ അടുത്തെത്തുന്നതിൽനിന്നു വിലക്കിയിരുന്നു. എങ്കിലും ശെൽവൻ അവിടംവിട്ടുപോയില്ല. ദൂരെ പടർന്നു നില്ക്കുന്ന വൃക്ഷച്ചുവട്ടിൽ തന്നെത്തന്നെ നോക്കി നില്ക്കുന്ന ശെൽവനെ കാണുമ്പോൾ ദേവസഹായത്തിന്റെ മനസ്സുവിങ്ങും. അസഹ്യമായ സങ്കടമുണ്ടാകും. അദ്ദേഹം അവനുവേണ്ടി പ്രാർത്ഥിക്കും. പ്രാർത്ഥനമാത്രമായിരുന്നല്ലോ എല്ലാ സങ്കടങ്ങൾക്കും നേരേയുള്ള ദേവസഹായത്തിന്റെ ആയുധം.

അങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. കാവൽ നിന്നിരുന്ന ബ്രാഹ്മണർക്കു മുഷിഞ്ഞു. ക്രമേണ കാവൽ ബ്രാഹ്മണരുടെ അനുചരന്മാർ ഏറ്റെടുത്തു. അവരാകട്ടെ ദേവസഹായത്തെ കാരണമില്ലാതെ ഉപദ്രവിക്കാൻ തയ്യാറായതുമില്ല. സന്ദർശകരെ വിലക്കിയില്ല. വരുന്നവരിൽനിന്ന് ചില്ലറ കൈക്കൂലിയൊക്കെ വാങ്ങി സന്ദർശനാനുമതിയും കൊടുത്തിരുന്നു. മിതമായിട്ടാണെങ്കിലും ആഹാരം കൊടുക്കുകയും ചിലപ്പോഴെല്ലാം വിലങ്ങുകൾ അഴിച്ചുമാറ്റി വിശ്രമിക്കാനവസരവും കൊടുത്തിരുന്നു. ശെൽവനാകട്ടെ മിക്കപ്പോഴും ദേവസഹായത്തിനൊപ്പമുണ്ടായിരുന്നുതാനും.

പക്ഷേ, ഇപ്പോഴത്തെ ശാന്തത താത്കാലികമാണെന്ന് ദേവസഹായത്തിനറിയാമായിരുന്നു. കൊടുങ്കാറ്റിനു മുമ്പുള്ള ശാന്തത. കൊടിയ ചുഴലി വരാനിരിക്കുന്നതേയുള്ളൂ.

ദേവസഹായം ശെൽവൻവഴി ഒരു ഓലക്കുറിമാനം ഫാദർ മധുരേന്ദ്രസ്വാമികൾക്കെത്തിച്ചു. അതിൽ തനിക്ക് പാപസങ്കീർത്തനവും ദിവ്യകാരുണ്യസ്വീകരണവും വളരെ ആവശ്യമാണെന്നു കുറിച്ചിരുന്നു.

*ശേഷം 13-ാം പേജിൽ*

# കടലിന്റെ മക്കൾക്കു കാവലുണ്ട് !

(1-ാം പേജ് തുടർച്ച)

അവിടെനിന്ന് ഭാഗ്യത്തിനു മോചിതരായി വരുന്നവർക്ക് ധാരാളം കദനകഥകൾ പറയാനുണ്ട്. കഠിനമായി പീഡിപ്പിക്കുന്നതും ബലാത്സംഗം ചെയ്യുന്നതും കൊന്ന് അവയവങ്ങൾ മോഷ്ടിക്കുന്നതും നിർബന്ധിതവന്ധീകരണം നടത്തുന്നതുമായ ക്രൂരകഥകൾ! ചൈന പതിവുപോലെ ഇതെല്ലം പാടേ നിരസിക്കുന്നു. ഞങ്ങൾ അവർക്കു തൊഴിൽപരിശീലനമാണു നൽകുന്നതെന്നാണ് അവരുടെ ഭാഷ്യം.

ക്യാമ്പുകളിൽ പോയവർ പറയുന്നത്, പാർട്ടിതത്ത്വങ്ങൾ അടികൊടുത്തും പീഡിപ്പിച്ചും നിർബന്ധിച്ചു പഠിപ്പിക്കുകയും മരുന്നും വെള്ളവുംപോലും കൊടുക്കാതെ അവരെ കഷ്ടപ്പെടുത്തുകയുമായിരുന്നുവെന്നാണ്. അവർക്കു മതാനുഷ്ഠാനങ്ങൾ നടത്താനോ സ്വന്തം ഭാഷ സംസാരിക്കാനോപോലും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.

ഉയിഗൂർസ് ഗോത്രനേതാക്കന്മാർ ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ അവരുടെ സ്വരം ഉച്ചത്തിൽ കേൾപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. അവരുടെ പ്രശ്നങ്ങൾക്ക് അറുതിവരുത്താനായി അവർ അക്ഷീണം പ്രവർത്തിക്കുന്നു.

**വൈദികൻ സൃഷ്ടിച്ച അദ്ഭുതം**

കാനഡയിലെ ക്യൂബെക് എന്ന ടൗണിനടുത്തു വസിക്കുന്ന മറ്റൊരു സമുദായക്കാരാണ് മോഹവക്. അവർക്ക് അവിടെ കത്തോലിക്കാദൈവാലയമുണ്ട്. മോൺട്രിയോളിൽനിന്ന് ഒരു നാലു മണിക്കൂർ പ്ലെയിൻയാത്ര മതി ഇവിടെ എത്തിച്ചേരാൻ. അവർ ജീവിക്കാൻ ആശ്രയിച്ചിരുന്നത് വനവിഭവങ്ങളെയായിരുന്നു.

വ്യവസായാവശ്യങ്ങൾക്കും മറ്റുമായി പുറത്തുനിന്നു വന്ന ആളുകൾ വനങ്ങൾ വെട്ടി തീയിട്ടു നശിപ്പിച്ചു. വൻകിടകൃഷിക്കു



സ്ഥലം സൃഷ്ടിക്കാനായി യൂറോപ്പിൽനിന്നു കാനഡയിൽ കുടിയേറിയവരാണ് ഇതു ചെയ്തത്. അതോടെ മോഹവക്കുകൾ താമസിച്ചിരുന്ന വനപ്രദേശമെല്ലാം മരുഭൂമിയായി മാറി. അവരെല്ലാം ആ ഊഷരഭൂമിയിൽ ജീവിതമാർഗമില്ലാതെ വിഷമിച്ചു.

അവിടെ ഫാദർ ജോസഫ് ദാനിയേൽ എന്നൊരു വൈദികൻ വലിയൊരദ്ഭുതം സൃഷ്ടിച്ചു. അദ്ദേഹം മോഹവക്കുകളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ബൃഹത്തായ പദ്ധതി നടപ്പാക്കി. 1822 മുതൽ 1920 വരെ ഇടവകക്കാർ ഒത്തുചേർന്ന് ഒരു ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. അതിനു വെള്ളമൊഴിച്ചു പരിരക്ഷിച്ചു. പരിണതഫലം ആനന്ദകരമായിരുന്നു; സ്വപ്നതുല്യമായിരുന്നു. ആ മണലാരണ്യം അതോടെ വീണ്ടും പച്ചപിടിച്ചു. വീണ്ടും ഹരിതാഭയാർന്ന ഒരു കാനനം അവർക്കു സൃഷ്ടിക്കാനായി. അതൊരു വലിയ വനമായി വളർന്നു. പലതരം പക്ഷിമൃഗാദികൾ അവിടേക്കു പാർക്കാനെത്തി. അവിടെ അന്നു സംഭവിച്ചത് വലിയൊരു തുടക്കമായിരുന്നു. കത്തോലിക്കാസഭയുടെ വനപരിപാലനത്തിന്റെ, റീപ്ലാന്റേഷന്റെ ഒരു വലിയ മാതൃകയായി അതു മാറി. ആ ഭൂഖണ്ഡത്തിൽ ആകമാനമുള്ള വനപുനർനിർമാണത്തിന്റെ, വനസംരക്ഷണത്തിന്റെ ഒരു വലിയ സന്ദേശം ലോകമൊട്ടാകെ എത്തിക്കാൻ അവിടത്തെ വൈദികർക്കു കഴിഞ്ഞു.

**വിഴിഞ്ഞം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ**

വിഴിഞ്ഞത്തെ നിർമാണപ്രവർത്തനങ്ങൾ കടലൊഴുക്കിന്റെ ദിശകൾ മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു. കടലാക്രമണം ആ പ്രദേശത്തെയാകെ തകരാറിലാക്കി. പ്രോജക്ടിന്റെ പാരിസ്ഥിതികമായ സമ്മർദങ്ങളോ ആഘാതങ്ങളോ ഫലപ്രദമായി പഠിക്കാൻ സാധിച്ചിട്ടില്ലെന്ന് ആക്ഷേപമുണ്ട്. സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അതിനെ ശരിവയ്ക്കുന്നുമുണ്ട്. തിരുവനന്തപുരം ബീച്ചിന്റെ തൊടുകുറിയായി വിളങ്ങിയിരുന്ന ശംഖുമുഖം ഏതാനും വർഷങ്ങൾകൊണ്ട് ഇല്ലാതായിരിക്കുന്നു. വലിയതുറയിലെയും മുട്ടത്തറയിലെയും നൂറിൽപ്പരം കുടുംബങ്ങൾക്ക് ഇന്നു ഭവനമില്ല. അവരെ റിലീഫ് ക്യാമ്പുകളിലേക്കു മാറ്റിപ്പാർപ്പിച്ചെങ്കിലും അവർക്കു മതിയായ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. മുക്കുവർക്കു കടൽത്തീരത്തെത്താനാവാതെ അവരുടെ വരുമാനമാർഗം നിലച്ച അവസ്ഥയുണ്ട്. കടൽ കൂടുതൽ പ്രക്ഷുബ്ധമായതുവഴി അവർക്കു യാനങ്ങൾ ഇറക്കാൻ ആവുന്നില്ല. അപകടങ്ങൾ നിത്യസംഭവങ്ങൾ എന്നോണമായിരിക്കുന്നു.

ജീവിതം വഴിമുട്ടിയപ്പോൾ പോരാട്ടത്തിനിറങ്ങിയ മൂന്നു ജനസമൂഹത്തിന്റെ ജീവിതാനുഭവങ്ങൾ നാം കണ്ടു. വെല്ലുവിളികൾ ജീവിതത്തിലുണ്ടാകുമെന്നു തീർച്ച. പക്ഷേ, അവിടെ മുട്ടുമടക്കണോ അതോ ചെറുത്തുനിൽക്കണോ എന്നു തീരുമാനിക്കേണ്ടത് അവരവർ തന്നെയാണ്. ഓരോ പ്രതിസന്ധിഘട്ടവും നമ്മെ ഉറക്കത്തിൽനിന്നുണർത്തും. പ്രതിസന്ധികൾ വരുമ്പോൾ അവരെ നയിക്കുന്നവർ കൂടുതൽ ശക്തിയാർജിക്കുന്നതും മാറ്റങ്ങളുടെ കൊമ്പുവാദ്യം മുഴക്കുന്നതും നാം കണ്ടു.

ഇത്തരം ഒരു സാഹചര്യത്തിലാണ് ക്യൂബെക്കിലെ വൈദികരെപ്പോലെ നമ്മുടെ വൈദികരും അവരെ നയിക്കാൻ സധൈര്യം ഇറങ്ങിത്തിരിച്ചിരിക്കുന്നത്. അവരെ നമുക്ക് അത്യാദരവോടെ അനുമോദിക്കാം, ഒപ്പം അവരുടെ പ്രവർത്തനങ്ങൾ ഫലമണിയട്ടെയെന്ന് ആശംസിക്കുകയും ചെയ്യാം. ■



*സിസ്റ്റർ മേരി ബനീഞ്ഞയുടെ കവിതകൾ പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള കോൺഗ്രസ് എം. ചെയർമാൻ ജോസ് കെ. മാണി എം.പി. വിദ്യാഭ്യാസവകുപ്പുമന്ത്രി വി. ശിവൻകുട്ടിക്കു നിവേദനം നൽകുന്നു. കേരള കോൺഗ്രസ് എം. പാലാ നിയോജകമണ്ഡലം പ്രസിഡന്റ് ടോബിൻ കെ. അലക്സ്, രാധാകൃഷ്ണക്കുറുപ്പ് പി, പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റർ ജോർജുകുട്ടി ജേക്കബ് എന്നിവർ സമീപം.*

# സിസ്റ്റർ മേരി ബനീഞ്ഞയുടെ കവിതകൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം

## ജോസ് കെ. മാണി എം.പി.

തിരുവനന്തപുരം: രണ്ടു മഹാകാവ്യങ്ങളും പത്തു ഖണ്ഡകാവ്യങ്ങളും 250 ൽ അധികം ഭാവഗീതങ്ങളും മലയാളത്തിനു സംഭാവന ചെയ്ത സിസ്റ്റർ മേരി ബനീഞ്ഞയുടെ കവിതകൾ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ ഹൈസ്കൂൾ ക്ലാസുകളിലെ മലയാളം പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തണമെന്ന് കേരള കോൺഗ്രസ് എം. ചെയർമാൻ ജോസ് കെ. മാണി എം.പി പൊതുവിദ്യാഭ്യാസവകുപ്പുമന്ത്രി ബഹുമാനപ്പെട്ട വി. ശിവൻകുട്ടിക്കു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

മുതിർന്ന തലമുറയിൽ ഭൂരിപക്ഷവും പാഠപുസ്തകങ്ങളിലൂടെ സിസ്റ്റർ മേരിബനീഞ്ഞയെ പഠിച്ചുവളർന്നവരാണെന്നും ഇങ്ങനെയുള്ള ഒരു മഹാകവിയുടെ രചനകൾ ഇന്നത്തെ നമ്മുടെ കുട്ടികൾക്കു പരിചയപ്പെടാവുന്നവിധം പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നത് ഖേദകരമായ ഒരു വസ്തുതയാണെന്നും ജോസ് കെ. മാണി പറഞ്ഞു.

മലയാളത്തിലെ വലിയ കവികളിൽ ഒരാളാണ് സിസ്റ്റർ മേരി ബനീഞ്ഞ. കഴിഞ്ഞ തലമുറ നെഞ്ചേറ്റി ലാളിച്ച 'ലോകമേ യാത്ര' എന്ന ഒരൊറ്റ കാവ്യംകൊണ്ടുമാത്രം മലയാളകാവ്യലോകത്തു സ്ഥിരപ്രതിഷ്ഠ നേടാൻ അവർക്കു സാധിച്ചിട്ടുണ്ട്. സന്ന്യാസിനിമാരായ കവികൾ ലോകസാഹിത്യത്തിൽത്തന്നെ വിരളമാണെന്നിരിക്കേ, സിസ്റ്റർ ബനീഞ്ഞ മലയാളകവിതയിൽ സൃഷ്ടിച്ചത് വലിയൊരു വിസ്മയമാണ്. മഹാത്മാഗാന്ധിയെക്കുറിച്ച് മലയാളത്തിലുണ്ടായ രണ്ടു മഹാകാവ്യങ്ങളിലൊന്ന്, സിസ്റ്റർ ബനീഞ്ഞായുടെ 'ഗാന്ധിജയന്തി'യാണ്. മലയാളത്തിലെ ഒരേയൊരു മിസ്റ്റിക് കാവ്യം ബനീഞ്ഞാമ്മയുടെ 'ആത്മാവിന്റെ സ്നേഹഗീത'യാണ്. ഒന്നാം സ്വാതന്ത്ര്യസമരത്തിലെ വീരനായികയും ഇന്ത്യയുടെ അഭിമാനഭാജനവുമായ ഝാൻസി റാണിയെക്കുറിച്ചും സി. ബനീഞ്ഞ ഒരു കാവ്യം എഴുതിയിട്ടുണ്ട്: 'ഭാരതമഹാലക്ഷ്മി.' ആധ്യാത്മികജീവിതം നയിച്ചിരുന്ന ഒരു സന്ന്യാസിനിയായിരുന്നിട്ടും സിസ്റ്റർ ബനീഞ്ഞയുടെ കാവ്യലോകം ആധ്യാത്മികതയിൽ മാത്രം ഒതുങ്ങിനിന്നില്ല. രാഷ്ട്രീയവിഷയങ്ങളും രാഷ്ട്രനേതാക്കളുടെ ജീവിതകഥകളും കാവ്യവിഷയമാക്കിയ അവരുടെ കാവ്യപ്രപഞ്ചം ഇതിവൃത്തവൈവിധ്യംകൊണ്ട് ഏറെ സമ്പന്നമാണ്. സംസ്കൃതവൃത്തങ്ങളും ഭാഷാവൃത്തങ്ങളും സി. ബനീഞ്ഞയുടെ തൂലികയ്ക്ക് ഒരുപോലെ വഴങ്ങുമായിരുന്നു. 'മാർത്തോമ്മാവിജയം' മഹാകാവ്യം പരമ്പരാഗതരീതിയിൽ സംസ്കൃതവൃത്തങ്ങളിലും, 'ഗാന്ധിജയന്തി' മഹാകാവ്യം ഭാഷാവൃത്തങ്ങളിലുമാണ് അവർ എഴുതിയിരിക്കുന്നത്. സിസ്റ്റർ മേരി ബനീഞ്ഞയുടെ മുഴുവൻ കാവ്യരചനകളും സമാഹരിച്ച് 1200 പേജുകളുള്ള ബനീഞ്ഞാക്കവിതകൾ എന്ന ബൃഹത്സമാഹാരം 1997 ൽ ഡിസി ബുക്സ് പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോൾ അതിന്റെ രണ്ടാംപതിപ്പും പുറത്തുവന്നിട്ടുണ്ട്.

ആസ്വാദകഹൃദയങ്ങളിൽ നന്മയുടെ പ്രകാശം പരത്തുന്ന രചനകളാണ് സി. മേരി ബനീഞ്ഞയുടേത്. അവയുടെ വായന ആസ്വാദകരുടെ സാംസ്കാരികജീവിതംതന്നെ കൂടുതൽ ഉന്മേഷപൂർണവും ഉത്കൃഷ്ടവുമാക്കും. നമ്മുടെ ഹൈസ്കൂൾ ക്ലാസുകളിലെ മലയാളപാഠപുസ്തകങ്ങളിലെങ്കിലും സിസ്റ്റർ മേരി ബനീഞ്ഞയുടെ കവിതകൾ ഉൾപ്പെടുത്തി സിസ്റ്ററിനെ ആദരിക്കാനും ബഹുമാനിക്കാനും നടപടികൾ സ്വീകരിക്കണമെന്നും ജോസ് കെ. മാണി നിവേദനത്തിൽ ആവശ്യപ്പെട്ടു. ■

# മാർ ജോസഫ് പവ്വത്തിലിന് സീറോ മലബാർ സഭ പൗരസ്ത്യരത്നം അവാർഡ് സമ്മാനിച്ചു



*പൗരസ്ത്യരത്നം പുരസ്കാരം മാർ ജോസഫ് പവ്വത്തിലിന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മാനിക്കുന്നു. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോസഫ് പെരുന്തോട്ടം, ഡോ. തോമസ് മണ്ണൂരാംപറമ്പിൽ, ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ തുടങ്ങിയവർ സമീപം.*

ചങ്ങനാശേരി: സീറോ മലബാർ സഭ ആരാധനക്രമ കമ്മീഷൻ ഏർപ്പെടുത്തിയ പ്രഥമ പൗരസ്ത്യരത്നം അവാർഡ് ചങ്ങനാശേരി അതിരൂപത മുൻ അധ്യക്ഷൻ ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിലിനു സമർപ്പിച്ചു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടന്ന സമ്മേളനത്തിൽ സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അവാർഡ് സമ്മാനിച്ചു. ആരാധനക്രമം സഭയുടെ അമൂല്യസമ്പത്താണെന്ന് കർദിനാൾ വ്യക്തമാക്കി.

സീറോ മലബാർ സഭയുടെ തനതായ പൗരസ്ത്യപാരമ്പര്യങ്ങൾ വീണ്ടെടുക്കുന്നതിലും സഭാത്മകാധ്യാത്മികത വളർത്തുന്നതിലും മാർ ജോസഫ് പവ്വത്തിൽ നൽകിയ സംഭാവനകൾ അതുല്യമാണെന്ന് കർദിനാൾ അഭിപ്രായപ്പെട്ടു. സഭയെക്കുറിച്ചുമാത്രം ചിന്തിക്കാനും സഭയുടെ ആരാധനയിൽമാത്രം ശ്രദ്ധിക്കാനും 24 മണിക്കൂറും സമയം ചെലവഴിച്ചാണ് മാർ ജോസഫ് പവ്വത്തിൽ സഭയിൽ പ്രശോഭിച്ചത്. ഒന്നിച്ചു ചിന്തിച്ച് കൂട്ടായി വളർന്ന് സഭയുടെ വ്യക്തിത്വം കൂടുതൽ പ്രശോഭിതമാക്കുന്ന ചിന്താഗതി സഭാമക്കൾക്കുണ്ടാകണമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി കൂട്ടിച്ചേർത്തു.

പൗരസ്ത്യ ആരാധനക്രമദൈവശാസ്ത്രം, ആരാധനക്രമകല, ആരാധനക്രമസംഗീതം തുടങ്ങിയ തലങ്ങളിൽ നൽകിയ സംഭാവനകൾ മാനിച്ചാണ് മാർ ജോസഫ് പവ്വത്തിലിനെ അവാർഡിനായി പരിഗണിച്ചത്. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യപ്രഭാഷണം നടത്തി. കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോസഫ് പവ്വത്തിലിനെ പൊന്നാടയണിയിച്ചു.

ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി, ഷംഷാബാദ് നിയുക്ത സഹായമെത്രാൻ മാർ തോമസ് പാടിയത്ത്, ആരാധനക്രമ കമ്മീഷൻ സെക്രട്ടറി ഫാ. ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, ആരാധനക്രമപണ്ഡിതൻ ഫാ. ഡോ. തോമസ് മണ്ണൂരാംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.




*11-ാം പേജ് തുടർച്ച*

ഫാദർ മധുരേന്ദ്രർ ആദ്യമൊന്നു ഭയപ്പെടാതിരുന്നില്ല. രാജകല്പനപ്രകാരം തടവുശിക്ഷയനുഭവിക്കുന്ന ആളാണ് ദേവസഹായം. അപ്പോൾ അധികാരികളുടെ അനുമതിയില്ലാതെ എങ്ങനെ കുമ്പസാരവും കുർബാനയും കൊടുക്കും...?

പക്ഷേ, അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചതിനാണല്ലോ ഈ ശിക്ഷകളത്രയും. അപ്പോൾ അധികാരികളിൽനിന്ന് അനുവാദം കിട്ടുമെന്നു പ്രതീക്ഷിക്കേണ്ടതുമില്ല.

എന്താണു ചെയ്യേണ്ടതെന്ന് അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നില്ല. പക്ഷേ, ഒരു ക്രിസ്ത്യാനി കുമ്പസാരവും കുർബാനയുമാവശ്യപ്പെട്ടാൽ അതു കൊടുക്കാതിരിക്കുന്നത് പൗരോഹിത്യധർമമല്ല. കുമ്പസാരം അനുതാപത്തിന്റെ വഴിയാണ്. കുർബാന ക്രിസ്തുവിലേക്കുള്ളതും.

ബഹുമാനപ്പെട്ട പരംജ്യോതിനാഥസ്വാമികൾക്കുശേഷം വടക്കുംകുളം ദേവാലയത്തിലേക്കു നിയോഗിക്കപ്പെട്ട വൈദികനാണ് മധുരേന്ദ്രസ്വാമികൾ. വിശ്വാസതീക്ഷ്ണതയും ജീവിതവിശുദ്ധിയും പ്രാർത്ഥനയും കൈമുതലായ ശ്രേഷ്ഠവൈദികൻ.

മധുരേന്ദ്രസ്വാമികൾ ദേവസഹായത്തെ കണ്ടിട്ടില്ല. കേട്ടിട്ടേയുള്ളൂ. അത് ഒരു വട്ടമല്ല. പലവട്ടം. അതും അമ്പരപ്പിക്കുന്ന കഥകൾ. നേരിൽ കാണണമെന്ന് പലപ്പോഴും ആഗ്രഹിച്ചിരുന്നുതാനും. അതിനുള്ള അവസരംകൂടിയാണ് സംജാതമായിരിക്കുന്നത്.

ഒരുപക്ഷേ, ദൈവനിയോഗമായിരിക്കും. വിശുദ്ധനായിത്തീരാനുള്ള പുണ്യാത്മാവാണ് തന്നോട് കുമ്പസാരമാവശ്യപ്പെട്ടിരിക്കുന്നത്.

മധുരേന്ദ്രസ്വാമികൾ തയ്യാറായി. എന്തും സംഭവിക്കട്ടെ. രാജഭേദ്യമോ തടവോ എന്തുമാകട്ടെ. ദേവസഹായത്തിന്റെ അഭീഷ്ടം നിറവേറ്റുകതന്നെ.

ശെൽവനോടൊപ്പം അദ്ദേഹം പെരുവിളയ്ക്കു പുറപ്പെട്ടു. അവിടെയെത്തിയപ്പോഴേക്കും ഇരുട്ടുവീണിരുന്നു. ദേവസഹായത്തെ പാർപ്പിച്ചിരുന്ന ഓലപ്പുരയും പരിസരവും ഇരുട്ടിന്റെ കരിമ്പടം പുതച്ചു കിടക്കുന്നു. മുന്നിരുട്ടുള്ള രാത്രിയാണ്. പരിസരം ഒട്ടൊക്കെത്തന്നെ വിജനം. കാവൽക്കാരാരും സമീപത്തില്ല.

ശെൽവൻ ആരാച്ചാരുടെ വീട്ടിൽനിന്നു സംഘടിപ്പിച്ച വിളക്കുവെട്ടത്തിൽ മധുരേന്ദ്രസ്വാമികൾ ദേവസഹായത്തെ കണ്ടു. അദ്ദേഹം ഒന്നുലയാതിരുന്നില്ല. ദേഹമാസകലം വാടിത്തുടങ്ങിയ മുറിവുകളുമായി ഒരാൾ. കൈകളിലും കാലുകളിലും വിലങ്ങുകൾ. പക്ഷേ, ആ കണ്ണുകളിൽ രണ്ടു നക്ഷത്രങ്ങൾ ജ്വലിക്കുന്നത് മധുരേന്ദ്രസ്വാമികൾ കണ്ടു.

"ബഹുമാനപ്പെട്ട വൈദികശ്രേഷ്ഠാ, അങ്ങേക്കു സ്തുതിയായിരിക്കട്ടെ." ദേവസഹായം പറഞ്ഞു.

"തിരിച്ചും അങ്ങനെതന്നെയായിരിക്കട്ടെ." മധുരേന്ദ്രസ്വാമികൾ പ്രതിവചിച്ചു.

ശേഷം മധുരേന്ദ്രസ്വാമികൾ ദേവസഹായത്തിനു പാപസങ്കീർത്തനം നല്കി. ദിവ്യകാരുണ്യം കൊടുത്ത് ആശീർവദിച്ചനുഗ്രഹിച്ചു.

(തുടരും)

## സാന്ത്വനം

# ഞങ്ങൾക്കു സമയമില്ല



**സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം**

അധ്യാപകദമ്പതികളാണ് അരുണും അനഘയും. ഇവർക്കു പത്തിലും ആറിലും പഠിക്കുന്ന രണ്ടു കുട്ടികൾ. പത്തിൽ പഠിക്കുന്ന കുട്ടിയുടെ പരാതി ഇതാണ്: ''മിക്കവാറും വീട്ടിൽ വഴക്കാണ്. അതുകൊണ്ട് പഠിക്കാനിരിക്കുമ്പോൾ ഒരു മനസ്സമാധാനവും ഇല്ല."

വിഷയത്തിലേക്കു കടന്നപ്പോൾ കുട്ടിയുടെ അമ്മ അനഘ സങ്കടത്തോടും ദേഷ്യത്തോടുംകൂടി പറഞ്ഞു: "അരുൺ ഒരു സഹായവും വീട്ടിൽ ചെയ്യില്ല. ഒരേ സമയം അല്ലെങ്കിൽ സ്പെഷ്യൽ ക്ലാസുള്ളപ്പോൾ അരുണിനെക്കാൾ താമസിച്ചു വരുന്ന ഞാൻ വേണം കുട്ടികൾക്കു ചായയിൽനിന്നു തുടങ്ങാൻ. ഇതാണ് മിക്കവാറും വീട്ടിൽ വഴക്കിനു കാരണം. എന്നെങ്കിലും ഒരു സഹായം ചോദിച്ചാൽ ഞാൻ ഇന്നുവരെ ഇങ്ങനെയൊന്നും ചെയ്തിട്ടില്ല എന്നാണു മറുപടി."



ചെയ്തിട്ടില്ലെങ്കിൽ ചെയ്തുതുടങ്ങ് എന്ന അനഘയുടെ പ്രസ്താവനയോടെ വഴക്ക് ആരംഭിക്കും. എന്തു ബഹളമുണ്ടായാലും ഉണ്ടാക്കിവയ്ക്കുന്ന ചായ അടുക്കളയിൽനിന്നെടുത്തു കുടിക്കാനുള്ള സന്മനസ്സുപോലും അരുൺ കാണിക്കാറില്ല.

നമ്മുടെ കുടുംബങ്ങളിൽ ഇത്തരം വഴക്കുകൾ കുറവല്ല. 'ഞാൻ ഒന്നും അറിഞ്ഞില്ല രാമനാരായണാ' എന്നു നടിച്ചിരിക്കുന്ന പുരുഷന്മാരെ, സ്ത്രീകൾ ബഹുമാനിക്കണമെന്നില്ല. കാരണം, കുടുംബത്തിന്റെ സാമ്പത്തികഭദ്രതയ്ക്കുവേണ്ടി പുരുഷനെപ്പോലെതന്നെ സ്ത്രീയും കഷ്ടപ്പെടുന്നു. വീട്ടുജോലികളിൽ ഭർത്താവിന്റെ സഹകരണം കിട്ടാതെവരുമ്പോൾ സ്ത്രീകൾ പ്രതികരിച്ചുപോകും. ഈ സഹകരണക്കുറവും അതേച്ചൊല്ലിയുള്ള നെഗറ്റീവുപ്രതികരണവും തുടർച്ചയായ വഴക്കിനിടയാക്കുന്നു. ദമ്പതിമാർ തമ്മിൽ ശാരീരികവും മാനസികവുമായ അകൽച്ചയും രൂപപ്പെടുന്നു. ഇതിനിടയിൽ വീർപ്പുമുട്ടുകയും പ്രയാസപ്പെടുകയും ചെയ്യുന്ന കുഞ്ഞുങ്ങൾ. ഈ കുഞ്ഞുങ്ങളുടെ മനസ്സുകളിൽ ആവശ്യമില്ലാത്ത പേടിപ്പെടുത്തുന്ന ചിന്തകളും ടെൻഷനും രൂപപ്പെടും. അതുകൊണ്ടു നന്നായി പഠിക്കാനും, ശ്രദ്ധിക്കാനും പറ്റാത്ത അവസ്ഥ! കുട്ടികളിലുണ്ടാകുന്ന മറവിയുടെ ഒരു പരിധിവരെയുള്ള കാരണം, മാതാപിതാക്കളുടെ കലഹമാണെന്നു പറയാം. കുട്ടി പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഉണ്ടാകുന്ന വഴക്കുകൾ അവരുടെ ശ്രദ്ധയെ വികലമാക്കുന്നു.

മാതാപിതാക്കൾ പരസ്പരം മനസ്സിലാക്കി പ്രവർത്തിക്കുകയും കുടുംബസമാധാനം നിലനിർത്തുകയും ചെയ്യേണ്ടത് കുട്ടികളുടെ പഠനത്തിനും സ്വഭാവരൂപവത്കരണത്തിനും ഏറെ ആവശ്യമാണ്. ഉദ്യോഗസ്ഥരായ ദമ്പതികൾ വീട്ടിലെ ജോലികൾ പരസ്പരസഹകരണത്തോടെ ചെയ്യാൻ ശ്രദ്ധിക്കണം. ജോലി ചെയ്തു ക്ഷീണിച്ചുവരുന്ന സ്ത്രീ, തനിയെ വീട്ടുജോലികളും കുട്ടികളുടെ പരിപാലനവും മറ്റും ചെയ്യണമെന്ന അവസ്ഥ നമ്മുടെ സംസ്കാരത്തിൽ മാത്രമേ കാണൂ. വിദേശരാജ്യങ്ങളിൽ സ്ത്രീപുരുഷഭേദമില്ലാതെ എല്ലാ ജോലികളും രണ്ടുകൂട്ടരും ഒന്നിച്ചു ചെയ്യുന്നതുകൊണ്ട് കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കാനും, മറ്റു വിനോദങ്ങൾക്കും ഒരുമിച്ചുള്ള ഷോപ്പിങ്ങിനും അവർക്കു സമയം കിട്ടുന്നു.

നമ്മുടെ കൊച്ചുകേരളത്തിൽ സ്ത്രീകൾക്ക് അടുക്കളജോലി തീർന്നിട്ട് കുട്ടികളുടെ കാര്യം നേരാംവണ്ണം നോക്കാനോ ഒരുമിച്ചൊന്നു പുറത്തുപോകാനോ സമയമില്ല. കുടുംബനാഥൻ ജോലികഴിഞ്ഞു വന്ന് ടിവിയുടെ മുമ്പിലോ മൊബൈൽ ചാറ്റിങ്ങിലോ, ഇനി ഒന്നുമില്ലെങ്കിൽ നാളെ എന്തോ എക്സാം ഉള്ളതുപോലെ ന്യൂസ്പേപ്പർ മുഴുവൻ വായിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നു. വാഷിങ് മെഷീനിൽ കിടക്കുന്ന തുണിയൊന്ന് എടുത്തിട്ടാൽ 'നാട്ടുകാർ കണ്ടാലോ' എന്ന പേടിയാണ് ഉദ്യോഗസ്ഥരായ പല ഭർത്താക്കന്മാർക്കും. എന്നാൽ, ഇതുപോലുള്ള കൊച്ചുകൊച്ചു കാര്യങ്ങളിൽ ഭാര്യയെ ഒന്ന് സഹായിച്ചുകൊടുക്കുന്നത് കുടുംബത്തിന്റെ മാനസികവും സൗഹൃദപരവുമായ ആരോഗ്യത്തിനു സഹായകരമാണ്. ജീവിതത്തിൽ നാം കാണിക്കുന്ന നല്ല മാതൃകകളാണ് എന്നും നമ്മുടെ പ്രിയപ്പെട്ടവർ ഓർത്തിരിക്കുക. അമ്മയെ സഹായിക്കുന്ന, സ്നേഹിക്കുന്ന, എന്നും അമ്മയെ സപ്പോർട്ട് ചെയ്യുന്ന അപ്പനോടാണ് മക്കൾക്കു കൂടുതൽ ഇഷ്ടം. ഇല്ലെങ്കിൽ, അവർ കാര്യസാധ്യത്തിനായി നിങ്ങളെ മുതലെടുക്കുകയും കൺവെട്ടത്തുനിന്നു മാറിക്കഴിയുമ്പോൾ ബഹുമാനമില്ലാത്തവരായി മാറുകയും ചെയ്യും. എപ്പോഴും ശണ്ഠകൂടുന്ന മാതാപിതാക്കളുടെ മക്കൾ, ഹൈപ്പർ ആക്ടീവും, മറ്റുള്ളവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ മടിയുള്ളവരും, ഏതു സാഹചര്യത്തെയും പേടിക്കുന്നവരും, നുണ പറയുന്ന ശീലം വളർത്തിയെടുക്കുന്നവരും ഒക്കെയാവാം. അതിനാൽ, മാതാപിതാക്കൾ സ്വന്തം കുടുംബത്തിന്റെ സുസ്ഥിതിക്കുവേണ്ടി പരസ്പരം സഹകരിച്ച്, ജോലികൾ വേഗം തീർത്ത് കുട്ടികളുടെകൂടെ ആയിരിക്കാൻ പരിശ്രമിക്കണം. മാതാപിതാക്കളുടെ പരസ്പരമുള്ള സ്നേഹവും സഹകരണവും മക്കൾക്കു മറ്റുള്ളവരെ സ്നേഹിക്കാനും അവരോടു സഹകരിക്കാനും പ്രേരണയും മാതൃകയും നൽകും. കുഞ്ഞുങ്ങൾ ആദ്യം കണ്ടുപഠിക്കുന്നത് അവരുടെ മാതാപിതാക്കളുടെ ജീവിതമാണെന്ന കാര്യം മറക്കാതിരിക്കാം. 'യഥാ പിതാ തഥാ പുത്രാ' എന്നൊക്കെയുള്ള സൂക്തങ്ങൾ ഇതൊക്കെത്തന്നെയല്ലേ നമ്മെ പഠിപ്പിക്കുക. ■

# മാറ്റങ്ങളുടെ മലയാളസിനിമകൾ



വീയെൻ

**കൊ**വിഡ്കാലം മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും പുതുതായി നിർവചിച്ചിട്ടുണ്ട്. അതുവരെ പരിചയിച്ചിട്ടില്ലാത്ത പല ശീലങ്ങളിലേക്കും കൊവിഡ്കാലത്ത് ലോകം ഒന്നാകെയാണ് വഴുതിവീണത്. ആ പുതിയ വഴക്കം നമ്മെ വിട്ടു പോയിട്ടില്ല.

കൊവിഡ് കാലം ഏല്പിച്ച മാറ്റത്തിന് സിനിമകളും വിധേയമായി. തീയറ്ററുകൾ അടഞ്ഞു കിടന്നതും സാമൂഹികാകലവും ആൾക്കൂട്ടങ്ങളുടെ ഒഴിവാക്കലുമെല്ലാം ചേർന്നപ്പോൾ പുതിയ വിപണന സാധ്യതകളിലേക്കു സിനിമാവ്യവസായം ചേക്കേറുകയായിരുന്നു. തീയറ്ററുകളിലേക്കെത്താതെ പുതിയ സിനിമകൾ കണ്ടാസ്വദിക്കാനാണ് ഈ സാധ്യതകൾ പ്രേക്ഷകനു വഴിയൊരുക്കിയത്. ഒ.ടി.ടി. എന്ന നവമാധ്യമം അങ്ങനെയാണ് നമുക്കു പ്രിയപ്പെട്ടതായത്.




തീയറ്ററുകൾ വീണ്ടും പഴയതുപോലെയായിട്ടും ഒടിടിയോടുള്ള ആഭിമുഖ്യം നമ്മെ വിട്ടുപോയിട്ടില്ല. അങ്ങനെ ഒടിടിയും തീയറ്ററും സമാന്തരമായി പ്രേക്ഷകരെ ഇന്നു കീഴടക്കിക്കൊണ്ടിരുന്നു. തീയറ്ററുകൾ ലക്ഷ്യമിട്ടും ഒടിടി പ്രേക്ഷകർക്കുവേണ്ടി മാത്രമായും രണ്ടു രീതിയിലുള്ള സിനിമകളാണ് പുറത്തിറങ്ങുന്നതെന്നു നിരീക്ഷിച്ചാൽ മനസ്സിലാവും. വരാനുള്ള സിനിമകളുടെ കാലം അത്തരത്തിലുള്ളതാണെന്നാണ് ചില പ്രവചനങ്ങളും.

മാസ് രീതിയിൽ കണ്ടാസ്വദിക്കാൻ കഴിയുന്ന സിനിമകൾക്കായി തീയറ്ററുകളും അത്രയധികം ആട്ടവും ബഹളവുമില്ലാത്ത സ്വച്ഛമായ സിനിമകൾക്കായി ഒടിടിയും. കടുവ, പാപ്പൻ, ഭീഷ്മപർവം, കെ.ജി.എഫ്., മാസ്റ്റർ പോലെയുള്ള സിനിമകൾക്കായി തീയറ്ററും സീ യു സൂൺ, തിങ്കളാഴ്ച നിശ്ചയം, ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ പോലെയുള്ള സിനിമകൾക്കായി ഒടിടിയും അണിയറയിൽ ഒരുങ്ങുന്നുവെന്നും ഇനിയുള്ള മലയാളസിനിമകൾ അത്തരമൊരു കാലത്തിലേക്ക് ഇരട്ടവഴി വെട്ടിയായിരിക്കും പ്രവേശിക്കുകയെന്നുമാണു സൂചനകൾ ലഭിക്കുന്നത്.

തീയറ്ററിൽ വിജയം വരിക്കാത്ത സിനിമകൾ ഒടിടിയിൽ ശ്രദ്ധേയമായതിനും (ഡിയർ ഫ്രണ്ട്) തീയറ്ററിലോ ഒടിടിയിലോ അനക്കം സൃഷ്ടിക്കാതെ പോയതിനും (മലയൻകുഞ്ഞ്, മേരി ആവാസ് സുനോ, ജോൺലൂഥർ, ഹെവൻ) ഈ കാലം സാക്ഷ്യം വഹിച്ചിട്ടുണ്ട് എന്നും പറയാതെവയ്യ. അപ്പോൾ താരങ്ങളോ സാങ്കേതികതയോ അല്ല സിനിമ എങ്ങനെ കൈകാര്യംചെയ്യപ്പെടുന്നുവെന്നതാണു മുഖ്യം. ഏതു സിനിമയുടെയും വിധികർത്താവ് പ്രേക്ഷകനാണ്. അവന്റെ ഇഷ്ടങ്ങളാണ് സിനിമയുടെ ജാതകം എഴുതുന്നത്.

സിനിമകളോടുള്ള പുതിയ ഭ്രമം സിനിമയുടെ ഉള്ളടക്കത്തിലും പ്രകടമായ മാറ്റം വരുത്തിയിട്ടുണ്ട് എന്നു വിശദീകരിക്കാനാണ് ഇത്രയും നീണ്ട ഒരു മുഖവുര പറഞ്ഞത്. സാങ്കേതികതയിൽ മാത്രമല്ല പ്രതിപാദനത്തിലും അവതരണത്തിലും പുതിയകാലത്തെ സിനിമകൾ ഒരുപാടു മാറിക്കഴിഞ്ഞു.

ആദിമധ്യാന്തങ്ങളുള്ള ഒരു ഇതിവൃത്തത്തിന്റെ ചുവടുപിടിച്ചായിരുന്നു തുടക്കംമുതൽ അടുത്തകാലം വരെ മലയാളസിനിമകൾ പുറത്തിറങ്ങിയിരുന്നത്. വ്യക്തമായ കഥാപരിസരവും കഥാഗതികളും ആകാംക്ഷയും അതിനനുസൃതമായ ക്ലൈമാക്സും അവയുടെ പൊതുസ്വഭാവമായിരുന്നു. ജീവിതത്തോടു ചേർന്നുനില്ക്കുന്നവയായിരുന്നു അവയിലേറിയവയും. ലോഹിതദാസിന്റെയും മറ്റും സിനിമകളുടെ കാര്യം ഇക്കൂട്ടത്തിൽ പ്രത്യേകം പരാമർശിക്കേണ്ടവയാണ്.

എന്നാൽ, പുതുകാലത്തെ സിനിമകൾ തകിടം മറിക്കുന്നത് കഥയെത്തന്നെയാണ്. സിനിമ കാണാൻ കഥ ആവശ്യമില്ലെന്നും പ്രേക്ഷകരെ ത്രസിപ്പിക്കുക മാത്രം ചെയ്താൽ മതിയെന്നുമാണ് അവരുടെ വാദം. ഇക്കാര്യം അവർ വിജയപ്രദമായി സ്ഥാപിച്ചെടുത്തിട്ടുമുണ്ട്. കൊവിഡിനു മുമ്പുതന്നെ ഇത്തരമൊരു പ്രകടമായ മാറ്റം സിനിമകളിൽ പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിലും കൊവിഡ്കാലവും കൊവിഡനന്തരകാലവും ഈ ചിന്താഗതിയെ അരക്കിട്ടുറപ്പിക്കുന്നുണ്ട്.

കൊവിഡിനുമുമ്പുള്ള ഈ മാറ്റത്തിനു നാന്ദികുറിച്ചതിൽ പ്രധാനപ്പെട്ടതാണ് ലിജോ ജോസ് പെല്ലിശ്ശേരിയുടെ ജെല്ലിക്കെട്ട്. എംടിയുടെയും പത്മരാജന്റെയും ലോഹിതദാസിന്റെയും ഇങ്ങേയറ്റം ഡെന്നീസ് ജോസഫ്, കലൂർ ഡെന്നീസ് വരെയുള്ളവരുടെയും സിനിമകൾ കണ്ടാസ്വദിച്ചിരുന്ന ഒരു തലമുറയ്ക്കു യോജിച്ചുപോകാൻ പറ്റാത്തവിധത്തിലുള്ള ആഖ്യാനഘടനയായിരുന്നു ജെല്ലിക്കെട്ടിന്റേത്. ഒരു പോത്തിന്റെ പിറകെയുള്ള ഓട്ടം കണ്ട് ചുവപ്പു കണ്ട കാളയെപ്പോലെ വിറളിപിടിച്ചിരിക്കുകയായിരുന്നു തീയറ്ററിൽ സാധാരണ പ്രേക്ഷകർ. എന്നാൽ, അങ്ങനെയൊരു തുറന്നുസമ്മതിക്കലിനു ഭൂരിപക്ഷം പ്രേക്ഷകരും തയ്യാറായതുമില്ല എന്നതാണു ശ്രദ്ധേയം.

കാരണം, ആമേൻ സിനിമ സൃഷ്ടിച്ചെടുത്ത ലിജോയുടെ ലോകത്തിന്റെ പ്രത്യേകതകൾകൊണ്ടു മാജിക്കൽ റിയലിസം എന്നെല്ലാം ഉച്ചൈസ്തരം പറഞ്ഞ് ആ സിനിമയുടെ പ്രബുദ്ധപ്രേക്ഷകനാകാനാണ് അവർ തയ്യാറായത്. അതിനു പകരം, സിനിമ കണ്ടു ബോറടിച്ച് ഇതൊന്നും മനസ്സിലായില്ല എന്നു പറഞ്ഞാൽ തങ്ങൾ പിന്തിരിപ്പന്മാരാകുമോയെന്ന് അവർ ഉള്ളിൽ ഭയക്കുകയും ചെയ്തു. ജെല്ലിക്കെട്ടിന്റെ അവസാനമെന്താണെന്നു സാമാന്യബുദ്ധിക്കു വിശദീകരിച്ചുനല്കാൻ പറഞ്ഞാൽ ഉഗ്രൻ എന്നു കൈയടിച്ചവർപോലും പപ്പപ്പ വയ്ക്കും.

കൊവിഡിനുശേഷം പുറത്തുവന്ന അജഗജാന്തരവും ഇപ്പോൾ തീയറ്ററിൽ നിറഞ്ഞോടുന്ന തല്ലുമാലയും വ്യത്യസ്തമൊന്നുമല്ല. കല്യാണവീട്ടിലെയും ഉത്സവപ്പറമ്പിലെയും തല്ലും അടിയും മാത്രമായിട്ടാണ് ഈ സിനിമകൾ പോകുന്നത്. കൃത്യമായ കഥയോ ആഗ്രഹിക്കുന്നതുപോലെയുള്ള അന്ത്യമോ ഇല്ലാതിരുന്നിട്ടും ഈ സിനിമകൾ ഇന്നത്തെ യുവജനങ്ങൾക്ക് ഏറെ ഇഷ്ടമാകുന്നുണ്ട്. കാരണം, പുതുതലമുറ സിനിമയിൽ നിന്നാവശ്യപ്പെടുന്നത് കഥയല്ല, കെട്ടുകാഴ്ചകളാണ്. കഥയില്ലായ്മകൾകൊണ്ടും കഥ പറയാം എന്നു തെളിയിക്കുന്ന ഈ സിനിമകൾക്കാണ് അവർ കൈയടിക്കുന്നത്. തല്ലും അടിയും പിടിയുമാണ് അവരുടെ കാഴ്ചയുടെ വിനോദങ്ങൾ.

ഇങ്ങനെയൊരു പ്രവണത നിലനില്ക്കുമ്പോൾ തന്നെ കഥയില്ലായ്മയായിരുന്നിട്ടും വലിയ ചില അദ്ഭുതങ്ങൾ കാണിച്ച ചില കൊച്ചുസിനിമകളും ഉണ്ടായിട്ടുണ്ട്. സൂപ്പർ ശരണ്യയും ജോആൻഡ് ജോയും പോലെയുള്ള സിനിമകളെയാണ് ഇക്കൂട്ടത്തിൽ ഉദാഹരിക്കാവുന്നത്. അടുത്തയിടെ വാണിജ്യവിജയം വരിച്ച ചുരുക്കം ചില സിനിമകളുടെ പട്ടികയിൽക്കൂടി ഇവ പെടുന്നുണ്ട്. 80 കളിലെയോ 90 കളിലെയോ സിനിമകളുടേതുപോലെയുള്ള കഥയും മറ്റും ഈ സിനിമകൾക്കുമില്ല.

ഒരു മിനിക്കഥയെന്നു പറയാവുന്നവിധത്തിലുള്ള കഥാഘടന. പക്ഷേ, അതിനെ പുതിയ രീതിയിൽ പറയാൻ സാധിച്ചുവെന്നും ആ പുതുമ പ്രേക്ഷകനു രുചിച്ചുവെന്നതുമാണു ശ്രദ്ധേയം. മാത്രവുമല്ല, സിനിമ വിജയിക്കണമെങ്കിൽ സൂപ്പർ താരം വേണം, സംഘട്ടനം വേണം, ഗ്ലാമർവേണം എന്നൊക്കെയുള്ള മുട്ടാപ്പോക്കു നയങ്ങളെയാണ് ഈ ചിത്രങ്ങൾ തട്ടിയിട്ടത്.

ഗാനരംഗങ്ങൾ ചിത്രീകരിക്കാൻ വിദേശത്തേക്കു പോയിരുന്ന കൊവിഡിനു തൊട്ടുമുമ്പത്തെ സിനിമാവഴക്കത്തെയും പുതിയ സിനിമകൾ സൗമ്യമായി മറികടക്കുന്നുണ്ട്. വീടും ചുറ്റുവട്ടവും വഴിയുമൊക്കെയായാലും ആകർഷകമായ രീതിയിൽ സിനിമയെടുത്താൽ അത് തങ്ങൾ കണ്ടോളാം എന്ന മട്ടിൽ പ്രേക്ഷകർ വിശാലഹൃദയരുമായി. ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ, സീയു സൂൺ, ജോ ആൻഡ് ജോ, മലയൻകുഞ്ഞ്, എന്തിന് മോഹൻലാലിന്റെ ട്വൽത്ത്മാൻ വരെയുള്ള സിനിമകളെല്ലാം ഒരൊറ്റ ലൊക്കേഷൻ കേന്ദ്രീകരിച്ചവയായിരുന്നു. കണ്ണിനു കുളിർമ നല്കുന്ന പരിസരങ്ങളൊന്നും ഇല്ലാതിരുന്നിട്ടും സിനിമ ആവശ്യപ്പെടുന്ന വിധത്തിലുള്ള അന്തരീക്ഷത്തിന് അനുയോജ്യമായി കഥ പറഞ്ഞാൽ മതിയെന്നായി പ്രേക്ഷകർ.

ഇതിനൊക്കെ പുറമേ, സിനിമ കുറേക്കൂടി സമീപസ്ഥമായി എന്നതാണു മറ്റൊരു പ്രത്യേകത. കഥാപാത്രത്തിന് അനുയോജ്യമായാൽ മതി താരങ്ങൾ വേണ്ട എന്ന രീതിയിലേക്കു സിനിമ മാറി. തിങ്കളാഴ്ച നിശ്ചയം എന്ന സിനിമയിൽ, പ്രേക്ഷകർ അതുവരെ കണ്ടിട്ടുള്ള ഒരൊറ്റത്താരം പോലുമുണ്ടായിരുന്നില്ല. ന്നാ താൻ കേസ് കൊട് എന്ന ചിത്രത്തിലാവട്ടെ ഒന്നോ രണ്ടോ പരിചിതമുഖങ്ങളൊഴിച്ചാൽ എല്ലാവരും പുതുമുഖങ്ങളാണ്. എന്നാൽ, എത്ര പെട്ടെന്നാണ് അവരെയെല്ലാം പ്രേക്ഷകർ ഏറ്റെടുത്തത്. സിനിമ പിടിക്കാൻ മദിരാശിയിലേക്കു വണ്ടികയറിയിരുന്ന കാലത്തുനിന്ന് സിനിമ എറണാകുളത്തേക്കു പറിച്ചു നട്ടതും അവസരം തേടി സംവിധായകരുടെ വീടുകളിൽ എത്തിയിരുന്ന രീതിയിൽനിന്ന് കാസ്റ്റിങ് കോൾവഴി അവസരം ലഭിക്കുന്നതും ഇത്തരമൊരു മാറ്റത്തോടു ചേർത്തുവേണം വായിക്കേണ്ടത്. തീയറ്ററും താരങ്ങളും ഇല്ലെങ്കിലും പണമുണ്ടെങ്കിൽ സിനിമയെടുക്കാമെന്ന അവസ്ഥയും വന്നിട്ടുണ്ട്. ഒടിടി നല്കിയ വലിയ സംഭാവനയും അതുതന്നെയാണ്.

ചുരുക്കത്തിൽ, മാറ്റത്തിന്റെ വഴിയിലൂടെയാണ് ലോകം. കൊവിഡിനുമുമ്പ് / പിമ്പ് എന്ന രീതിയിൽ ലോകം പുതുതായി നിർവചിക്കപ്പെട്ടു. ആ മാറ്റത്തിനു മലയാളസിനിമയും വിധേയമായി. പ്രേക്ഷകരുടെ ആസ്വാദകനിലവാരത്തിലും പ്രകടമായ മാറ്റമുണ്ടായി. പുതിയ ഭാവുകത്വമുള്ള സിനിമകൾ പ്രത്യക്ഷപ്പെട്ടു.

പക്ഷേ, മലവെള്ളപ്പാച്ചിലിൽ ഒഴുകിവരുന്ന മരങ്ങളും മറ്റു വിലപ്പിടിപ്പുള്ള വസ്തുക്കളുംപോലെ പെട്ടെന്നു വന്ന് ഒഴുകിപ്പോകുന്ന ട്രെൻഡു മാത്രമായി കഥയില്ലായ്മയുടെ സിനിമകൾ അവസാനിക്കുമെന്നേ കരുതാനാവൂ. കാരണം, കാലത്തെ അതിജീവിച്ചുനില്ക്കുന്ന സിനിമകളുടെ എണ്ണം നോക്കിയാൽ അതിൽ ഉണ്ടായിരുന്നത് ഗിമ്മിക്കുകളായിരുന്നില്ല ജീവിതവും മനുഷ്യനുമായിരുന്നു. അതുകൊണ്ട്, മനുഷ്യന്റെ കഥയും ജീവിതവും വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കപ്പെടുന്ന പുതിയ കാലത്തെ സിനിമകൾ വരട്ടെ. തീയറ്ററുകൾ ഇല്ലാതായാലും ഉണ്ടെങ്കിലും സിനിമയെന്നും ഇവിടെയുണ്ടാവും. എന്നാൽ, ആ സിനിമകൾ മനുഷ്യരോടു സംവദിക്കുന്നതായിരിക്കണമെന്നുമാത്രം. ■

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം, കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,

Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ

ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ





60 Years Trust

KTS PRODUCTS

SINCE 1995

# Tastit™

ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com

E-mail: kunneloilmills@gmail.com

Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം



# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും.

LITHOS PAVING TILES

ISO 9001:2015





Royal Industries

Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008

Deepanalam Weekly
RNI No : 16998/68
Vol. 55 No. 28 Date of Publication 15 Sept 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

Philomina's®
Home Made Food Specialities
Since 1998
Opposite Head Post Office, St. Thomas Mall
PALA
Phone: 04822 469469, 9946767696
www.philominasfoods.com info@philominasfoods.in
100% Natural
Farm Fresh Milled Products
Preservatives Essence Colour Acids 0%
Muvattupuzha | Kakkanad | Panampilly Nagar
Thodupuzha | Perumbavoor | Aluva | Paravoor

Rice & Wheat Products • Curry Powders
Chutney Powders • Baby Foods
Dried Items • Brine Items
Tea & Coffee Powders • Pickles
Healthy Flakes • Healthy Millets
Dry Fruits • Snacks
Spices • Honey etc..


ADMISSION 2022 - 2023
PARAMEDICAL COURSES
B.Sc. ANAESTHESIA
B.Sc. DIALYSIS
B.Sc. MLT

B.Sc. OPERATION THEATRE TECHNOLOGY (B.Sc. OTT)
B.Sc. RADIOGRAPHY
B.Sc. CARDIOVASCULAR TECHNOLOGY
+2 PASS IN ANY GROUP
DMLT- 2 years
DRIT - 2 years
DOTT- 2 years
DNT - 2 years
D.ANAESTHESIA -2 years
D.DIALYSIS-2 years
KERALA'S NO. 1 PARAMEDICAL TRAINING COLLEGE
യു.ജി.സി. അംഗീകൃത യൂണിവേഴ്സിറ്റിയുടെ 3 വർഷ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്ക് ഏതാനും സീറ്റുകൾകൂടി ലഭ്യമാണ്. പ്രമുഖ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളിൽ ഓരോ വർഷവും 2 മാസം വീതം പ്രാക്ടിക്കൽ സൗകര്യം ലഭ്യമാണ്. സംവത്സരങ്ങളുടെ പ്രവർത്തനപാരമ്പര്യമുള്ള, കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന, കേരളത്തിൽനിന്ന് ഏറ്റവും കൂടുതൽ കുട്ടികൾക്കു വിദേശജോലി നേടിക്കൊടുത്ത സ്ഥാപനം. താത്പര്യമുള്ളവർ ഉടൻ നേരിൽ ബന്ധപ്പെടുക.
SSLC PASSED / +2 FAILED
BHARAT
EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE, NEW CAMPUS - ANDOOR (PALA-VAIKOM ROUTE), PALA, KOTTAYAM,
Phone: 04822 214234, 9447507858, 9446900866

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com